VOL NO: 04 I ISSUE 18
www.nerpatham.com
mail@nerpatham.com
2021 APRIL 23 I ₹12

# നേർപഥം

വാരിക

# രാവിന്റെ തോളിൽ പ്രാർഥനാപൂർവം

ജീവിതായോധനത്തിന്റെ തിരക്കുകളടങ്ങിയ പകലിനെ അപേക്ഷിച്ച് മനുഷ്യൻ സ്രഷ്ടാവിലേക്ക് കൂടുതൽ അടുക്കുന്ന സമയമാണ് രാവ്. രാവിന്റെ ഓരോ ഘട്ടവും അനുഗ്രഹപൂർണമാണ്. അത് റമദാനാകുമ്പോൾ പ്രത്യേകിച്ചും. രാത്രിയുടെ വ്യത്യസ്ത യാമങ്ങളിലൂടെ ആരാധനാനിമഗ്നനായി ഒരു യാത്ര.




- സുരക്ഷിത സമൂഹത്തിന്റെ ഇസ്‌ലാമിക പാഠങ്ങൾ

- മനംമാറ്റത്തിന്റെ മാസം
- ബദ്ർ നൽകുന്ന പാഠങ്ങൾ
- ഡോ. അബ്ദുറഹ്മാൻ സാഹിബ് വിടവാങ്ങി
- വെളിച്ചത്തിലേക്കു നയിക്കുന്ന വേദഗ്രന്ഥം

WISDOM students

Watch Classes at:

ഹൃദയം തുറക്കാം , ഖുർആൻ പഠിക്കാം

# 25ാമത് ക്വുർആൻ വിജ്ഞാന പരീക്ഷ

2021
ഏപ്രിൽ
30
വെള്ളി

8.30 am - 10.00 pm
IST

- സിലബസ് :
  സൂറ: അമ്പിയാഅ്, സൂറ: ഹജ്ജ്
  (മുഹമ്മദ് അമാനി മൗലവിയുടെ ഖുർആൻ പരിഭാഷ)

- സിലബസ് അനുസരിച്ചുള്ള പഠന ക്ലാസുകൾ എഡിഫിസ് ആപ്പിലും വിസ്ഡം ഗ്ലോബൽ ടി വി യൂട്യൂബ് ചാനലിലും ലഭ്യമാണ്

- വിജയികൾക്ക് ഒന്നര ലക്ഷം രൂപയുടെ ക്യാഷ് പ്രൈസ്

**Register now: qvp.wisdomislam.org**

edifice

wisdomstudents

CV Complex
PV Swami Road, Kozhikode
8156 81 2292

# 0223
# നേർപഥം
വാരിക

2021 ഏപ്രിൽ 23
1442 റമദാൻ 11
പുസ്തകം 05 / ലക്കം 18

Printed, published and owned by
K. Sajjad

Printed at Sprint Offset Printers
Kozhikode
Published at Kozhikode I 673002

Editor: Usman Palakkazhi
Chief Editor: Anil Primrose
Web Editor: Haseeb Elayur
Design, Cover & Layout:
Elan Creativo



Nerpatham Weekly I PB No: 597
EKP Complex I Kallai Road
Kozhikode 2 I Kerala I India
Ph: 0495 4019437

mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly





**10**
## രാവിന്റെ തോളിൽ പ്രാർഥനാപൂർവം
സുഫ്‌യാൻ അബ്ദുസ്സലാം

**05**
**മുഖമൊഴി**
വെളിച്ചത്തിലേക്കു നയിക്കുന്ന വേദഗ്രന്ഥം
എഡിറ്റർ

**06**
**വിവർത്തനം**
ആരാധനകൾക്കൊരു ആമുഖം
ശമീർ മദീനി

**16**
**ജാലകം**
മനംമാറ്റത്തിന്റെ മാസം
കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ

**18**
**ലേഖനം**
സുരക്ഷിത സമൂഹത്തിന്റെ ഇസ്‌ലാമിക പാഠങ്ങൾ
ഉസ്മാൻ പാലക്കാഴി

**23**
**ക്വുർആൻ ദർശനം**
അർറഹ്മാൻ (പരമകാരുണികൻ)
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

**26**
**ചരിത്രപഥം**
മുഹമ്മദ് നബി ﷺ യുടെ സമുദായത്തിന്റെ സവിശേഷത
ഹുസൈൻ സലഫി, ഷാർജ

**30**
**ലേഖനം**
ബദ്ർ നൽകുന്ന പാഠങ്ങൾ
മൂസ സ്വലാഹി, കാര

**34**
**കാഴ്ച**
എന്താ ബീപ്സൗണ്ട് വരാത്തേ?
സലാം സുറുമ എടത്തനാട്ടുകര




സ്മരണ

# ഡോ. അബ്ദുറഹ്മാൻ സാഹിബ് വിടവാങ്ങി

മലബാറിന്റെ ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിലും വിശിഷ്യാ മുജാഹിദുകൾക്കിടയിലും നിറസാന്നിധ്യമായിരുന്ന ഡോ. അബ്ദുറഹ്മാൻ സാഹിബ്. നാഥന്റെ അലംഘനീയമായ വിളിക്ക് ഉത്തരം നൽകി തിരിച്ചുപോയി. അരീക്കോട് പരേതനായ കൊല്ലത്തൊടി അബൂബക്കർ സാഹിബിന്റെയും ജംഇയ്യത്തുൽ മുജാഹിദീൻ സ്ഥാപകരിൽ പ്രധാനിയായിരുന്ന എൻ.വി.അബ്ദുസ്സലാം മൗലവിയുടെ സഹോദരി ഖദീജയുടെയും മകനായി ജനിച്ച അദ്ദേഹം ദീർഘകാലം മഞ്ചേരിയിലായിരുന്നു താമസിച്ചിരുന്നത്. ഏതാനും വർഷങ്ങളായി കോഴിക്കോട്ടേക്ക് താമസം മാറ്റിയിട്ട്. രണ്ടാഴ്ചയായി തീവ്രപരിചരണ വിഭാഗത്തിൽ ചികിത്സയിലായിരുന്ന അദ്ദേഹം ഏപ്രിൽ 16 വെള്ളിയാഴ്ച ഉച്ചയോടെയാണ് മരണപ്പെട്ടത്.

മുജാഹിദ് പ്രസ്ഥാനത്തിന്റെ വിദ്യാഭ്യാസ കാഴ്ചപ്പാട് രൂപീകരിക്കുന്നതിലും പ്രയോഗവത്കരിക്കുന്നതിലും നേതൃപരമായ പങ്കുവഹിച്ച വ്യക്തിയായിരുന്നു ഡോ. അബ്ദുറഹ്മാൻ സാഹിബ്. മഞ്ചേരി നോബ്ൾ പബ്ലിക് സ്‌കൂൾ യാഥാർഥ്യമാകുന്നതിൽ കഠിനാധ്വാനം ചെയ്ത ഡോക്ടർ അതിൽനിന്ന് പോയശേഷം എയ്‌സ് എന്ന പേരിൽ മാതൃകാപരമായ ഒരു സ്ഥാപനം നടത്തിവരികയായിരുന്നു.

മലബാറിൽ പെയിൻ&പാലിയേറ്റീവ് സ്ഥാപിക്കുന്നതിലും ഇന്ന് കാണുന്ന രീതിയിൽ അത് വളർന്നു വികസിക്കുന്നതിലും ക്രിട്ടിക്കൽ കെയർ മെഡിസിൻ ലോകോത്തര നിലവാരത്തിൽ മലബാറിൽ കൊണ്ടുവരുന്നതിലും ഡോക്ടറുടെ കാഴ്ചപ്പാടുകളും പ്രവർത്തനവും നിർണായക പങ്കുവഹിച്ചു. മൂല്യങ്ങളിലധിഷ്ഠിധമായ ആരോഗ്യ പരിപാലന രീതികളുടെ ശക്തനായ പ്രചാരകനായിരുന്നു അദ്ദേഹം.

നിച്ച് ഓഫ് ട്രൂത്ത്, ഐ.എം.ബി, പെയ്ൻ ആന്റ് പാലിയേറ്റീവ് സൊസൈറ്റി, കോഴിക്കോട് കെയർ ഹോം, ഇസ്‌ലാഹി കാംപസ്... തുടങ്ങി നന്മയുടെ പല തുരുത്തുകളുടെയും തുടക്കക്കാരിൽ ഡോക്ടറുടെ പേര് കാണാമായിരുന്നു.

സർക്കാർ ജോലിയടക്കം ഉന്നതമായ പല അവസരങ്ങളും ഉപേക്ഷിച്ചാണ് ദഅ്‌വാ രംഗത്ത് അദ്ദേഹം സജീവമായത്. ദേശീയ തലത്തിലുള്ള ഒട്ടധികം ചാരിറ്റി പ്രവർത്തനങ്ങൾക്ക് അദ്ദേഹം പായും പങ്കായവുമായി വർത്തിച്ചു. പലതും ഒറ്റപ്പെട്ടതോ ചെറിയൊരു സംഘത്തെ മുൻനിർത്തിയോ മാത്രമായിരുന്നു.

നിയരന്തരമായ വായനയും പഠനവും പ്രബോധകർക്കുണ്ടാവേണ്ട ഏറ്റവും വലിയ ഗുണങ്ങളിൽ ഒന്നാണെന്ന ഉറച്ച വിശ്വാസക്കാരനായിരുന്നു അദ്ദേഹം. അതുകൊണ്ടുതന്നെ തന്റെ അറിവുകൾ സംഘടനകൾക്കതീതമായി വീതിച്ചുനൽകുന്നതിൽ അദ്ദേഹം യാതൊരു പിശുക്കും കാണിച്ചില്ല.

ഇടപെട്ട മേഖലകളിലൊക്കെ ആഴത്തിലുള്ള പഠനവും ഗവേഷണാത്മകമായ അന്വേഷണവും നടത്തുക എന്നത് അദ്ദേഹത്തിന്റെ പ്രത്യേകതയായിരുന്നു.

ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹ്യ മേഖലകളിൽ സജീവമായി നിലകൊള്ളുമ്പോൾതന്നെ ഇസ്‌ലാഹി പ്രബോധനരംഗത്ത് തന്റേതായ ഇടപെടലുകൾ നടത്താൻ സമയം ക്രമീകരിക്കുന്നതിൽ വിജയിച്ച വ്യക്തികൂടിയാണ് ഡോ. അബ്ദുറഹ്മാൻ സാഹിബ്. കെ.എം.എച്ച്, ആസ്റ്റർ മിംസ്, മെയ്ത്ര ഹോസ്പിറ്റലുകളിൽ ജോലി ചെയ്യുമ്പോഴും പ്രബോധനപ്രവർത്തനങ്ങൾക്ക് ദിവസം നിശ്ചയിച്ച് സമയം കണ്ടെത്തിയ അദ്ദേഹത്തിന്റെ മനസ്സ് വളർന്നുവരുന്ന തലമുറക്ക് നൽകുന്ന പാഠം ചെറുതല്ല. അല്ലാഹു അദ്ദേഹത്തിന്റെ പാപങ്ങൾ പൊറുത്ത് സ്വർഗം നൽകി അനുഗ്രഹിക്കുമാറാകട്ടെ.

മുഖമൊഴി

# വെളിച്ചത്തിലേക്കു നയിക്കുന്ന വേദഗ്രന്ഥം

വിശുദ്ധ ക്വുർആൻ മാനവസമൂഹത്തിനു വേണ്ടി പ്രപഞ്ചസ്രഷ്ടാവ് അവതരിപ്പിച്ച വേദഗ്രന്ഥമാണ്. എന്നാൽ ഈ ദൈവിക ഗ്രന്ഥത്തെക്കുറിച്ച് മനുഷ്യരിലധികവും അജ്ഞരാണ്. മിക്കവരും അതിനെ മുസ്‌ലിംകളുടെ മാത്രം വേദഗ്രന്ഥമായി കണക്കാക്കുന്നു. ചിലരാകട്ടെ അജ്ഞതകാരണമോ തെറ്റുധാരണമൂലമോ അതിനെ തീവ്രവാദത്തിന്റെയും ഭീകരവാദത്തിന്റെയും പ്രഭവകേന്ദ്രമായി മുദ്രകുത്തി അവഗണിക്കുന്നു. മുസ്‌ലിംകളിൽ പെട്ടവരിൽതന്നെ അതിനെ കേവലം പാരായണത്തിൽ ഒതുക്കിനിർത്തുന്നവരും അതുമായി ഒട്ടും ബന്ധം പുലർത്താത്തവരുമുണ്ട്. അതിന്റെ ആശയം പഠിക്കുവാനും മനസ്സിലാക്കുവാനും പലരും സമയം കണ്ടെത്തുന്നില്ല.

മാനവരാശിയെ എല്ലാവിധ അന്ധകാരങ്ങളിൽനിന്നും പ്രകാശത്തിലേക്ക് നയിക്കുവാനാണ് അല്ലാഹു വിശുദ്ധ ക്വുർആൻ അവതരിപ്പിച്ചത്: "നിങ്ങളെ ഇരുട്ടിൽനിന്ന് പ്രകാശത്തിലേക്ക് കൊണ്ടുവരാൻവേണ്ടി തന്റെ ദാസന്റെ മേൽ വ്യക്തമായ ദൃഷ്ടാന്തങ്ങൾ ഇറക്കിക്കൊടുക്കുന്നവനാണ് അവൻ..."(ക്വുർആൻ57:9).

"...മനുഷ്യരെ അവരുടെ രക്ഷിതാവിന്റെ അനുമതിപ്രകാരം ഇരുട്ടുകളിൽനിന്ന് വെളിച്ചത്തിലേക്ക് കൊണ്ടുവരാൻ വേണ്ടി നിനക്ക് അവതരിപ്പിച്ചുതന്നിട്ടുള്ള ഗ്രന്ഥമാണിത്. അതായത്, പ്രതാപിയും സ്തുത്യർഹനും ആയിട്ടുള്ളവന്റെ മാർഗത്തിലേക്ക്, ആകാശങ്ങളിലുള്ളതിന്റെയും ഭൂമിയിലുള്ളതിന്റെയും ഉടമയായ അല്ലാഹുവിന്റെ (മാർഗത്തിലേക്ക് അവരെ കൊണ്ടുവരാൻ വേണ്ടി)..." (ക്വുർആൻ 14:1,2).

ആറാം നൂറ്റാണ്ടിൽ ഇരുളിന്റെ ലോകത്ത് ഇരുളടഞ്ഞ മനസ്സുമായി ജീവിച്ചിരുന്ന ഒരു ജനതതിയെ വെളിച്ചത്തിലേക്ക് നയിച്ചതും അവരുടെ മനസ്സുകളെ പ്രകാശമാനമാക്കിയതും ക്വുർആനായിരുന്നു. പാരമ്പര്യ വിശ്വാസങ്ങളെയും ആചാരങ്ങളെയും കയ്യൊഴിക്കുവാൻ അവർ തയാറായത് വിശുദ്ധ ക്വുർആൻ അവരുടെ ചിന്തയെ തട്ടിയുണർത്തിയതുകൊണ്ടായിരുന്നു.

"തീർച്ചയായും ഈ ക്വുർആൻ ഏറ്റവും ശരിയായതിലേക്ക് വഴികാണിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുന്ന സത്യവിശ്വാസികൾക്ക് വലിയ പ്രതിഫലമുണ്ട് എന്ന സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്നു. പരലോകത്തിൽ വിശ്വസിക്കാത്തവരാരോ അവർക്ക് നാം വേദനയേറിയ ശിക്ഷ ഒരുക്കിവെച്ചിട്ടുണ്ട് എന്നും (സന്തോഷവാർത്ത അറിയിക്കുന്നു)" (ക്വുർആൻ 17:9,10).

വിശ്വാസത്തിന്റെയും സംസ്കാരത്തിന്റെയുമെന്നല്ല, മുഴുവൻ മേഖലകളിലും അധമത്വത്തിന്റെ പടുകുഴിയിലാണ്ടു കിടന്നിരുന്ന ഒരു സമൂഹത്തെ ലോകാവസാനംവരെയുള്ള മുഴുവൻ മനുഷ്യർക്കും മാതൃകയാക്കാൻ പോന്ന ഉത്തമസമൂഹമാക്കി മാറ്റാൻ നബിﷺക്ക് സാധിച്ചത് ക്വുർആനിന്റെ പിൻബലം കൊണ്ടാണ്.

ക്വുർആൻ പഠിക്കൽ ഓരോരുത്തരുടെയും ബാധ്യതയാണെന്നതിൽ സംശയമില്ല. അത് പഠനത്തിന് വളരെ എളുപ്പമുള്ളതാണ്. അല്ലാഹു തന്നെ അക്കാര്യം പറയുന്നത് കാണുക: "തീർച്ചയായും ആലോചിച്ച് മനസ്സിലാക്കുവാൻ ക്വുർആൻ നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ ആലോചിച്ച് മനസ്സിലാക്കുന്നവരായി ആരെങ്കിലുമുണ്ടോ?" (ക്വുർആൻ 54:32).

ക്വുർആൻ പഠിക്കുന്നവനും പഠിപ്പിക്കുന്നവനുമാണ് ഉത്തമൻ എന്നാണ് നബിﷺ പറഞ്ഞിട്ടുള്ളത്. മനുഷ്യന്റെ ഇഹപരജീവിത വിജയത്തിനുവേണ്ട മാർഗനിർദേശങ്ങൾ അടങ്ങിയ ഗ്രന്ഥം എന്ന നിലയ്ക്ക് അത് പഠിക്കൽ സത്യവിശ്വാസികളുടെ ബാധ്യതയാണ്. അതിലെ ഓരോ അക്ഷരവും പാരായണം ചെയ്താൽ അതിന് പ്രതിഫലം ലഭിക്കും എന്ന് നബിﷺ പറഞ്ഞത് നാം ഓർക്കണം. ഒരു വിശ്വാസി ക്വുർആനുമായി അഭേദ്യമായ ബന്ധം ഉണ്ടായിരിക്കേണ്ടവനാണ്.

ശമീർ മദീനി
shameermadeeni@gmail.com

വിവർത്തനം



# ആരാധനകൾക്കൊരു ആമുഖം

**ഇബ്നുൽ ഖയ്യിം അൽജൗസി രചിച്ച
'അൽ വാബിലുസ്സ്വയ്യിബ്' എന്ന ഗ്രന്ഥത്തിന്റെ വിവർത്തനം**

3

ധാരാളം പണ്ഡിതന്മാർ (ഇപ്രകാരം) പറഞ്ഞിട്ടുണ്ട്: "നമസ്കാരത്തിലോ അതിന്റെ കാര്യങ്ങളിലോ ശ്രദ്ധയില്ലാതെ എങ്ങനെയെങ്കിലുമൊക്കെ നമസ്കരിക്കുന്നവർക്ക് ആ നമസ്കാരംകൊണ്ട് യാതൊരു നേട്ടവുമുണ്ടാവുകയില്ല. കാരണം അല്ലാഹുവിന്റെ കൽപനകൾക്ക് അവരുടെ മനസ്സിൽ ആദരവ് ഇല്ലാത്തതിനാലാണ് ഇങ്ങനെ സംഭവിക്കുന്നത്."

അപ്രകാരം തന്നെ നമസ്കാരത്തിന്റെ ആദ്യസമയം നഷ്ടമായവനും ഒന്നാമത്തെ സ്വഫ്ഫ് നഷ്ടപ്പെടുത്തിയവനുമൊക്കെ വലിയ ലാഭമാണ് നഷ്ടപ്പെടുത്തുന്നത്. അല്ലാഹുവിന്റെ തൃപ്തിയും പ്രശംസയുമെല്ലാം നേടിത്തരുന്നതാണ് ഇവയൊക്കെയും. അവയുടെ മഹത്ത്വം വേണ്ടപോലെ അറിഞ്ഞിരുന്നുവെങ്കിൽ ആ മഹത്ത്വം നേടിയെടുക്കാൻ വേണ്ടി പോരാടുകയും നറുക്കിടുകയും വരെ ചെയ്യുമായിരുന്നു.

അതേപോലെ വലിയ ജമാഅത്ത് നഷ്ടപ്പെടുന്നതും സൂക്ഷിക്കേണ്ടതുണ്ട്. ജമാഅത്തിന്റെ ആധിക്യത്തിനും എണ്ണക്കുറവിനുമനുസരിച്ചു നമസ്കാരത്തിന്റെ പ്രതിഫലത്തിലും ഏറ്റവ്യത്യാസമുണ്ടാകും. ആളുകളുടെ എണ്ണപ്പെരുപ്പത്തിന് അനുസരിച്ചും അതിലേക്കുള്ള കാലടികൾക്കനുസരിച്ചും അല്ലാഹുവിന് ഏറ്റവും പ്രിയങ്കരമായിരിക്കും ആ നമസ്കാരം. അകലം കൂടുമ്പോൾ ഒരു കാലടി ചെറുപാപം പൊറുക്കാനും മറ്റൊന്ന് പദവി ഉയർത്താനും ഉപകരിക്കുന്നതാണ്.

നമസ്കാരത്തിലെ ഭക്തി നഷ്ടപ്പെടൽ ഏറ്റവും പ്രധാനമാണ്. അല്ലാഹുവിന്റെ മുമ്പിലാണ് നിൽക്കുന്നതെന്ന ബോധം നമസ്കാരത്തിന്റെ ആത്മാവും അകക്കാമ്പുമാണ്. ഭയഭക്തിയും മനഃസാന്നിധ്യവുമില്ലാത്ത നമസ്കാരം ആത്മാവ് നഷ്ടപ്പെട്ട മൃതശരീരം പോലെയാണ്. നമ്മെപോലെയുള്ള ഏതെങ്കിലും ഒരു വ്യക്തിയുടെ മുന്നിലേക്ക് ജീവൻ നഷ്ടപ്പെട്ട ഒരടിമയെ പാരിതോഷികമായി സമർപ്പിക്കുന്നതിൽ നമുക്കാർക്കാണ് ലജ്ജതോന്നാത്തത്? അപ്പോൾ താൻ പ്രത്യേകം ആദരിച്ച് സമർപ്പിക്കുന്ന രാജാവോ നേതാവോ മറ്റോ ആണെങ്കിൽ എന്തായിരിക്കും സ്ഥിതി?

ഭക്തിയും മനഃസാന്നിധ്യവുമില്ലാതെയുള്ള നമസ്കാരം ഈ ജീവനില്ലാത്ത അടിമയെ രാജാക്കന്മാർക്കും മറ്റും പരിതോഷികമായി സമർപ്പിക്കുന്നതിന് സമാനമാണ്. അതിനാൽ അത്തരം ആരാധനകൾ അല്ലാഹു അയാളിൽനിന്ന് സ്വീകരിക്കുകയില്ല. ഇഹലോകത്ത് ഒരു പക്ഷേ, ബാധ്യത നിർവഹിച്ചയാളായി കണക്കാക്കപ്പെട്ടേക്കുമെങ്കിലും അതിനുള്ള പ്രതിഫലം കിട്ടുകയില്ല. താൻ മനഃസാന്നിധ്യത്തോടെ ഗ്രഹിച്ചു നിർവഹിച്ചതല്ലാതെ ഒരടിമക്ക് തന്റെ നമസ്കാരത്തിൽനിന്ന് ഒന്നും കിട്ടുകയില്ല.

നബിﷺ പറയുന്നു: "നിശ്ചയം, ഒരാൾ ഒരു നമസ്കാരം നിർവഹിക്കുന്നു. എന്നാൽ അയാൾക്ക് അതിന്റ പ്രതിഫലത്തിൽനിന്ന് പകുതിയോ മൂന്നിലോന്നോ നാലിലൊന്നോ അഞ്ചിലൊന്നോ, അങ്ങനെ പത്തിലൊന്നോ ഒക്കെ മാത്രമായിരിക്കും ലഭിക്കുക" (അഹ്മദ്, നസാഈ).

ഇതുപോലെതന്നെയാണ് ഏതൊരു കർമത്തിന്റെയും കാര്യമെന്നത് പ്രത്യേകം ഓർക്കേണ്ടതുണ്ട്. ഓരോ കർമത്തിനും അല്ലാഹുവിന്റെ അടുക്കലുള്ള ഏറ്റവ്യത്യാസം മനസ്സിലുള്ള ഈമാനിന്റെയും ഇഖ്ലാസിന്റെയും അതിനോടുള്ള താൽപര്യത്തിന്റെയും മറ്റു അനുബന്ധങ്ങളുടെയും അടിസ്ഥാനത്തിലായിരിക്കും. ഇങ്ങനെയെല്ലാം പരിപൂർണതയോടെ നിർവഹിക്കപ്പെടുന്ന കർമങ്ങൾക്കാണ് പരിപൂർണമായ പാപമോചനവും പ്രതിഫലവുമൊക്കെ ലഭിക്കുക. കുറവുകളുള്ളവയ്ക്ക് അതിനനുസരിച്ചുമായിരിക്കും.

ഈ രണ്ടു കാര്യങ്ങൾ മനസ്സിരുത്തിയാൽ ഒട്ടേറെ ആശയക്കുഴപ്പങ്ങൾ നീങ്ങുന്നതാണ്. അതായത് കർമങ്ങളുടെ പ്രതിഫലങ്ങളിലെ ഏറ്റവ്യത്യാസങ്ങൾ മനസ്സിലെ ഈമാനിന്റെ സാക്ഷീകരണത്തിനനുസരിച്ചായിരിക്കും. അതിന്റെ പൂർണതയ്ക്കും കുറവിനുമനുസരിച്ചായിരിക്കും ഓരോ കർമം മൂലമുള്ള ദോഷങ്ങൾ പൊറുക്കലും.

ഇക്കാര്യങ്ങൾ വേണ്ടപോലെ ഗ്രഹിക്കാത്തതുകൊണ്ട് ചിലർ അറഫാനോമ്പിന്റെ ഹദീസുമായി ബന്ധപ്പെട്ട് ഉന്നയിക്കാറുള്ള ആശയക്കുഴപ്പം ഇതിലൂടെ നീങ്ങുന്നതാണ്.

"അറഫാനോമ്പ് രണ്ടു വർഷത്തെ പാപം പൊറുക്കും. ആശൂറാഅ് നോമ്പാകട്ടെ ഒരുവർഷത്തെ പാപവും പൊറുക്കും" (മുസ്‌ലിം).

അപ്പോൾ ഒരാൾ സ്ഥിരമായി അറഫാനോമ്പും ആശൂറാഅ് നോമ്പും അനുഷ്ഠിക്കുന്ന ആളാണെങ്കിൽ എങ്ങനെയാണ് ഓരോ വർഷവും മൂന്ന് വർഷത്തെ പാപങ്ങൾ പൊറുക്കപ്പെടുക? ഇതാണ് അവർ ഉന്നയിക്കുന്ന സംശയം.

ചില പണ്ഡിതന്മാർ അതിനു നൽകിയ മറുപടി 'പാപം പൊറുക്കലിനെക്കാൾ അധികരിച്ച നന്മകൾക്ക് പദവികൾ ഉയർത്തപ്പെടും' എന്നാണ്.

പടച്ചവനേ, അത്ഭുതകരമാണ്! ഒരാൾ ഈ പാപം പൊറുക്കാനുതകുന്ന കാര്യങ്ങളെല്ലാം തന്നെ ചെയ്ത് പാപം പൊറുക്കുന്നതിനുള്ള യോഗ്യത നേടിയിരുന്നെങ്കിൽ എത്ര നന്ന്!

അതായത്, ഈ പാപംപൊറുക്കലിന് ചില നിബന്ധനകളുണ്ട്. അപ്രകാരംതന്നെ പ്രസ്തുത കർമങ്ങൾക്ക് അകത്തും പുറത്തുമായി അതിന് വിഘാതമായി നിൽക്കുന്ന തടസ്സങ്ങളൊന്നും ഇല്ലാതിരിക്കുകയും വേണം. ഒരാൾ ഇത്തരം നിബന്ധനകളെല്ലാം പൂർത്തീകരിക്കുകയും തടസ്സങ്ങളെല്ലാം ഇല്ലാതാവുകയും ചെയ്തതായി അംഗീകരിക്കുകയും ചെയ്താൽ അപ്പോൾ അയാൾക്ക് പാപങ്ങൾ പൊറുത്തുകിട്ടും. നേരെ മറിച്ച് അശുദ്ധിയോടുകൂടെയും മർമമായ ഇഖ്ലാസ് നഷ്ടപ്പെടുത്തിയും ബാധ്യത നിറവേറ്റാതെയും അർഹിക്കുന്ന പരിഗണന നൽകാതെയുമൊക്കെയുള്ള കർമങ്ങൾകൊണ്ട് എന്ത് പാപമാണ് പൊറുത്തു കിട്ടുക?

ഒരാൾക്ക് തന്റെ കർമത്തെക്കുറിച്ച്, അതിന്റെ ബാഹ്യവും ആന്തരികവുമായ ബാധ്യതകൾ പൂർത്തീകരിച്ചുവെന്നും പാപം പൊറുക്കുന്നതിന് തടസ്സമായ യാതൊന്നും അതിൽ വന്നുചേർന്നിട്ടില്ലെന്നും അവയെ നശിപ്പിക്കുന്ന ആത്മപ്രശംസയും അതിനെക്കുറിച്ച് പെരുമപറയലും നടത്തിയിട്ടില്ലെന്നും അത് നിമിത്തമായി മറ്റുള്ളവരിൽനിന്ന് യാതൊരു ആദരവും കാംക്ഷിക്കാതെയും അതുമുഖേന തന്നെ പ്രശംസിക്കുന്നവരോട് മനസ്സുകൊണ്ട് ആഭിമുഖ്യം തോന്നുകയോ അല്ലാത്തവരോട് നീരസംതോന്നുകയോ അന്യായം പ്രവർത്തിക്കുകയോ ഒന്നും ഉണ്ടായിട്ടില്ലെന്നും ഉറപ്പുപറയാൻ ആർക്കാണ് കഴിയുക? എന്നിരിക്കെ എങ്ങനെയാണ് കർമങ്ങൾ കുറ്റമറ്റതും പാപം പൊറുക്കാൻ മാത്രം യോഗ്യവുമാവുക?

കർമങ്ങളെ നശിപ്പിക്കുന്നതും ദുഷിപ്പിക്കുന്നതുമായ കാര്യങ്ങളാവട്ടെ അസംഖ്യമുണ്ട്താനും. കർമങ്ങളനുഷ്ഠിക്കുക എന്നതല്ല പ്രധാന കാര്യം; പ്രത്യുത അവയെ നശിപ്പിക്കുന്നവയിൽ നിന്നും ദുഷിപ്പിക്കുന്നവയിൽനിന്നും സംരക്ഷിക്കുകയത്രെ സുപ്രധാനം.

'രിയാഅ്'(പ്രകടനപരത) അതെത്ര ചെറുതാണെങ്കിലും കർമത്തെ നശിപ്പിക്കുന്നതാണ്. അതിന് എണ്ണമറ്റ രൂപങ്ങളുണ്ട്. നബിചര്യക്കനുസരിച്ചല്ലാതെയുള്ള കർമങ്ങളും നിരർഥകതയെയാണ് അനിവാര്യമാക്കുന്നത്. കർമങ്ങൾ പടച്ചവനോടുള്ള ദാക്ഷിണ്യമായി മനസ്സുകൊണ്ടെങ്കിലും എടുത്ത് പറയൽ അതിനെ നശിപ്പിക്കുന്ന സംഗതിയാണ്. അപ്രകാരംതന്നെ മറ്റുള്ളവർക്ക് ചെയ്തുകൊടുത്ത നന്മകൾ, ദാനധർമങ്ങൾ, പുണ്യങ്ങൾ, ബന്ധംചേർക്കൽ മുതലായവ എടുത്തുപറയലും അവയെ നശിപ്പിക്കുന്ന കാര്യമാണ്. അല്ലാഹു പറയുന്നു:

"സത്യവിശ്വാസികളേ, (കൊടുത്തത്) എടുത്തുപറഞ്ഞ് കൊണ്ടും ശല്യമുണ്ടാക്കിക്കൊണ്ടും നിങ്ങൾ നിങ്ങളുടെ ദാനധർമങ്ങളെ നിഷ്ഫലമാക്കിക്കളയരുത്. അല്ലാഹുവിലും പരലോകത്തിലും വിശ്വാസമില്ലാതെ, ജനങ്ങളെ കാണിക്കുവാൻ വേണ്ടി ധനം ചെലവുചെയ്യുന്നവനെപ്പോലെ നിങ്ങളാകരുത്. അവനെ ഉപമിക്കാവുന്നത് മുകളിൽ അൽപം മണ്ണ് മാത്രമുള്ള മിനുസമുള്ള ഒരു പാറയോടാകുന്നു. ആ പാറമേൽ ഒരു കനത്ത മഴ പതിച്ചു. ആ മഴ അതിനെ ഒരു മൊട്ടപ്പാറയാക്കി മാറ്റിക്കളഞ്ഞു. അവർ അധ്വാനിച്ചതിന്റെ യാതൊരു ഫലവും കരസ്ഥമാക്കാൻ അവർക്ക് കഴിയില്ല. അല്ലാഹു സത്യനിഷേധികളായ ജനതയെ നേർവഴിയിലാക്കുകയില്ല" (ക്വുർആൻ 2:264).

ഭൂരിഭാഗമാളുകൾക്കും തങ്ങളുടെ നന്മകളെ നശിപ്പിക്കുന്ന തിന്മകളെ സംബന്ധിച്ചു കൃത്യമായൊരു ധാരണയില്ല. അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങളുടെ ശബ്ദങ്ങൾ പ്രവാചകന്റെ ശബ്ദത്തിന് മീതെ ഉയർത്തരുത്. അദ്ദേഹത്തോട് സംസാരിക്കുമ്പോൾ നിങ്ങൾ അന്യോന്യം ഒച്ചയിടുന്നത് പോലെ ഒച്ചയിടുകയും ചെയ്യരുത്. നിങ്ങളറിയാതെ തന്നെ നിങ്ങളുടെ കർമങ്ങൾ നിഷ്ഫലമായി പോകാതിരിക്കാൻ വേണ്ടി" (ക്വുർആൻ 49:2).

നാം പരസ്പരം ശബ്ദമുയർത്തി സംസാരിക്കുന്നതുപോലെ നബിﷺയോട് സംസാരിക്കുന്നത് തങ്ങളുടെ കർമങ്ങളെ തകർത്തുകളയുമെന്ന് സത്യവിശ്വാസികളെ അല്ലാഹു താക്കീത് ചെയ്യുകയാണ്. ഇത് ദീനുപേക്ഷിച്ചു മതപരിത്യാഗിയായി പോകുന്നതുകൊണ്ടല്ല; മറിച്ച് കർമങ്ങളെ നശിപ്പിക്കുന്നവയാണെന്ന് ചെയ്തയാൾക്ക് പോലും അറിയാതെ സംഭവിക്കുന്ന തെറ്റുകൾ കാരണമാണ്.

അപ്പോൾ നബിﷺയുടെ വാക്കുകളെയും മാതൃകകളെയും ആദരിക്കുകയും സ്വീകരിക്കുകയും ചെയ്യേണ്ടതിന് പകരം അവയെക്കാൾ മറ്റാരുടെയെങ്കിലും വാക്കുകൾക്കും രീതികൾക്കും മുൻഗണന കൽപിക്കുന്നവരെക്കുറിച്ച് എന്താണ് കരുതുന്നത്? അയാൾ അറിയാതെ അയാളുടെ കർമങ്ങൾ തകരുകയല്ലേ ചെയ്യുന്നത്?!

ഈ കൂട്ടത്തിൽപെട്ടതാണ് നബിﷺ ഈ പറഞ്ഞതും: "ആരെങ്കിലും അസ്ർ നമസ്കാരം ഉപേക്ഷിച്ചാൽ അയാളുടെ കർമങ്ങൾ നിഷ്ഫലമായി" (ബുഖാരി).

(കുറിപ്പ്: അസ്ർ നമസ്കാരം ഉപേക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് പ്രത്യേകമായ ചില താക്കീതുകൾ ഹദീസുകളിൽ വന്നിട്ടുണ്ട്. അതിലൊന്നാണിത്. മറ്റൊന്ന് ഇമാം അഹ്മദ് ഉദ്ധരിക്കുന്ന അബുദ്ദർദാഇ(റ)ന്റെ നിവേദനമാണ്. നബിﷺ പറഞ്ഞു: 'ആരെങ്കിലും മനഃപൂർവം അസ്ർ നമസ്കാരം ഉപേക്ഷിച്ച് അങ്ങനെ അത് നഷ്ടപ്പെടുത്തിയാൽ അയാളുടെ കർമങ്ങൾ നിഷ്ഫലമായി.' ശൈഖ് അൽബാനി ഈ ഹദീസ് സ്വഹീഹാണെന്ന് സ്ഥിരീകരിച്ചിട്ടുണ്ട്. (സ്വഹീഹുത്തർഗീബ്). മറ്റു ചില റിപ്പോർട്ടുകളിൽ 'ആർക്കെങ്കിലും അസ്ർ നമസ്കാരം നഷ്ടമായാൽ അയാൾ സ്വത്തും കുടുംബവും നഷ്ടപ്പെടുത്തിയവനെ (കൊള്ളയടിക്കപ്പെട്ടവനെ)പോലെയാണ്' (ബുഖാരി, മുസ്‌ലിം) എന്നാണ് ഉള്ളത്).

സെയ്ദ് ഇബ്നു അർഖം ഈനത്ത് കച്ചവടം നടത്തിയപ്പോൾ ആഇശ പറഞ്ഞതും ഈ കൂട്ടത്തിൽ പെട്ടതാണ്:

"നിശ്ചയം, സെയ്ദ് തൗബ ചെയ്തില്ലെങ്കിൽ നബിﷺയോടൊപ്പം നിർവഹിച്ച തന്റെ ത്യാഗ പരിശ്രമങ്ങളെ (ജിഹാദിനെ) നിഷ്ഫലമാക്കി" (ബഗവി, മുസ്വന്നഫ് അബ്ദിർറസാഖ്, ദാറഖുത്നി).

ഈനത്ത് കച്ചവടം കൊണ്ട് മതപരിത്യാഗമൊന്നും സംഭവിക്കുകയില്ല. ഏറിവന്നാൽ അതുകൊണ്ട് ഒരു പാപം മാത്രമെ ആകുന്നുള്ളൂ.

കർമങ്ങളനുഷ്ഠിക്കുന്ന സന്ദർഭത്തിൽതന്നെ അവയെ തകരാറിലാക്കുന്ന കാര്യങ്ങളെക്കുറിച്ച് അറിയലും ചെയ്തശേഷം പ്രസ്തുത കർമങ്ങളെ തകർക്കുന്നതും നിഷ്ഫലമാക്കുന്നതുമായ കാര്യങ്ങളെ കുറിച്ച് മനസ്സിലാക്കിയിരിക്കലും ഗൗരവത്തോടെ പരിശോധിക്കേണ്ടതും ശ്രദ്ധിക്കേണ്ടതുമായ കാര്യങ്ങളാണ്. അത് മനസ്സിലാക്കുവാനും സൂക്ഷിക്കുവാനും പ്രത്യേകം താൽപര്യം കാണിക്കേണ്ടതുണ്ട്.

പ്രസിദ്ധമായൊരു വചനത്തിൽ ഇപ്രകാരം വന്നിട്ടുണ്ട്: "നിശ്ചയം, ഒരാൾ അല്ലാഹുവിന് വേണ്ടി രഹസ്യമായി ഒരു കർമം ചെയ്യും. അല്ലാഹു അല്ലാത്ത ഒരാളും അത് അറിഞ്ഞിട്ടുണ്ടാകില്ല. എന്നിട്ട് അയാൾ അതിനെക്കുറിച്ച് സംസാരിക്കും. അപ്പോൾ അത് രഹസ്യകർമങ്ങളുടെ രേഖയിൽനിന്ന് പരസ്യപ്രവർത്തനങ്ങളുടെ പട്ടികയിലേക്ക് മാറും. എന്നിട്ട് ആ പരസ്യപ്പെടുത്തലിനനുസരിച്ച് ആ രേഖയിൽ അത് ഉണ്ടായിരിക്കും."

(കുറിപ്പ്: ഈ ആശയത്തിൽ ഒരു ഹദീസ് അബുദ്ദർദാഇൽനിന്ന് ഇമാം ബൈഹഖി ശുഅബുൽ ഈമാനിൽ ഉദ്ധരിക്കുന്നുണ്ട്. പക്ഷേ, അത് സ്ഥിരപ്പെട്ടിട്ടില്ല. ഇമാം ബൈഹഖിതന്നെ അതിന്റെ ദുർബലത വ്യക്തമാക്കിയിട്ടുമുണ്ട്).

അയാൾ പ്രസ്തുത കർമത്തെക്കുറിച്ച് സംസാരിച്ചത് പ്രശസ്തിക്കും മറ്റുള്ളവരുടെയടുക്കൽ സ്ഥാനമാനങ്ങൾ കിട്ടുന്നതിനുമൊക്കെ വേണ്ടിയാണെങ്കിൽ അത് ആ കർമത്തെ നശിപ്പിക്കുന്നതാണ്; അതിനു വേണ്ടി പ്രവർത്തിച്ചാലെന്നപോലെ തന്നെ.

ഈ വ്യക്തി പശ്ചാത്തപിച്ചാൽ ആ സൽകർമത്തിന്റെ പ്രതിഫലം അയാൾക്ക് തിരിച്ചുകിട്ടുമോ എന്ന് ചോദിച്ചാൽ അതിനുള്ള മറുപടി ഇതാണ്:

അയാൾ ആ കർമം ചെയ്തത് അല്ലാഹു അല്ലാത്തവർക്ക് വേണ്ടിയായിരുന്നെങ്കിൽ, അഥവാ അത്തരം ഒരു നിയ്യത്തിലാണത് ചെയ്തതെങ്കിൽ തൗബകൊണ്ട് ആ കർമം പുണ്യമായി മാറുകയില്ല. പ്രത്യുത അതിന്റെ പാപവും ശിക്ഷയും ഒഴിവാക്കാനാണ് തൗബ. അയാൾക്കത് അനുകൂലമോ പ്രതികൂലമോ അല്ലാതെ കലാശിക്കും.

> **കർമങ്ങളനുഷ്ഠിക്കുക എന്നതല്ല പ്രധാന കാര്യം; പ്രത്യുത അവയെ നശിപ്പിക്കുന്നവയിൽ നിന്നും ദുഷിപ്പിക്കുന്നവയിൽനിന്നും സംരക്ഷിക്കുകയത്രെ സുപ്രധാനം.**

എന്നാൽ അയാൾ അല്ലാഹുവിന് വേണ്ടി നിഷ്കളങ്കമായി (ഇഖ്ലാസോടുകൂടി)ചെയ്തതാവുകയും പിന്നീട് ലോകമാന്യവും പ്രശസ്തിയും അതിലേക്ക് വന്നുചേർന്നതുമാണെങ്കിൽ, അഥവാ ആ അർഥത്തിൽ അയാൾ അതിനെക്കുറിച്ച് മറ്റുള്ളവരോട് സംസാരിച്ച ശേഷം പശ്ചാത്തപിക്കുകയും ഖേദിക്കുകയും ചെയ്തതാണെങ്കിൽ ആ സൽകർമത്തിന്റെ പ്രതിഫലം അയാൾക്ക് കിട്ടും. അത് നിഷ്ഫലമാവുകയില്ല. ഇങ്ങനെയും പറയപ്പെട്ടിട്ടുണ്ട്: 'അത് അയാൾക്ക് തിരിച്ചുകിട്ടുകയില്ല; മറിച്ച് അത് പുനരാരംഭിക്കുകയാണ് വേണ്ടത്.'

അതായത് പ്രശ്നം ഒരു അടിത്തറയെ അടിസ്ഥാനപ്പെടുത്തിയാണ് നിലകൊള്ളുന്നത്. അഥവാ, മത പരിത്യാഗം (രിദ്ദത്ത്) കൊണ്ട് മാത്രം സൽകർമങ്ങൾ തകർന്നു നിഷ്ഫലമാവുമോ? അതല്ല മുർത്തദ്ദായി തന്നെ മരിച്ചുപോയാൽ മാത്രമാണോ നിഷ്ഫലമാവുക? ഈ വിഷയത്തിൽ പണ്ഡിതന്മാർക്കിടയിൽ പ്രസിദ്ധമായ രണ്ട് അഭിപ്രായങ്ങളുണ്ട്. ഇമാം അഹ്മദിൽനിന്നും ഉദ്ധരിക്കപ്പെടുന്ന രണ്ട് റിപ്പോർട്ടുകളാണവ.

മതപരിത്യാഗം കൊണ്ട് തന്നെ കർമങ്ങൾ നിഷ്ഫലമാകുമെന്ന് പറഞ്ഞാൽ, പിന്നീട് അയാൾ ഇസ്ലാം സ്വീകരിച്ച് തിരിച്ചുവരുന്നത് മുതൽ കർമങ്ങൾ പുനരാരംഭിക്കുകയാണ് എന്നും അതിനു മുമ്പ് ചെയ്ത സകലമാന സൽകർമങ്ങളും നിഷ്ഫലമായിപ്പോയി എന്നുമാണ് അർഥം. എന്നാൽ മുർതദ്ദായി തന്നെ മരണപ്പെട്ടാൽ മാത്രമെ കർമങ്ങൾ നിഷ്ഫലമാവുകയുള്ളു എന്നാണെങ്കിൽ മുർതദ്ദായ ശേഷം ഒരാൾ ഇസ്ലാമിലേക്ക് തിരിച്ചുവന്നാൽ അയാളുടെ മുൻകാല സൽകർമങ്ങളുടെ പ്രതിഫലം അയാൾക്ക് തിരിച്ചുകിട്ടും എന്നുമാണ് അർഥമാക്കുന്നത്. **(അവസാനിച്ചില്ല)**



# രാവിന്റെ തോളിൽ പ്രാർഥനാപൂർവം

**ജീവിതായോധനത്തിന്റെ തിരക്കുകളടങ്ങിയ പകലിനെ അപേക്ഷിച്ച് മനുഷ്യൻ സ്രഷ്ടാവിലേക്ക് കൂടുതൽ അടുക്കുന്ന സമയമാണ് രാവ്. രാവിന്റെ ഓരോ ഘട്ടവും അനുഗ്രഹപൂർണമാണ്. അത് റമദാനാകുമ്പോൾ പ്രത്യേകിച്ചും. രാത്രിയുടെ വ്യത്യസ്ത യാമങ്ങളിലൂടെ ആരാധനാനിമഗ്നനായി ഒരു യാത്ര.**

കവർ സ്റ്റോറി

സുഫ്‌യാൻ അബ്ദുസ്സലാം
sufyanasalam@gmail.com

അനുഗ്രഹവർഷങ്ങൾ പെയ്യുന്ന റമദാനിലെ പുണ്യദിനങ്ങൾ ഓരോന്നായി കൊഴിഞ്ഞുകൊണ്ടിരിക്കുകയാണ്. പകൽസമയത്തെ വ്രതവും രാത്രികാലങ്ങളിലെ നമസ്‌കാരവും ദാനധർമങ്ങളും ക്വുർആൻ പാരായണവും പ്രാർഥനകളും മറ്റു പുണ്യകർമങ്ങളുമായി റമദാൻ മുമ്പോട്ട് കുതിക്കുകയാണ്. മനുഷ്യരിൽ നല്ലശീലം വളർത്തുന്നതിനുവേണ്ടിയാണ് റമദാൻ ഓരോ വർഷവും കടന്നുവരുന്നത്. 'ലഅല്ലകും തത്തക്വൂൻ' എന്ന വചനം സൂചിപ്പിക്കുന്നത് കേവലം ഒരു മാസത്തെ ഭക്തിശീലങ്ങളല്ല. ജീവിതാന്ത്യം വരെ നിലനിൽക്കേണ്ട നല്ലശീലങ്ങൾ മനുഷ്യരിൽ വളർത്തുകയും അവരെ അല്ലാഹുവിനോട്

നന്ദിയുള്ളവരാക്കാൻ പ്രേരിപ്പിക്കുകയും ഇഹലോകത്തെ സകല നിമിഷങ്ങളിലും അവന്റെ നിയമങ്ങൾക്കനുസരിച്ച് ജീവിതത്തെ ചിട്ടപ്പെടുത്താൻ പാകപ്പെടുത്തുകയും ചെയ്തുകൊണ്ട് ചാഞ്ചല്യമനുഭവപ്പെടുന്ന മനുഷ്യമനസ്സുകളെ സദാ അല്ലാഹുവോട് അടുപ്പിക്കുവാനുള്ള പരിശീലനമാണ് റമദാൻ എന്ന സന്ദേശമാണ് പ്രസ്തുത വചനത്തിൽ അടങ്ങിയിട്ടുള്ള ആശയം.

### റമദാനിലെ പുണ്യരാവുകൾ

റമദാനിൽ വിശ്വാസികൾ ഏറ്റവും പ്രാധാന്യത്തോടെ നിർവഹിക്കുന്ന ആരാധനാകർമമാണ് രാത്രി നമസ്കാരം. റമദാനിൽ പള്ളികളിൽ ജമാഅത്തായി ഇശാഅ് നമസ്കാരശേഷം അത് നിർവഹിക്കപ്പെട്ടുവരുന്നു. ചിലർ അവരുടെ വീടുകളിൽവച്ചുതന്നെ അത് നിർവഹിക്കുന്നു. സ്ത്രീകളും കുട്ടികളും വൃദ്ധരും പ്രയാസങ്ങൾ അനുഭവിക്കുന്നവരും ഈ നമസ്കാരത്തിന് വലിയ പ്രാധാന്യമാണ് നൽകുന്നത്. പ്രവാചക കാലംതൊട്ട് മുസ്‌ലിം സമൂഹത്തിൽ നിലനിന്നുവരുന്ന ഒരു ആരാധനയാണ് 'ക്വിയാമു റമദാൻ.' മറ്റു മാസങ്ങളിൽ ഈ നമസ്കാരം അറിയപ്പെടുന്നത് 'ക്വിയാമുല്ലൈൽ' എന്ന പേരിലാണ്. ഉറങ്ങി എഴുന്നേറ്റ് നമസ്കരിക്കുമ്പോൾ അതിന് 'തഹജ്ജുദ്' എന്നും പറയപ്പെടുന്നു. ഇടക്ക് വിശ്രമം എടുക്കുന്നതുകൊണ്ട് 'തറാവീഹ്' എന്ന പേരിലും അത് അറിയപ്പെടുന്നു. ഒറ്റയിൽ അവസാനിപ്പിക്കുന്നതുകൊണ്ട് അതിനെ 'വിത്ർ' എന്നും വിളിക്കുന്നു. പ്രവാചകൻﷺ ഈ നമസ്കാരം നിർവഹിച്ചിരുന്നത് പരമാവധി പതിനൊന്ന് റക്അത്ത് ആയിരുന്നുവെന്നാണ് ഹദീസുകളിൽ സ്ഥിരപ്പെട്ടിട്ടുള്ളത്. റമദാനിൽ വളരെ ആവേശത്തോടെ ഇത് നിർവഹിക്കപ്പെടുമ്പോൾ അത് മറ്റു മാസങ്ങളിലേക്ക് കൂടിയുള്ള തയ്യാറെടുപ്പാണ് എന്ന് മനസ്സിലാക്കാൻ വിശ്വാസികൾക്ക് സാധിക്കണം. റമദാനിനു ശേഷവും ഓരോ ദിവസത്തിലുമുള്ള രാവുകളിൽ അല്ലാഹുവുമായുള്ള ബന്ധം സുദൃഢമാക്കാനുള്ള തീരുമാനമാണ് വിശ്വാസികളിൽനിന്നും ഉണ്ടാവേണ്ടത്.

### രാവിന്റെ സവിശേഷഗുണങ്ങൾ

എന്തുകൊണ്ടാണ് രാവിന് ഇത്ര വലിയ സവിശേഷത നൽകപ്പെട്ടിട്ടുള്ളത്? ശാന്തമായ വിശ്രമവേള, വസ്ത്രം തുടങ്ങിയ വിശേഷങ്ങളാണ് ക്വുർആൻ രാവിന് നൽകിയിട്ടുള്ളത്. സൂര്യാസ്തമയത്തോടെ ഇരുൾ മൂടിത്തുടങ്ങുന്നത് മുതൽ (ഗ്വസക്) രാവ് ആരംഭിക്കുന്നു. ചക്രവാള ശോഭയിലൂടെ (ശഫക്) സഞ്ചരിച്ച് അത് പിന്നീട് പൂർണമായ ഇരുട്ടിലേക്ക് (അതമത്ത്) പ്രവേശിക്കുന്നു. രാവിന്റെ അന്തിമഘട്ടമായ 'സഹർ' എന്ന അനുഗൃഹീതവേള പിന്നിട്ടുകൊണ്ടാണ് പുലർകാലത്തിലേക്ക് പ്രവേശിക്കുന്നത്. ഇങ്ങനെ രാവിന് വ്യത്യസ്ത ഘട്ടങ്ങളുണ്ട്. രാവിന്റെ ഓരോ വ്യത്യസ്ത ഘട്ടത്തെയും അനുഗ്രഹപൂർണമാക്കാൻ അല്ലാഹുവുമായി ഹൃദയത്തെ ബന്ധപ്പെടുത്തുകയാണ് വേണ്ടത്. മഗ്‌രിബ് നമസ്കാരത്തോടെ രാവിലേക്ക് പ്രവേശിക്കുന്ന മനുഷ്യൻ പിന്നീട് 'സ്വലാത്തുൽ അതമത്ത്' (ഇരുട്ടിന്റെ നമസ്കാരം) എന്ന പേരിലറിയപ്പെടുന്ന ഇശാഅ് നമസ്കാരം നിർവഹിക്കുന്നു. രാവിന്റെ ഓരോ ഘട്ടവും അനുഗൃഹീതമാണ്. പകലിന്റെ അധ്വാനവും താപവും ക്ഷീണിതമാക്കിയ മനസ്സിനും ശരീരത്തിനും വിശ്രമവും കുളിർമയും നൽകുന്നത് രാവാണ്. സ്വന്തം കുടുംബത്തോടൊപ്പം സമാധാനത്തോടെ അന്തിയുറങ്ങാനുള്ള അവസരം നൽകുന്നതും രാവാണ്. ഏകാന്തനായി ഇരിക്കുവാനും സ്വസ്ഥമായി സ്രഷ്ടാവിലേക്ക് കൈകളുയർത്താനും സുജൂദിൽ വീഴാനും മറ്റുള്ളവരറിയാതെ തേങ്ങിക്കരയുവാനുമെല്ലാം സാധിക്കുന്ന സന്ദർഭമാണ് രാവ്. സ്വച്ഛവും ശീതളവും ശാന്തവുമായ മനസ്സിന്റെ നിറസാന്നിധ്യത്തോടെ അവനോട് ആത്മാർഥമായി ബന്ധപ്പെടാൻ അല്ലാഹുതന്നെ

**"റമദാനിൽ വിശ്വാസികൾ ഏറ്റവും പ്രാധാന്യത്തോടെ നിർവഹിക്കുന്ന ആരാധനാകർമമാണ് രാത്രി നമസ്കാരം. റമദാനിൽ പള്ളികളിൽ ജമാഅത്തായി ഇശാഅ് നമസ്കാരശേഷം അത് നിർവഹിക്കപ്പെട്ടുവരുന്നു. സ്ത്രീകളും കുട്ടികളും വൃദ്ധരും പ്രയാസങ്ങൾ അനുഭവിക്കുന്നവരും ഈ നമസ്കാരത്തിന് വലിയ പ്രാധാന്യമാണ് നൽകുന്നത്. പ്രവാചക കാലംതൊട്ട് മുസ്‌ലിം സമൂഹത്തിൽ നിലനിന്നുവരുന്ന ഒരു ആരാധനയാണ് 'ക്വിയാമു റമദാൻ.' മറ്റു മാസങ്ങളിൽ ഈ നമസ്കാരം അറിയപ്പെടുന്നത് 'ക്വിയാമുല്ലൈൽ' എന്ന പേരിലാണ്. ഉറങ്ങി എഴുന്നേറ്റ് നമസ്കരിക്കുമ്പോൾ അതിന് 'തഹജ്ജുദ്' എന്നും പറയപ്പെടുന്നു. ഇടക്ക് വിശ്രമം എടുക്കുന്നതുകൊണ്ട് 'തറാവീഹ്' എന്ന പേരിലും അത് അറിയപ്പെടുന്നു. ഒറ്റയിൽ അവസാനിപ്പിക്കുന്നതുകൊണ്ട് അതിനെ 'വിത്ർ' എന്നും വിളിക്കുന്നു."**

സംവിധാനിച്ചുതന്ന 'സകനി'ന്റെയും 'ലിബാസി'ന്റെയും അസുലഭ മുഹൂർത്തമാണ് രാവ്. (അൻആം 96, യൂനുസ് 67, നംല് 86, ഫുർക്വാൻ 47, ഖസ്വസ് 73, ഗാഫിർ 61, നബഅ് 10 തുടങ്ങിയ വചനങ്ങളുടെ സംഗ്രഹം).

### രാവും പൈശാചികതയും

രാവ് ശാന്തതയും കുളിർമയും നൽകുമെങ്കിലും അത് പൈശാചിക ദുർബോധനങ്ങളും പ്രവർത്തനങ്ങളും ഏറെ വർധിക്കുന്ന വേളകൂടിയാണ്. പൈശാചിക സ്വാധീനങ്ങൾ കാരണം രാത്രികാലങ്ങളിൽ അക്രമങ്ങളും കവർച്ചകളും അനാശാസ്യങ്ങളും പെരുകുകയും ചെയ്യുന്നത് സർവസാധാരണമാണ്. അതുകൊണ്ടുതന്നെയാണ് 'ഇരുളടയുമ്പോഴുള്ള രാത്രിയുടെ കെടുതിയിൽനിന്നും' അല്ലാഹുവിൽ ശരണം തേടുവാൻ ദൈവഭയമുള്ള ഒരു വിശ്വാസിയോട് ക്വുർആൻ (113:3) ഉദ്ബോധിപ്പിച്ചിട്ടുള്ളത്. ദൈവസ്മരണ ഹൃദയത്തിൽ സൂക്ഷിച്ചിട്ടുള്ള മനുഷ്യന് മാത്രമെ രാവിന്റെ ദുഷ്ടതകളിൽനിന്ന് രക്ഷപ്പെടുവാനും സൂക്ഷ്മതാബോധമുള്ളവനായിത്തീരുവാനും സാധിക്കുകയുള്ളൂ. അതുകൊണ്ടാണ് ക്വുർആൻ വിശ്വാസികളോട് 'രാത്രിയിൽ നീ അവനെ പ്രണമിക്കുകയും ദീർഘമായ നിശാവേളയിൽ അവനെ പ്രകീർത്തിക്കുകയും ചെയ്യുക' (76:26) എന്ന് ആഹ്വാനം ചെയ്തത്. മുഹമ്മദ് നബിﷺ വിശ്വാസികളോടായി പറഞ്ഞു: 'രാത്രികാലങ്ങളിൽ ജനങ്ങൾ ഉറങ്ങിക്കൊണ്ടിരിക്കെ നിങ്ങൾ നമസ്കാരങ്ങളിൽ മുഴുകുക' (തുർമുദി 2485). മനുഷ്യരെല്ലാം ശാന്തരായി ഉറങ്ങുമ്പോൾ രാവിന്റെ ഒരുഭാഗം നമസ്കാരത്തിനും പ്രണാമങ്ങൾക്കും പ്രാർഥനയ്ക്കും പ്രകീർത്തനങ്ങൾക്കും വേണ്ടി മാറ്റിവയ്ക്കുവാനാണ് ക്വുർആനും പ്രവാചകവചനകളും വിശ്വാസികളെ തെര്യപ്പെടുത്തുന്നത്.

### പ്രവാചകന്റെ രാവ്

പ്രവാചകത്വത്തിന്റെ ആദ്യനാളുകളിൽതന്നെ പ്രവാചകന് രാത്രിനമസ്കാരം നിർവഹിക്കാനുള്ള കൽപന ലഭിച്ചിരുന്നു. പേടിച്ചുവിറച്ച് പ്രിയസഖി ഖദീജ്വയുടെ സാന്ത്വനം അനുഭവിച്ചു കഴിയുന്ന സന്ദർഭത്തിലാണ് ജിബ്രീൽവഴി അദ്ദേഹത്തിന് സന്ദേശം ലഭിക്കുന്നത്. 'ഹേ, വസ്ത്രം കൊണ്ട് മൂടിയവനേ, രാത്രി അൽപസമയം ഒഴിച്ച് എഴുന്നേറ്റുനിന്ന് പ്രാർഥിക്കുക. രാത്രിയുടെ പകുതി, അല്ലെങ്കിൽ പകുതിയിൽനിന്നു അൽപം കുറച്ച്. അല്ലെങ്കിൽ പകുതിയെക്കാൾ അൽപം കൂടുതൽ. ക്വുർആൻ സാവകാശത്തിൽ പാരായണം നടത്തുകയും ചെയ്യുക' (ക്വുർആൻ 73:14). സൂറത്തുൽ മുസ്സമ്മിലിലെ ഈ ആദ്യ വചനങ്ങളിലൂടെ പ്രവാചകനും അനുചരന്മാർക്കും രാത്രിനമസ്കാരം നിർബന്ധമായിത്തീർന്നിരുന്നു.



ഇമാം നസാഈ റിപ്പോർട്ട് ചെയ്ത വളരെ സുദീർഘമായ ഒരു ഹദീസിൽ ഇങ്ങനെ കാണാം: 'സഅ്ദ് ബ്നു ഹിശാം നബിﷺയുടെ രാത്രിനമസ്കാരത്തെ കുറിച്ചറിയാൻ ആഇശ്വയെ സമീപിച്ചു. അവർ ചോദിച്ചു: 'താങ്കൾ സൂറത്തുൽ മുസ്സമ്മിൽ പാരായണം ചെയ്യാറില്ലേ?' അദ്ദേഹം പറഞ്ഞു: 'അതെ.' അവർ പറഞ്ഞു: 'ആ സൂറത്തിന്റെ പ്രാരംഭ വചനങ്ങളിലൂടെ രാത്രിനമസ്കാരം അല്ലാഹു നിർബന്ധമാക്കി. അങ്ങനെ നബിﷺ യും അനുചരന്മാരും ഒരു വർഷം രാത്രിനമസ്കാരം നിർബന്ധമായും അനുഷ്ഠിച്ചു. അങ്ങനെ അവരുടെ കാൽപാദങ്ങൾ നീരുകെട്ടി വീർത്തുതുടങ്ങി. പ്രസ്തുത സൂറത്തിന്റെ അവസാനവചനം പന്ത്രണ്ട് മാസം വരെ അല്ലാഹു പിടിച്ചുവച്ചു. പിന്നീട് അവസാനവചനത്തിലൂടെ അല്ലാഹു ലഘൂകരണം നൽകി. അങ്ങനെ ആദ്യം നിർബന്ധമായിരുന്ന ക്വിയാമുല്ലൈൽ ഐച്ഛിക കർമമായി (തത്വവ്വുഅ്) മാറി' (നസാഈ 1601).

സൂറത്തുൽ മുസ്സമ്മിലിലെ അവസാന വചനം ഇങ്ങനെയാണ്: 'നീയും നിന്റെ കൂടെയുള്ളവരിൽ ഒരു വിഭാഗവും രാത്രിയുടെ മിക്കവാറും മൂന്നിൽ രണ്ടു ഭാഗവും ചിലപ്പോൾ പകുതിയും ചിലപ്പോൾ മൂന്നിലൊന്നും നിന്നു നമസ്കരിക്കുന്നുണ്ട് എന്ന് നിന്റെ

രക്ഷിതാവിന്നറിയാം. അല്ലാഹുവാണ് രാത്രിയെയും പകലിനെയും കണക്കാക്കുന്നത്. നിങ്ങൾക്ക് അത് ക്ലിപ്തപ്പെടുത്താനാവുകയില്ലെന്ന് അവന്നറിയാം. അതിനാൽ അവൻ നിങ്ങൾക്ക് ഇളവ് ചെയ്തിരിക്കുന്നു. ആകയാൽ നിങ്ങൾ ക്വുർആനിൽ നിന്ന് സൗകര്യപ്പെട്ടത് ഓതിക്കൊണ്ട് നമസ്കരിക്കുക" (ക്വുർആൻ 73:20).

### രാത്രിയിലെ നമസ്കാരം ഐച്ഛികമെങ്കിലും ഗൗരവമേറെ

രോഗികൾക്കും ഉപജീവനാർഥം യാത്രചെയ്യുന്നവർക്കും യുദ്ധംപോലെയുള്ള ത്യാഗപരിശ്രമങ്ങളിൽ ഏർപ്പെടുന്നവർക്കും വലിയ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുമെന്ന കാരണത്താലാണ് അതിന്റെ നിർബന്ധസ്വഭാവത്തെ അല്ലാഹു എടുത്തുകളഞ്ഞത്. അതിന്റെ നിർബന്ധസ്വഭാവം ഒഴിവാക്കിയതിന്റെ കാരണമായി പറഞ്ഞ കാര്യങ്ങൾ കാണുമ്പോൾ അതൊരു ഐച്ഛിക കർമമാണെങ്കിലും ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം ഒരുകാലത്തും ഒഴിവാക്കാതെ, വളരെ സൂക്ഷ്മതയോടെ നിർവഹിച്ചുപോരേണ്ട കർമമാണ് എന്ന് മനസ്സിലാക്കാൻ സാധിക്കും.

രാത്രി നമസ്കാരത്തിന്റെ നിർബന്ധസ്വഭാവം ഇല്ലാതായെങ്കിലും മുഹമ്മദ് നബിﷺ അത് അദ്ദേഹത്തിന്റെ നിത്യജീവിതത്തിൽ പാലിച്ചുവന്നു. ഒരു കൽപനയോടുള്ള പ്രതികരണം എന്നതിനെക്കാളുപരി സ്രഷ്ടാവിനോടുള്ള കടപ്പാട് എന്ന നിലയിലായിരുന്നു രാത്രി നമസ്കാരത്തെ അദ്ദേഹം കണ്ടിരുന്നത്. ആഇശ‌ؓ പറയുന്നു: "പ്രവാചകൻ രാത്രികാലങ്ങളിൽ അദ്ദേഹത്തിന്റെ കാലുകളിൽ നീര് കെട്ടിനിൽക്കുമാറ് സുദീർഘമായി നമസ്കരിക്കുമായിരുന്നു. അപ്പോൾ ഞാൻ അദ്ദേഹത്തോട് ചോദിച്ചു: 'പ്രവാചകരേ, താങ്കളുടെ കഴിഞ്ഞുപോയതും വരാനിരിക്കുന്നതുമായ മുഴുവൻ പാപങ്ങളും പൊറുക്കപ്പെട്ടിരിക്കുന്ന സ്ഥിതിക്ക് എന്തിനാണ് ഇത്രമാത്രം കഷ്ടപ്പെടുന്നത്?' അപ്പോൾ അദ്ദേഹം പറഞ്ഞു: 'ആഇശാ, ഞാൻ ഒരു നന്ദിയുള്ള അടിമയാവേണ്ടതില്ലേ?" (മുസ്‌ലിം 2820).

ലോകത്തുള്ള മുഴുവൻ മനുഷ്യർക്കുമുള്ള സന്ദേശമാണിത്. ജീവിതത്തിന്റെ ഓരോ നിമിഷത്തിലും സ്രഷ്ടാവ് നൽകിയിട്ടുള്ള അനുഗ്രഹങ്ങൾ ആസ്വദിച്ചുകൊണ്ടും അവന്റെ കാരുണ്യം അനുഭവിച്ചുകൊണ്ടുമാണ് ഓരോ മനുഷ്യനും ഭൂമിയിൽ കഴിയുന്നത്. അതിനുപുറമെ മരണശേഷമുള്ള പരലോകജീവിതത്തിൽ വിജയിക്കുവാനാവശ്യമായ കാര്യങ്ങളെല്ലാം സ്രഷ്ടാവ് അവന്റെ ദിവ്യസന്ദേശങ്ങളിലൂടെ മനുഷ്യന് നൽകുകയും ചെയ്തു. ഇരുലോകങ്ങളിലും ശരിയായ വിജയം കൈവരിക്കുവാൻ മനുഷ്യനെ പ്രാപ്തനാക്കിയ നാഥനെ സ്തുതിക്കുവാനും അവന്റെ മുമ്പിൽ സാഷ്ടാംഗം നമിച്ച് വിനയാന്വിതനായിത്തീരുവാനും മനുഷ്യൻ സമയം കണ്ടെത്തേണ്ടതുണ്ട്.

ഈ സന്ദേശമാണ് രാത്രിനമസ്കാരത്തിലൂടെ പ്രവാചകൻ മാനവസമൂഹത്തിന് നൽകിയിട്ടുള്ളത്. അതുകൊണ്ടുതന്നെയാണ് നിർബന്ധനമസ്കാരങ്ങൾ കഴിഞ്ഞാൽ ഏറ്റവും ശ്രേഷ്ഠം രാവിന്റെ ഉള്ളറകളിൽ നിർവഹിക്കപ്പെടുന്ന നമസ്കാരമാണെന്ന് പ്രവാചകൻ പറഞ്ഞത്. (മുസ്‌ലിം 1163).

### പ്രവാചകന്റെ ഒരുക്കം

സഅ്ദ്ബ്നു ഹിശാമിؓൽനിന്നും മുകളിൽ ഉദ്ധരിച്ച ഹദീസിന്റെ തുടർഭാഗങ്ങളിൽ രാത്രി നമസ്കാരത്തിന് പ്രവാചകനും പത്നിമാരും നൽകിയിരുന്ന ഗൗരവം നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്. സഅ്ദ് ബ്നു ഹിശാമിന്റെ ചോദ്യത്തിന് മറുപടിയായി ആഇശؓ പറഞ്ഞു: 'ഞങ്ങൾ നബിﷺയുടെ രാത്രി നമസ്കാരത്തിന് വേണ്ടി 'സിവാക്' (ദന്തശുദ്ധീകരണി), വുദൂഅ് ചെയ്യാനുള്ള വെള്ളം എന്നിവ നേരത്തെ ഒരുക്കിവെക്കുമായിരുന്നു. പിന്നീട് ഉറങ്ങിയതിന് ശേഷം എപ്പോഴാണോ അല്ലാഹു അദ്ദേഹത്തെ എഴുന്നേൽപിക്കുന്നത്, അപ്പോൾ അദ്ദേഹം എഴുന്നേൽക്കും. പല്ലുതേച്ച് വുദൂഅ് ചെയ്ത് എട്ടു റക്അത്ത് നമസ്കരിക്കും. എട്ടാമത്തെ റക്അത്തിൽ മാത്രമായിരുന്നു അദ്ദേഹം ഇരുന്നിരുന്നത്. ആ ഇരുത്തത്തിൽ അദ്ദേഹം ധാരാളമായി അല്ലാഹുവിനെ സ്മ

> **രോഗികൾക്കും ഉപജീവനാർഥം യാത്രചെയ്യുന്നവർക്കും യുദ്ധംപോലെയുള്ള ത്യാഗപരിശ്രമങ്ങളിൽ ഏർപ്പെടുന്നവർക്കും വലിയ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുമെന്ന കാരണത്താലാണ് അതിന്റെ നിർബന്ധസ്വഭാവത്തെ അല്ലാഹു എടുത്തുകളഞ്ഞത്. അതിന്റെ നിർബന്ധസ്വഭാവം ഒഴിവാക്കിയതിന്റെ കാരണമായി പറഞ്ഞ കാര്യങ്ങൾ കാണുമ്പോൾ അതൊരു ഐച്ഛിക കർമമാണെങ്കിലും ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം ഒരുകാലത്തും ഒഴിവാക്കാതെ, വളരെ സൂക്ഷ്മതയോടെ നിർവഹിച്ചുപോരേണ്ട കർമമാണ് എന്ന് മനസ്സിലാക്കാൻ സാധിക്കും.**

രിക്കുകയും പ്രാർഥിക്കുകയും ചെയ്യും. പിന്നീട് ഞങ്ങളെ കേൾപിച്ചുകൊണ്ട് സലാം വീട്ടും. പിന്നീട് ഇരുന്നുകൊണ്ട് രണ്ടുറക്അത്ത് നമസ്കരിക്കും. സലാം വീട്ടിയശേഷം ഒരു റക്അത്ത് നമസ്കരിക്കും. അങ്ങനെ പതിനൊന്ന് റക്അത്ത് ആയിരുന്നു അദ്ദേഹം നമസ്കരിച്ചിരുന്നത്.'


## രാത്രി നമസ്കാരത്തിന്റെ സൗന്ദര്യം

പലരുടെയും രാത്രിനമസ്കാരം റമദാൻ വിടപറയുന്നതോടെ അവസാനിക്കുന്നു. എന്നാൽ രാത്രിനമസ്കാരം റമദാനിൽ മാത്രം നിർവഹിക്കപ്പെടുന്ന ഒരു ആരാധനാകർമമല്ല. എല്ലാ കാലങ്ങളിലും നിർവഹിക്കപ്പെടേണ്ട അതിപ്രധാനമായ ആരാധനയാണത്. അതൊരു കേവലചടങ്ങല്ല. ഓരോ വിശ്വാസിയും സാധിക്കുന്നത്ര ദൈർഘ്യമെടുത്ത് ഭക്തിയുടെ പാരമ്യത്തിലേക്ക് മനസ്സിനെ ആനയിച്ച് അതീവമായ വണക്കത്തോടെയാണ് അത് നിർവഹിക്കേണ്ടത്. പ്രവാചകന്റെ രാത്രി നമസ്കാരത്തെകുറിച്ച് പ്രിയപത്നി ആഇശ﵂ വിശദീകരിച്ചത് ഹദീസുകളിൽ ധാരാളം വന്നിട്ടുണ്ട്. അതൊരു ചടങ്ങായിരുന്നില്ല; അൽപനേരത്തെ അഭ്യാസവുമായിരുന്നില്ല. ധൃതിപിടിക്കാതെ, രണ്ടുറക്അത്തുകൾ വീതം നമസ്കരിച്ച് സുദീർഘമായി പാരായണം ചെയ്തും ഇടയ്ക്ക് കുറെസമയം വിശ്രമമെടുത്തുമായിരുന്നു അദ്ദേഹം നമസ്കരിച്ചിരുന്നത്. പതിനൊന്ന് റക്അത്ത് നമസ്കരിക്കാറുണ്ടായിരുന്ന അദ്ദേഹത്തിന്റെ ഓരോ നാല് റക്അത്തുകളുടെയും സൗന്ദര്യവും ദൈർഘ്യവും വർണനാതീതമാണെന്നാണ് ആഇശ﵂ പറഞ്ഞത്. 'അദ്ദേഹം റമദാനിലാവട്ടെ അല്ലാത്തപ്പോഴാവട്ടെ പതിനൊന്ന് റക്അത്തുകളിൽ കൂടുതൽ നമസ്കരിക്കാറുണ്ടായിരുന്നില്ല. ആദ്യം നാല് റക്അത്ത് നമസ്കരിക്കും. അതിന്റെ നീളവും ഭംഗിയും ചോദിക്കേണ്ടതില്ല. പിന്നീട് നാല് നമസ്കരിക്കും. അതിന്റെ നീളവും ഭംഗിയും ചോദിക്കേണ്ടതില്ല. പിന്നീട് മൂന്ന് റക്അത്തുകൾ നമസ്കരിച്ച് വിത്ർ ആക്കും. ഞാൻ ചോദിച്ചു: 'പ്രവാചകരേ, താങ്കൾ വിത്ർ നമസ്കരിക്കുന്നതിന് മുമ്പ് ഉറങ്ങാറുണ്ടോ?' അദ്ദേഹം പറഞ്ഞു: 'എന്റെ കണ്ണുകൾക്ക് ഉറക്കം ബാധിക്കാറുണ്ടെങ്കിലും മനസ്സ് ഉറങ്ങാറില്ല' (ബുഖാരി 2013).

നബിﷺയുടെ കൂടെ രാത്രി നമസ്കാരം നിർവഹിച്ച ഹുദൈഫ﵁ പറയുന്നത് ഇങ്ങനെയാണ്. 'ഞാൻ ഒരു രാത്രിയിൽ നബിയുടെ കൂടെ നമസ്കരിച്ചു. അദ്ദേഹം അൽബക്വറയാണ് തുടങ്ങിയത്. നൂറ് ആയത്ത് കഴിയുമ്പോൾ അദ്ദേഹം റുകൂഇലേക്ക് പോകുമെന്ന് ഞാൻ കരുതി. പക്ഷേ, അതുണ്ടായില്ല. ഇരുനൂറ് ആകുമ്പോൾ റുകൂഅ് ചെയ്യുമെന്ന് കരുതി, അതുമുണ്ടായില്ല. അതുകഴിഞ്ഞു അദ്ദേഹം സൂറത്തുനിസാഅ് ആരംഭിച്ചു. അതുകഴിഞ്ഞ് ആലുഇംറാൻ' (നസാഈ 1664).

പ്രസ്തുത നമസ്കാരത്തിൽ നബിﷺ ക്വുർആൻ പാരായണം ചെയ്യുന്നത് പാരായണത്തിന്റെ എല്ലാ നിയമങ്ങളും പാലിച്ചുകൊണ്ടായിരുന്നുവെന്നും റുകൂഉം സുജൂദുമെല്ലാം വളരെ ദൈർഘ്യമുള്ളതായിരുന്നുവെന്നും ഹുദൈഫ﵁ പറയുന്നു. നബിﷺ നമസ്കാരം ശരിക്കും ആസ്വദിക്കുകയായിരുന്നു എന്നർഥം.

രാത്രിനമസ്കാരത്തിന്റെ റക്അത്തുകളുടെ എണ്ണത്തെക്കുറിച്ച് മാത്രം ചർച്ച ചെയ്യുകയും അതിന്റെ വണ്ണത്തെക്കുറിച്ചോ നിർവഹണത്തിന്റെ സൗന്ദര്യത്തെക്കുറിച്ചോ ചർച്ച ചെയ്യപ്പെടാതെ പോവുകയും ചെയ്യുമ്പോൾ നമസ്കാരത്തിന്റെ ശരിയായ ചൈതന്യം ചോർന്നുപോവുകയാണ് ചെയ്യുന്നത്. കാലിൽ നീര് കെട്ടി നിൽക്കുമ്പോൾ പോലും ശാരീരിക വിഷമങ്ങൾ മറന്ന് സ്രഷ്ടാവുമായുള്ള ആത്മബന്ധം രൂപപ്പെടുത്തി നമസ്കാരം ആസ്വദിക്കാൻ സാധിക്കുക എന്നു പറയുന്നത് വിശ്വാസവും കൃതജ്ഞതയും പൂർണമായ അളവിൽ മനസ്സിൽ സൂക്ഷിക്കുന്നവർക്ക് മാത്രം സാധിക്കുന്ന കാര്യമാണ്. രാവിന്റെ നിശ്ശബ്ദവും ശാന്തവുമായ



അന്തരീക്ഷത്തിൽ സ്രഷ്ടാവിനോട് സകലതെറ്റുകളും ഏറ്റുപറഞ്ഞും സങ്കടങ്ങളും വിഷമങ്ങളും സമർപ്പിച്ചും മനസ്സിനെ സ്രഷ്ടാവിൽ ബന്ധിപ്പിച്ചും നമസ്‌കാരത്തെ ഏറെ ഭംഗിയുള്ളതാക്കുക എന്ന ഉദാത്തമായ കർമമാണ് രാത്രിനമസ്‌കാരത്തിലൂടെ ഒരു വിശ്വാസിക്ക് ചെയ്യുവാനുള്ളത്.

## വീടുകളിൽവച്ച് നമസ്‌കരിക്കുക

രാത്രിനമസ്‌കാരം ഐച്ഛികമാണെന്നു സൂചിപ്പിച്ചുവല്ലോ. ഐച്ഛികനമസ്‌കാരങ്ങളെല്ലാം വീടുകളിൽ നമസ്‌കരിക്കുന്നതാണ് ഉചിതമെന്ന് പ്രവാചകൻﷺ പഠിപ്പിച്ചിട്ടുണ്ട്. പ്രവാചകൻﷺ പറഞ്ഞു: 'നിങ്ങൾ നിങ്ങളുടെ വീടുകളിൽ നമസ്‌കരിക്കുക. ഒരു മനുഷ്യന്റെ നിർബന്ധനമസ്‌കാരമല്ലാത്ത മറ്റെല്ലാ നമസ്‌കാരങ്ങളും വീടുകളിൽ നിർവഹിക്കുന്നതാണ് ഏറ്റവും ശ്രേഷ്ഠം' (ബുഖാരി 7290).

നബിﷺ അദ്ദേഹത്തിന്റെ രാത്രിനമസ്‌കാരവും മറ്റു ഐച്ഛിക നമസ്‌കാരങ്ങളും വീട്ടിൽവച്ചായിരുന്നു നിർവഹിച്ചിരുന്നത്.

'നിങ്ങൾ നിങ്ങളുടെ വീടുകളിൽവച്ച് നമസ്‌കരിക്കുക. വീടുകളെ നിങ്ങൾ ശ്മാശാനങ്ങൾ ആക്കാതിരിക്കുക' (ബുഖാരി 422).

'പള്ളികളിൽവച്ച് നമസ്‌കാരം നിർവഹിക്കപ്പെട്ടുകഴിഞ്ഞാൽ നിങ്ങളുടെ വീടുകൾക്കും ഒരോഹരി കരുതിവയ്ക്കുക. വീടുകളിൽവച്ച് നമസ്‌കാരം നിർഹിക്കപ്പെടുന്നതിലൂടെ ധാരാളം നന്മകൾ അല്ലാഹു നിശ്ചയിച്ചിട്ടുണ്ട്' (മുസ്‌ലിം 778).

രാത്രി ഐഛിക നമസ്‌കാരങ്ങൾ പരമാവധി വീടുകളിൽവച്ച് തന്നെ നിർവഹിക്കുകയാണ് വേണ്ടത്. അതുവഴി വീടിനും വീട്ടുകാർക്കും ധാരാളം നന്മകളും അനുഗ്രഹങ്ങളും വന്നുചേരുമെന്ന കാര്യത്തിൽ സംശയമില്ല.

## റമദാനിൽ പള്ളികളിൽ ജമാഅത്തായി

റമദാനിലെ രാത്രിനമസ്‌കാരം പ്രവാചകൻﷺ രണ്ടോ മൂന്നോ ദിവസം മാത്രമാണ് അദ്ദേഹത്തിന്റെ മസ്ജിദിൽവച്ച് അനുചരന്മാരുമൊത്ത് നിർവഹിച്ചത്. അടുത്തദിവസം അനുചരന്മാർ അദ്ദേഹത്തെ പ്രതീക്ഷിച്ചിരുന്നുവെങ്കിലും അദ്ദേഹം നമസ്‌കരിക്കാൻ വന്നില്ല. അതിനു കാരണമായി അദ്ദേഹം പറഞ്ഞത് ഇങ്ങനെയായിരുന്നു: 'നിങ്ങൾ വന്നതെല്ലാം ഞാൻ അറിഞ്ഞു. എന്നാൽ ഈ നമസ്‌കാരം നിങ്ങൾക്ക് നിർബന്ധമാക്കപ്പെടുമോ എന്നു ഞാൻ ഭയന്നു. അതുകൊണ്ടാണ് ഞാൻ നിങ്ങളിലേക്ക് പുറപ്പെടാതിരുന്നത്' (മുസ്‌ലിം 761).

പിന്നീട് നബിﷺയുടെ കാലത്ത് രാത്രിനമസ്‌കാരം പള്ളികളിൽ ജമാഅത്തായി നിർവഹിക്കപ്പെട്ടിട്ടില്ല. അബൂബക്റി(റ)ന്റെ കാലത്തും ഉമറി(റ)ന്റെ ആദ്യകാലത്തും അങ്ങനെതന്നെ തുടർന്നു. പിന്നീട്


> **രാത്രിനമസ്‌കാരത്തിന്റെ റക്അത്തുകളുടെ എണ്ണത്തെക്കുറിച്ച് മാത്രം ചർച്ച ചെയ്യുകയും അതിന്റെ വണ്ണത്തെക്കുറിച്ചോ നിർവഹണത്തിന്റെ സൗന്ദര്യത്തെക്കുറിച്ചോ ചർച്ച ചെയ്യപ്പെടാതെ പോവുകയും ചെയ്യുമ്പോൾ നമസ്‌കാരത്തിന്റെ ശരിയായ ചൈതന്യം ചോർന്നുപോവുകയാണ് ചെയ്യുന്നത്. കാലിൽ നീര് കെട്ടി നിൽക്കുമ്പോൾ പോലും ശാരീരിക വിഷമങ്ങൾ മറന്ന് സ്രഷ്ടാവുമായുള്ള ആത്മബന്ധം രൂപപ്പെടുത്തി നമസ്‌കാരം ആസ്വദിക്കാൻ സാധിക്കുക എന്നു പറയുന്നത് വിശ്വാസവും കൃതജ്ഞതയും പൂർണമായ അളവിൽ മനസ്സിൽ സൂക്ഷിക്കുന്നവർക്ക് മാത്രം സാധിക്കുന്ന കാര്യമാണ്. രാവിന്റെ നിശ്ശബ്ദവും ശാന്തവുമായ അന്തരീക്ഷത്തിൽ സ്രഷ്ടാവിനോട് സകലതെറ്റുകളും ഏറ്റുപറഞ്ഞും സങ്കടങ്ങളും വിഷമങ്ങളും സമർപ്പിച്ചും മനസ്സിനെ സ്രഷ്ടാവിൽ ബന്ധിപ്പിച്ചും നമസ്‌കാരത്തെ ഏറെ ഭംഗിയുള്ളതാക്കുക എന്ന ഉദാത്തമായ കർമമാണ് രാത്രിനമസ്‌കാരത്തിലൂടെ ഒരു വിശ്വാസിക്ക് ചെയ്യുവാനുള്ളത്.**

ജനങ്ങൾ പള്ളിയിൽ ഓരോരുത്തരായും ചെറിയ കൂട്ടങ്ങളായും നമസ്‌കരിക്കുന്നത് വർധിച്ചപ്പോൾ ഉമർ(റ) അവരെ ഒരു ഇമാമിന്റെ കീഴിലാക്കി. അതുമുതൽ ഇന്നുവരെ റമദാനിൽ പള്ളികളിൽ രാത്രിനമസ്‌കാരം ജമാഅത്തായി നിർവഹിക്കപ്പെട്ടുവരുന്നു. ഉമർ(റ) ഉബയ്യുബ്നു കഅ്ബി(റ)നെയും തമീമുദ്ദാരി(റ)യെയും ജനങ്ങൾക്ക് ഇമാമായി നിശ്ചയിച്ചു. അവർ ജനങ്ങൾക്ക് ഇമാമായി നമസ്‌കരിച്ചപ്പോൾ നമസ്‌കാരത്തിന്റെ ദൈർഘ്യം കാരണം ജനങ്ങൾക്ക് ഊന്നുവടികളെ അവലംബമാക്കേണ്ടി വന്നു എന്നെല്ലാം ഹദീസുകളിൽ വന്നിട്ടുണ്ട്. (മാലിക് 250).

ഇതെല്ലാം സൂചിപ്പിക്കുന്നത് രാത്രി നമസ്‌കാരം സുദീർഘമായി പാരായണം

ചെയ്തുകൊണ്ട് വളരെ ഭംഗിയായി നിർവഹിക്കപ്പെടേണ്ട നമസ്‌കാരമാകുന്നു എന്ന കാര്യമാണ്. വളരെ പെട്ടെന്ന് അവസാനിപ്പിച്ചുകൊണ്ട് ഒരു ചടങ്ങായി അവശേഷിപ്പിക്കപ്പെടേണ്ട കർമമല്ല അത്. റമദാനിലും അല്ലാത്ത കാലത്തും അത് നിർവഹിക്കുക ഒരു വിശ്വാസിക്ക് അനിവാര്യമാണ്. റമദാൻ പുണ്യകർമങ്ങൾ വർധിപ്പിക്കുന്ന മാസമായതിനാൽ അത് ജനങ്ങൾക്ക് കൂടുതൽ എളുപ്പമാകുന്നതിന് വേണ്ടി പള്ളികളിൽ നിർവഹിക്കപ്പെടുന്നു. ക്വുർആൻ മനഃപാഠമില്ലാത്തവർക്കും പാരായണം ചെയ്യാൻ സാധിക്കാത്തവർക്കും സ്ത്രീകൾക്കും കുട്ടികൾക്കും പ്രായംചെന്നവർക്കും ഒരുപോലെ നമസ്‌കാരത്തിന്റെ പ്രതിഫലം ലഭിക്കാൻ അതുപകരിക്കും. 'ഇമാം നമസ്‌കാരത്തിൽ നിന്ന് വിരമിക്കുന്നതുവരെ അദ്ദേഹത്തെ പിന്തുടർന്ന് നമസ്‌കരിക്കുന്നവർ രാത്രി മുഴുവൻ നമസ്‌കരിച്ചവരെ പോലെയാണ്' എന്ന് നബിﷺ പറഞ്ഞിട്ടുണ്ട്. (നസാഈ 1364). പള്ളികളിൽവച്ചുതന്നെ അത് നിർവഹിക്കണം എന്നില്ല. ക്വുർആൻ ധാരളമായി പാരായണം ചെയ്യാൻ സാധിക്കുന്നവർക്കും അല്ലാത്തവർക്കും വീടുകളിൽവച്ച് ഒറ്റക്കോ ജമാഅത്തായോ നിർവഹിക്കാവുന്നതാണ്. എന്നാൽ ഉമർ‎ؓവും സ്വഹാബികളും ചെയ്തപോലെ പള്ളിയിൽ ഇമാമിന്റെ കൂടെ ജമാഅത്തായി നമസ്‌കരിക്കുന്നതാണ് ഏറ്റവും ശ്രേഷ്ഠമെന്നാണ് ഇമാം ശാഫി, ഇമാം അബൂഹനീഫ, ഇമാം അഹ്മദ്(റഹി) തുടങ്ങിയ പണ്ഡിതന്മാർ രേഖപ്പെടുത്തിയിട്ടുള്ളത്. എവിടെയായിരുന്നാലും മനഃസാന്നിധ്യവും ഭക്തിയും അവധാനതയുമാണ് ആവശ്യമായിട്ടുള്ളത്.

'വിശ്വാസത്തോടെയും പ്രതിഫലേച്ഛയോടെയും റമദാനിൽ ആരെങ്കിലും രാത്രി എഴുന്നേറ്റ് നമസ്‌കരിച്ചാൽ അവന്റെ കഴിഞ്ഞുപോയ ചെറുദോഷങ്ങൾ പൊറുക്കപ്പെടുന്നതാണ്' എന്നു നബിﷺ പറഞ്ഞിട്ടുണ്ട്. 'രാത്രിയിൽ ഒരു പ്രത്യേകവേളയുണ്ട്. അതിൽ ഒരു വിശ്വാസി തന്റെ നാഥനോട് ഇഹലോകവുമായോ പരലോകവുമായോ ബന്ധപ്പെട്ട കാര്യങ്ങൾ ചോദിച്ചാൽ അവൻ അത് പൂർത്തീകരിച്ചുകൊടുക്കാതിരിക്കില്ല' എന്നും നബിﷺ പറഞ്ഞിട്ടുണ്ട്. രാത്രി



കാലങ്ങളിൽ കുടുംബാംഗങ്ങൾ പരസ്പരം വിളിച്ചുണർത്തി നമസ്‌കാരങ്ങൾക്കായി പ്രേരിപ്പിക്കണമെന്നും ഉണർന്നില്ലെങ്കിൽ മുഖത്ത് വെള്ളം തളിച്ചെങ്കിലും ഉണർത്തണമെന്നും അദ്ദേഹം പഠിപ്പിച്ചു.

### നമുക്കൊരുങ്ങാം, ശീലമാക്കാം

രാത്രിനമസ്‌കാരം അല്ലാഹുവിനെ കൃത്യമായി അറിഞ്ഞു മനസ്സിലാക്കിയവർ നിത്യവും നിർവഹിച്ചിരിക്കും. അല്ലാഹുവിലുള്ള ഭയവും പ്രതീക്ഷയുമാണ് ഒരു വിശ്വാസിയെ രാത്രിനമസ്‌കാരത്തിന് പ്രേരിപ്പിക്കുന്നത്. അല്ലാഹു പറയുന്നു: "ഭയത്തോടും പ്രത്യാശയോടും കൂടി തങ്ങളുടെ രക്ഷിതാവിനോട് പ്രാർഥിക്കുവാനായി, കിടന്നുറങ്ങുന്ന സ്ഥലങ്ങൾവിട്ട് അവരുടെ പാർശ്വങ്ങൾ അകലുന്നതാണ്."(ക്വുർആൻ 32:16).

'കണ്ണുറങ്ങിയാലും മനസ്സുറങ്ങില്ല' എന്ന് പറഞ്ഞതിൽനിന്നും ഏതു സാഹചര്യത്തിലും രാത്രി നമസ്‌കാരം നിർവഹിക്കാതെ ഉറങ്ങാൻ ഒരു യഥാർഥ വിശ്വാസിക്ക് സാധിക്കില്ല എന്നാണ് മനസ്സിലാക്കേണ്ടത്. പ്രവാചകന്റെ രാത്രി നമസ്‌കാരത്തിന്റെ രീതികളും അതിന്റെ ദൈർഘ്യവും ഭംഗിയുമെല്ലാം സ്വായത്തമാക്കി അതിന്റെ പൂർണതയിലേക്കെത്തണമെങ്കിൽ ഇനിയും എത്രയോ കാതങ്ങൾ നാം സഞ്ചരിക്കേണ്ടതുണ്ട്. രാത്രി നമസ്‌കാരത്തിന്റെ ആത്മാവും ചൈതന്യവും ഉൾക്കൊണ്ട്, അതിന്റെ അകക്കാമ്പുകൾ ആസ്വദിച്ചുകൊണ്ട് നിർവഹിക്കുവാൻ മനസ്സിനെയും ശരീരത്തെയും നാം ഇനിയും പാകപ്പെടുത്തേണ്ടതുണ്ട്.

രാവിന്റെ തോളിൽ വിശ്രമിച്ച്, അത് നൽകുന്ന ശാന്തതയും കുളിർമയും അനുഭവിച്ച്, തേങ്ങുന്ന മനസ്സോടെ, പ്രതീക്ഷയോടെ, പ്രാർഥനാപൂർവം, ഒരു കുഞ്ഞിന്റെ നിഷ്‌കളങ്കതയോടെ, സകലതും റബ്ബിന്റെ മുമ്പിൽ സമർപ്പിച്ചുകൊണ്ട് രാത്രിനമസ്‌കാരം നമുക്ക് ശീലമാക്കാം. ഈ റമദാൻ അതിനു നമുക്ക് പ്രചോദനമാവട്ടെ.

കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ
cparappur@gmail.com

ജാലകം

# മനംമാറ്റത്തിന്റെ മാസം

പ്രകൃത്യാ മനുഷ്യൻ കുറ്റവാസനയുള്ളവനാണ്. എത്ര ശ്രദ്ധിച്ചു ജീവിച്ചാലും അല്ലാഹുവിന്റെ കോപത്തിന്നു കാരണമായേക്കാവുന്ന കുറ്റങ്ങൾ വന്നു ചേർന്നേക്കാം. ഈ പാപക്കറകൾ മൂലം മനസ്സ് മലിനമാവാതെ നിർത്താനാണ് വിവിധ ആരാധനാകർമങ്ങൾ അല്ലാഹു നിശ്ചയിച്ചിരിക്കുന്നത്. ദിവസവും അഞ്ചുനേരം നിർവഹിക്കുന്ന നിർബന്ധ നമസ്കാരങ്ങൾ, ആഴ്ചയിലൊരിക്കൽ ജുമുഅ, വർഷത്തിലൊരിക്കൽ നോമ്പ്, ജീവിതത്തിലൊരിക്കൽ ഹജ്ജ് എന്നിവ പാപങ്ങൾ പൊറുത്തുതരുവാനും മനുഷ്യനെ ശുദ്ധീകരിക്കുവാനുമാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്.

നബിﷺ പറഞ്ഞത് കാണുക: "ഒരാൾ ഒരു ദിവസം നോമ്പ് അനുഷ്ഠിച്ചാൽ അല്ലാഹു അവനെ നരകത്തിൽനിന്ന് എഴുപത് വർഷത്തെ ദൂരം അകറ്റുന്നതാണ്" (ബുഖാരി, മുസ്‌ലിം).

'അറിയാതെയും അബദ്ധത്തിലും മനുഷ്യരിലുണ്ടാവുന്ന ചെറിയ തിന്മകളെ പൊറുക്കാനും സഹായിക്കുന്നു'വെന്ന് ക്വുർആനിലും കാണാം

സാമൂഹ്യദ്രോഹപരമായ വൻകുറ്റങ്ങളെ പറ്റി ഇസ്‌ലാം പ്രത്യേകം താക്കീതു നൽകിയിട്ടുണ്ട്. അവ ആരാധനാകർമങ്ങൾകൊണ്ട് മായ്ക്കപ്പെടുകയില്ല. മറിച്ച് അവയിൽനിന്നും ഖേദിച്ചുമടങ്ങി ശിഷ്ടജീവിതത്തിൽ ആവർത്തിക്കുകയില്ലെന്ന് ആത്മാർഥമായി പ്രതിജ്ഞയെടുക്കണം. അപ്രകാരം മറ്റുള്ളവരിൽ നിന്നും വാങ്ങിയ കടബാധ്യതകൾ കഴിയുമെങ്കിൽ കൊടുത്തുതീർക്കുകയോ പറഞ്ഞു പരിഹരിക്കുകയോ ചെയ്യണം. ദരിദ്രർക്ക് കൊടുക്കാൻ അല്ലാഹു നമ്മോട് കൽപിച്ച സകാത്തിന്റെ നിശ്ചിത വിഹിതവും കടബാധ്യതയാണ്. ഓരോ വർഷവും അത് കൊടുത്തുവീട്ടാതെ മറ്റെന്ത് സൽകർമങ്ങൾ ചെയ്താലും ഈ കുറ്റങ്ങൾ അല്ലാഹു പൊറുത്തു തരുന്നതല്ല.

നിശ്ചിത ആരാധനാകർമങ്ങൾ പാപമുക്തിക്ക് കാരണമാകുന്നതോടോപ്പം തിന്മകളിൽനിന്ന് കരുതിക്കൂട്ടി വിട്ടുനിൽക്കുക, സഹജീവിക്കോ സമൂഹത്തിനോ നാടിനോ ദ്രോഹകരമാവുന്ന പ്രവൃത്തികൾ സൂക്ഷിക്കുക, ജനസേവനത്തിൽ വ്യാപൃതരാവുക, പ്രാർഥനകളും പ്രകീർത്തങ്ങളും വർധിപ്പിക്കുക തുടങ്ങിയ സൽഗുണങ്ങളും പാപങ്ങൾ പൊറുത്തു തരാൻ കാരണങ്ങളാണ്. ഇതിനെല്ലാം പുറമെ കരുണാവാരിധിയായ അല്ലാഹു അവന്റെ സൃഷ്ടികളോട് ഏറെ ദയാലുവാണെന്ന വസ്തുതയും ഏറെ പ്രതീക്ഷക്ക് വകയുള്ളതാണ്.

അല്ലാഹു പറയുന്നു: "നബിയേ, പറഞ്ഞുകൊടുക്കുക; സ്വന്തം ആത്മാക്കളോട് അതിക്രമം പ്രവർത്തിച്ചുപോയ എന്റെ ദാസന്മാരേ, അല്ലാഹുവിന്റെ കാരുണ്യത്തെ പറ്റി നിങ്ങൾ നിരാശപ്പെടരുത്. തീർച്ചയായും അല്ലാഹു പാപങ്ങളെല്ലാം പൊറുക്കുന്നതാണ്. തീർച്ചയായും അവൻ തന്നെയാകുന്നു ഏറെ പൊറുക്കുന്നവനും കരുണാനിധിയും" (ക്വുർആൻ 39:53).

ഇത്രയൊക്കെ ഇളവുകളും ആനുകൂല്യങ്ങളും പ്രതീക്ഷകളും നൽകിയിട്ടും പുറംതിരിഞ്ഞു ധിക്കാരത്തോടെ ജീവിക്കുന്നവർക്കാണ് അല്ലാഹു കഠിനശിക്ഷ ഒരുക്കിയിരിക്കുന്നത്. ഈ ശിക്ഷയെ പറ്റിയാണ് മനുഷ്യൻ ഭയപ്പെടേണ്ടത്

ചുവപ്പ് ലൈറ്റ് തെളിയുന്ന ഒരു ട്രാഫിക് ജംഗ്ഷനിൽ ഏറെ ധൃതിപിടിച്ചു വണ്ടി ഓടിക്കുന്നവനായാലും പെട്ടെന്ന് ബ്രേക്കിട്ട് നിർത്തുന്നത് നാം കാണാറുണ്ട്. നിയമം ലംഘിച്ചു മറികടന്നാൽ ശിക്ഷയായി ആയിരമോ അഞ്ഞൂറോ പിഴ കിട്ടുമെന്നതാണ് കാരണം. ഒരു രാജ്യത്തെ അച്ചടക്കമുള്ള പൗരന്റെ ധർമം കൂടിയാണത്. ഇതുപോലെ ഭൂമിയിൽ ജീവിക്കുന്ന മനുഷ്യർക്ക് പ്രപഞ്ചനാഥൻ വിലക്കുകളുടെ സിഗ്നലുകൾ നൽകിയിട്ടുണ്ട്. മനുഷ്യന്റെ ഇഹലോക വിജയത്തിന്നും പരലോകമോക്ഷത്തിന്നും ആവശ്യമായി പരിഗണിക്കേണ്ട കൽപനകളും നൽകിയിട്ടുണ്ട്. ഈ വിധിവിലക്കുകളെ അറിഞ്ഞും അംഗീകരിച്ചും ജീവിക്കുക എന്നതിനെയാണ് 'അത്തക്വാ' (സൂക്ഷ്മത) എന്ന് നബിﷺ പഠിപ്പിച്ചത്.

ഈ സൂക്ഷ്മതാബോധം വീണ്ടെടുക്കാൻ പറ്റിയ ആരാധനകളിലൊന്നാണ് നോമ്പ്. ഭക്ഷണപാനീയങ്ങളും ദുർവിചാരങ്ങളും ഒഴിവാക്കി ജീവിക്കുന്ന ഒരു മനസ്സ് നമുക്ക് നേടാനാവണം. അതാണ് നോമ്പ് ലക്ഷ്യമാക്കുന്നത്. ഈ മനംമാറ്റത്തിന്ന് റമദാൻ നോമ്പ് കാരണമായില്ലെങ്കിൽ വലിയ നഷ്ടം തന്നെയാണുണ്ടാവുക. 'ഒരാൾക്ക് റമദാനിന്റെ നന്മകൾ നിഷേധിക്കപ്പെട്ടാൽ എല്ലാം നിഷേധിക്കപ്പെട്ടു.' (അഹ്മദ്).

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com



നിർഭയജീവിതം, സുരക്ഷിത സമൂഹം

# സുരക്ഷിത സമൂഹത്തിന്റെ ഇസ്‌ലാമിക പാഠങ്ങൾ

നിർഭയജീവിതമാണ് മനുഷ്യരെല്ലാം ആഗ്രഹിക്കുന്നത്. ഒരു സമൂഹത്തിൽ ജീവിക്കുന്നവരെല്ലാം നിർഭയരാണെങ്കിൽ ആ സമൂഹത്തെ സുരക്ഷിത സമൂഹം എന്നു വിശേഷിപ്പിക്കാം. സുരക്ഷിത സമൂഹം എന്നത് വിശാലമായ ഒരു വിഷയമാണ്. മനുഷ്യജീവിതത്തിലെ ചെറുതും വലുതുമായ, വ്യക്തിപരവും സാമൂഹ്യവുമായ എല്ലാവിഷയങ്ങളെയും അത് ചൂഴ്ന്നുനിൽക്കുന്നു.

ഭയത്തിന്റെ വിപരീതമാണ് നിർഭയത്വം. ശാന്തിയും സമാധാനവും നിറഞ്ഞ അവസ്ഥയാണ് നിർഭയത്വം. ഭയത്തിനു നിമിത്തമായ കാര്യങ്ങളിൽനിന്നുള്ള മോചനമില്ലാതെ നിർഭയത്വം സാധ്യമല്ല.

യുദ്ധവേളയിൽ ഭയത്തിന്റെ കാരണം നിലനിൽക്കെത്തന്നെ വിശ്വാസികളുടെ മനസ്സിന് അല്ലാഹു നിർഭയത്വം നൽകിയതായി ക്വുർആനിൽ കാണാം:

"നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് സഹായം തേടിയിരുന്ന സന്ദർഭം (ഓർക്കുക). തുടരെത്തുടരെയായി ആയിരം മലക്കുകളെ അയച്ചുകൊണ്ട് ഞാൻ നിങ്ങൾക്ക് സഹായം നൽകുന്നതാണ് എന്ന് അവൻ അപ്പോൾ നിങ്ങൾക്കു മറുപടി നൽകി. ഒരു സന്തോഷവാർത്തയായിക്കൊണ്ടും നിങ്ങളുടെ ഹൃദയങ്ങൾക്കു സമാധാനം നൽകുന്നതിനുവേണ്ടിയും മാത്രമാണ് അല്ലാഹു അത് ഏർപെടുത്തിയത്. അല്ലാഹുവിങ്കൽനിന്നല്ലാതെ യാതൊരു സഹായവും ഇല്ല. തീർച്ചയായും അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു. അല്ലാഹു തന്റെ പക്കൽനിന്നുള്ള മനഃശാന്തിയുമായി നിങ്ങളെ നിദ്രാമയക്കം കൊണ്ട് ആവരണം ചെയ്തിരുന്ന സന്ദർഭം (ഓർക്കുക). നിങ്ങളെ ശുദ്ധീകരിക്കുന്നതിനും, നിങ്ങളിൽനിന്ന് പിശാചിന്റെ ദുർബോധനം നീക്കികളയുന്നതിനും, നിങ്ങളുടെ മനസ്സുകൾക്ക് കെട്ടുറപ്പ് നൽകുന്നതിനും, പാദങ്ങൾ ഉറപ്പിച്ചു നിർത്തുന്നതിനും വേണ്ടി അവൻ നിങ്ങളുടെമേൽ ആകാശത്തുനിന്ന് വെള്ളം ചൊരിഞ്ഞുതന്നിരുന്ന സന്ദർഭവും (ഓർക്കുക)" (ക്വുർആൻ 8:9-11).

സത്യവിശ്വാസവും സൽകർമങ്ങളുമായി മുന്നോട്ടുപോകുന്ന, അല്ലാഹുവിനെ മാത്രം ആരാധിച്ച് ജീവിക്കുന്ന ആളുകൾക്ക് അല്ലാഹു നിർഭയത്വം വാഗ്ദാനം ചെയ്യുന്നു:

"നിങ്ങളിൽനിന്ന് വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരോട് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു; അവരുടെ മുമ്പുള്ളവർക്ക് പ്രാതിനിധ്യം നൽകിയത് പോലെതന്നെ തീർച്ചയായും ഭൂമിയിൽ അവൻ അവർക്ക് പ്രാതിനിധ്യം നൽകുകയും, അവർക്ക് അവൻ തൃപ്തിപ്പെട്ട് കൊടുത്ത അവരുടെ മതത്തിന്റെ കാര്യത്തിൽ അവർക്ക് അവൻ സ്വാധീനം നൽകുകയും, അവരുടെ ഭയപ്പാടിന് ശേഷം അവർക്ക് നിർഭയത്വം പകരം നൽകുകയും ചെയ്യുന്നതാണെന്ന്. എന്നെയായിരിക്കും അവർ ആരാധിക്കുന്നത്. എന്നോട് യാതൊന്നും അവർ പങ്കുചേർക്കുകയില്ല. അതിന് ശേഷം ആരെങ്കിലും നന്ദികേട് കാണിക്കുന്ന പക്ഷം അവർ തന്നെയാകുന്നു ധിക്കാരികൾ" (ക്വുർആൻ 24:55).

"സമാധാനവുമായോ (യുദ്ധ) ഭീതിയുമായോ ബന്ധപ്പെട്ട വല്ല വാർത്തയും അവർക്ക് വന്നുകിട്ടിയാൽ അവരത് പ്രചരിപ്പിക്കുകയായി. അവരത് റസൂലിന്റെയും അവരിലെ കാര്യവിവരമുള്ളവരുടെയും തീരുമാനത്തിന് വിട്ടിരുന്നുവെങ്കിൽ അവരുടെ കൂട്ടത്തിൽനിന്ന് നിരീക്ഷിച്ച് മനസ്സിലാക്കാൻ കഴിവുള്ളവർ അതിന്റെ യാഥാർഥ്യം മനസ്സിലാക്കിക്കൊള്ളുമായിരുന്നു. നിങ്ങളുടെമേൽ അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും ഇല്ലായിരുന്നുവെങ്കിൽ നിങ്ങളിൽ അൽപം ചിലരൊഴികെ പിശാചിനെ പിൻപറ്റുമായിരുന്നു" (ക്വുർആൻ 4:83).

## വിധിയിലുള്ള വിശ്വാസവും നിർഭയത്വവും

വിധിയിലുള്ള വിശ്വാസം മനുഷ്യന് നിർഭയത്വം നൽകും. ഇബ്റാഹീം നബിﷺയുടെ വാക്കുകൾ കാണുക: "അദ്ദേഹത്തിന്റെ ജനത അദ്ദേഹവുമായി തർക്കത്തിൽ ഏർപെടുകയുണ്ടായി. അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ കാര്യത്തിൽ നിങ്ങളെന്നോട് തർക്കിക്കുകയാണോ? അവനാകട്ടെ എന്നെ നേർവഴിയിലാക്കിയിരിക്കുകയാണ്. നിങ്ങൾ അവനോട് പങ്കുചേർക്കുന്ന യാതൊന്നിനെയും ഞാൻ ഭയപ്പെടുന്നില്ല. എന്റെ രക്ഷിതാവ് ഉദ്ദേശിക്കുന്നതെന്തോ അതല്ലാതെ (സംഭവിക്കുകയില്ല). എന്റെ രക്ഷിതാവിന്റെ ജ്ഞാനം സർവകാര്യങ്ങളെയും ഉൾകൊള്ളാൻ മാത്രം വിപുലമായിരിക്കുന്നു. നിങ്ങളെന്താണ് ആലോചിച്ച് നോക്കാത്തത്?" (ക്വുർആൻ 6:80).

> **തന്റെ വീടിനെക്കാൾ നല്ല വീടുള്ളവരിലേക്കും, തന്റെ ജോലിയെക്കാളും പദവിയെക്കാളും ഉയർന്ന ജോലിയുള്ളവരിലേക്കും പദവിയുള്ളവരിലേക്കും തന്നെക്കാൾ സാമ്പത്തികാഭിവൃദ്ധിയുള്ളവരിലേ ക്കുമൊക്കെ നോക്കിയാൽ; അങ്ങനെ അവരെയും തന്നെയും താരതമ്യം ചെയ്താൽ, അത് താനനുഭവി ക്കുന്ന അനുഗ്രഹങ്ങളെ ചെറുതായിക്കാണുന്നതിലേക്ക് നയിക്കുമെന്നതിൽ സംശയമില്ല. അത്തരക്കാർക്ക് ജീവിതം എന്നും അശാന്തമായിരിക്കും. നിർഭയത്വം അവർക്ക് അന്യമായിരിക്കും. എന്നാൽ, തന്നെക്കാൾ മോശപ്പെട്ട ജീവിതാവസ്ഥകളിലുള്ളവരിലേക്ക് നോക്കിയാൽ; അവരെയും തന്നെയും താരതമ്യം ചെയ്താൽ, താൻ എത്രയോ അനുഗൃഹീതനാണെന്ന ബോധമുണ്ടാവുകയും അവയെ വലുതായി കാണുകയും അതിന് നന്ദി കാണിക്കുകയും ചെയ്യാൻ ഒരു സത്യവിശ്വാസിക്കു കഴിയും.**

### തൗഹീദും നിർഭയത്വവും

സൃഷ്ടിപൂജകരല്ലാത്ത; സ്രഷ്ടാവിനെ മാത്രം ആരാധിക്കുന്നവരാണ് നിർഭയരായിരിക്കുവാൻ കൂടുതൽ അർഹർ എന്ന് ഇബ്‌റാഹീം നബിﷺ പറയുന്നു: "നിങ്ങൾ അല്ലാഹുവിനോട് പങ്കുചേർത്തതിനെ ഞാൻ എങ്ങനെ ഭയപ്പെടും? നിങ്ങളാകട്ടെ, അല്ലാഹു നിങ്ങൾക്ക് യാതൊരു പ്രമാണവും നൽകിയിട്ടില്ലാത്ത വസ്തുക്കളെ അവനോട് പങ്കുചേർക്കുന്നതിനെപ്പറ്റി ഭയപ്പെടുന്നുമില്ല. അപ്പോൾ രണ്ടു കക്ഷികളിൽ ആരാണ് നിർഭയരായിരിക്കാൻ കൂടുതൽ അർഹതയുള്ളവർ? (പറയൂ;) നിങ്ങൾക്കറിയാമെങ്കിൽ" (ക്വുർആൻ 6:81).

"വിശ്വസിക്കുകയും തങ്ങളുടെ വിശ്വാസത്തിൽ അന്യായം കൂട്ടിക്കലർത്താതിരിക്കുകയും ചെയ്തവരാരോ അവർക്കാണ് നിർഭയത്വമുള്ളത്. അവർ തന്നെയാണ് നേർമാർഗം പ്രാപിച്ചവർ" (ക്വുർആൻ 6:82).

ക്വുർആനിൽ ഒട്ടേറെ സ്ഥലങ്ങളിൽ നിർയത്വം (അംന്) എന്നതിന്റെ എതിരായി ഭയം (ഖൗഫ്, ഫസഅ്) പോലുള്ള പദങ്ങൾ ഉപയോഗിച്ചതായി കാണാം:

"ആർ നൻമയും കൊണ്ട് വന്നോ അവന് (അന്ന്) അതിനെക്കാൾ ഉത്തമമായത് ഉണ്ടായിരിക്കും. അന്ന് ഭയവിഹ്വലതയിൽനിന്ന് അവർ സുരക്ഷിതരായിരിക്കുകയും ചെയ്യും" (ക്വുർആൻ 27:89).

ബുഖാരിയിൽ 'ബാബുൽഅംന് വ ദിഹാബുർറൗഅ്' (നിർഭയത്വവും ഭയം നീങ്ങലും) എന്ന അധ്യായംതന്നെ ഉള്ളതായി കാണാം.

### നിർഭയത്വം മഹത്തായ അനുഗ്രഹം

നിർഭയത്വം സമൂഹത്തിന് അല്ലാഹു നൽകുന്ന അനുഗ്രഹമാണ്. ക്വുറൈശികൾക്ക് അല്ലാഹു നൽകിയ അനുഗ്രഹത്തെ ക്വുർആനിൽ പരാമർശിക്കുന്നത് കാണുക:

"ക്വുറൈശ് ഗോത്രത്തെ കൂട്ടിയിണക്കിയതിനാൽ. ശൈത്യകാലത്തെയും ഉഷ്ണകാലത്തെയും യാത്രയുമായി അവരെ കൂട്ടിയിണക്കിയതിനാൽ. ഈ ഭവനത്തിന്റെ രക്ഷിതാവിനെ അവർ ആരാധിച്ചുകൊള്ളട്ടെ. അതായത് അവർക്ക് വിശപ്പിന്ന് ആഹാരം നൽകുകയും ഭയത്തിന് പകരം സമാധാനം നൽകുകയും ചെയ്തവനെ" (ക്വുർആൻ 106:1-4).

### നിർഭയത്വം നൽകപ്പെട്ട സ്ഥലങ്ങൾ

ചില സ്ഥലങ്ങളെയും അല്ലാഹു നിർഭയത്വമുള്ളതാക്കി മാറ്റിയിട്ടുണ്ട്. വിശുദ്ധ കഅ്ബയെയും അനുബന്ധ സ്ഥലങ്ങളെയും കുറിച്ച് അല്ലാഹു പറയുന്നു:

"ആ ഭവനത്തെ (കഅ്ബയെ) ജനങ്ങൾ സമ്മേളിക്കുന്ന സ്ഥലവും ഒരു സുരക്ഷിത കേന്ദ്രവുമായി നാം നിശ്ചയിച്ചതും (ഓർക്കുക)..." (ക്വുർആൻ 2:125).

"തീർച്ചയായും മനുഷ്യർക്ക് വേണ്ടി സ്ഥാപിക്കപ്പെട്ട ഒന്നാമത്തെ ആരാധനാമന്ദിരം ബക്കയിൽ ഉള്ളതത്രെ. (അത്) അനുഗൃഹീതമായും ലോകർക്ക് മാർഗദർശകമായും (നിലകൊള്ളുന്നു). അതിൽ വ്യക്തമായ ദൃഷ്ടാന്തങ്ങൾ- (വിശിഷ്യാ) ഇബ്‌റാഹീം നിന്ന സ്ഥലം- ഉണ്ട്. ആർ അവിടെ പ്രവേശിക്കുന്നുവോ അവൻ നിർഭയനായിരിക്കുന്നതാണ്..." (ക്വുർആൻ 3:96,97).

"നിർഭയമായ ഒരു പവിത്രസങ്കേതം നാം ഏർപെടുത്തിയിരിക്കുന്നു എന്ന് അവർ കണ്ടില്ലേ?..." (ക്വുർആൻ 29:67).

### നന്ദികേട് നിർഭയത്വമില്ലാതാക്കും

സുഭിക്ഷതയിലും നിർഭയത്വത്തിലും കഴിഞ്ഞുകൂടിയ ഒരു ഗ്രാമത്തെക്കുറിച്ചും അല്ലാഹുവിന്റെ അനുഗ്രഹത്തെ നിഷേധിച്ചപ്പോൾ അവരുടെ നിർഭയത്വം നീക്കി ഭയം അണിയിച്ചതും അല്ലാഹു എടുത്തു പറയുന്നു:

"അല്ലാഹു ഒരു രാജ്യത്തെ ഉപമയായി എടുത്തുകാണിക്കുകയാകുന്നു. അത് സുരക്ഷിതവും ശാന്തവുമായിരുന്നു. അതിലെ ആവശ്യത്തിനുള്ള ഭക്ഷണം എല്ലായിടത്തുനിന്നും സമൃദ്ധമായി അവിടെ എത്തിക്കൊണ്ടിരിക്കും. എന്നിട്ട് ആ രാജ്യം അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ നിഷേധിച്ചു. അപ്പോൾ അവർ പ്രവർത്തിച്ചുകൊണ്ടിരുന്നത് നിമിത്തം വിശപ്പിന്റെയും ഭയത്തിന്റെയും ഉടുപ്പ് അല്ലാഹു ആ രാജ്യത്തിന് അനുഭവിക്കുമാറാക്കി" (ക്വുർആൻ 16:112).

സമൂഹത്തിന്റെ നിർഭയത്വം രാജ്യപുരോഗതിക്കും നാഗരികതക്കും ആവശ്യമാണ്. സ്വാലിഹ് നബിﷺ തന്റെ ജനതയോട് പറയുന്നു:

"ഇവിടെയുള്ളതിൽ (സമൃദ്ധിയിൽ) നിർഭയരായിക്കഴിയാൻ നിങ്ങൾ വിട്ടേക്കപ്പെടുമോ? അതായത് തോട്ടങ്ങളിലും അരുവികളിലും. വയലുകളിലും കുല ഭാരംതൂങ്ങുന്ന ഈന്തപ്പനകളിലും. നിങ്ങൾ സന്തോഷപ്രമത്തരായിക്കൊണ്ട് പർവതങ്ങളിൽ വീടുകൾ തുരന്നുണ്ടാക്കുകയും ചെയ്യുന്നു. ആകയാൽ നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുവിൻ" (26:146-50).

## അന്ത്യനാനാളിലെ നിർഭയത്വവും നരകത്തിൽനിന്നുള്ള നിർഭയത്വവും

"നമ്മുടെ ദൃഷ്ടാന്തങ്ങളുടെ നേരെ വക്രത കാണിക്കുന്നവരാരോ അവർ നമ്മുടെ ദൃഷ്ടിയിൽ നിന്ന് മറഞ്ഞുപോകുകയില്ല; തീർച്ച. അപ്പോൾ നരകത്തിലെറിയപ്പെടുന്നവനാണോ ഉത്തമൻ അതല്ല ഉയിർത്തെഴുന്നേൽപിന്റെ നാളിൽ നിർഭയനായിട്ട് വരുന്നവനോ? നിങ്ങൾ ഉദ്ദേശിച്ചത് നിങ്ങൾ ചെയ്തുകൊള്ളുക. തീർച്ചയായും അവൻ നിങ്ങൾ പ്രവർത്തിക്കുന്നത് കണ്ടിയുന്നവനാകുന്നു" (41:40).

"നിങ്ങളുടെ സമ്പത്തുക്കളും നിങ്ങളുടെ സന്താനങ്ങളുമൊന്നും നമ്മുടെ അടുക്കൽ നിങ്ങൾക്ക് സാമീപ്യമുണ്ടാക്കിത്തരുന്നവയല്ല. വിശ്വസിക്കുകയും നല്ലത് പ്രവർത്തിക്കുകയും ചെയ്തവർക്കൊഴികെ. അത്തരക്കാർക്ക് തങ്ങൾ പ്രവർത്തിച്ചതിന്റെ ഫലമായി ഇരട്ടി പ്രതിഫലമുണ്ട്. അവർ ഉന്നത സൗധങ്ങളിൽ നിർഭയരായി കഴിയുന്നതുമാണ്" (34:37).

"സൂക്ഷ്മത പാലിച്ചവർ തീർച്ചയായും നിർഭയമായ വാസസ്ഥലത്താകുന്നു. തോട്ടങ്ങൾക്കും അരുവികൾക്കുമിടയിൽ. നേർത്ത പട്ടുതുണിയും കട്ടിയുള്ള പട്ടുതുണിയും അവർ ധരിക്കും. അവർ അന്യോന്യം അഭിമുഖമായിട്ടായിരിക്കും ഇരിക്കുന്നത്. അങ്ങനെയാകുന്നു (അവരുടെ അവസ്ഥ). വിശാലമായ നേത്രങ്ങളുള്ള വെളുത്ത സ്ത്രീകളെ അവർക്ക് ഇണകളായി നൽകുകയും ചെയ്യും. സുരക്ഷിതത്വ ബോധത്തോട് കൂടി എല്ലാവിധ പഴങ്ങളും അവർ അവിടെവെച്ച് ആവശ്യപ്പെട്ടുകൊണ്ടിരിക്കും. ആദ്യത്തെ മരണമല്ലാതെ മറ്റൊരു മരണം അവർക്കവിടെ അനുഭവിക്കേണ്ടതില്ല. നരകശിക്ഷയിൽനിന്ന് അല്ലാഹു അവരെ കാത്തുരക്ഷിക്കുകയും ചെയ്തിരിക്കുന്നു. നിന്റെ രക്ഷിതാവിങ്കൽനിന്നുള്ള ഔദാര്യമത്രെ അത്. അത് തന്നെയാണ് മഹത്തായ ഭാഗ്യം" (ക്വുർആൻ 44:51-57).

വ്യക്തികൾക്കും അവർ അടങ്ങുന്ന സമൂഹത്തിനും ഭയമില്ലാതെ ജീവിക്കാനുള്ള സാഹചര്യം ഐഹികമായ എല്ലാ മേഖലകളിലും പരലോകത്തും ഉണ്ടാവുക. ഇതാണ് അംനിന്റെ ഇസ്‌ലാമിക വീക്ഷണം. മനുഷ്യ ജീവിതത്തിന്റെ എല്ലാ മേഖലകളിലേക്കും ഈ സുരക്ഷയുടെ ചക്രവാളങ്ങൾ വ്യാപിക്കുന്നു. കാരണം ഇസ്‌ലാം സാമൂഹ്യമതമാണ്. അതോടൊപ്പം വ്യക്തിനിഷ്ഠവുമാണ്. അവനവന്റെ കർമഫലമാണ് അവനവൻ അനുഭവിക്കുക.

"...ഭാരം ചുമക്കുന്ന യാതൊരാളും മറ്റൊരാളുടെ ഭാരം ചുമക്കുന്നതല്ല..." (ക്വുർആൻ 6:164).

"കാര്യം നിങ്ങളുടെ വ്യാമോഹങ്ങളനുസരിച്ചല്ല. വേദക്കാരുടെ വ്യാമോഹങ്ങളനുസരിച്ചുമല്ല. ആര് തിന്മ പ്രവർത്തിച്ചാലും അതിന്നുള്ള പ്രതിഫലം അവന്ന് നൽകപ്പെടും. അല്ലാഹുവിന് പുറമെ തനിക്ക് ഒരു മിത്രത്തെയും സഹായിയെയും അവൻ കണ്ടെത്തുകയുമില്ല. ആണാകട്ടെ പെണ്ണാകട്ടെ, ആര് സത്യവിശ്വാസിയായിക്കൊണ്ട് സൽപ്രവൃത്തികൾ ചെയ്യുന്നുവോ അവർ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്. അവരോട് ഒരു തരിമ്പും അനീതി കാണിക്കപ്പെടുന്നതല്ല." (ക്വുർആൻ 4:123,124).

## ബാധ്യതകളിൽ വീഴ്ചവരുത്തരുത്

വ്യക്തിബാധ്യതകളും സമൂഹബാധ്യതകളുമുണ്ട്. വ്യക്തികളും വ്യക്തികളടങ്ങുന്ന സമൂഹവും ബാധ്യതകൾ നിർവഹിക്കുമ്പോൾ സമൂഹം സുരക്ഷിതമാകും. നേരെമറിച്ച് വ്യക്തികൾ തങ്ങളുടെ ബാധ്യതകളിൽ ഉപേക്ഷ വരുത്തുകയും സ്രഷ്ടാവിന്റെയും പ്രവാചകന്റെയും കൽപനാനിർദേശങ്ങൾക്ക് എതിരുപ്രവർത്തിക്കുകയും നിഷിദ്ധമാക്കപ്പെട്ട കാര്യങ്ങളിൽ മുഴുകുകയും ചെയ്താൽ ഇഹപര നിർഭയത്വം വ്യക്തികൾക്ക് നഷ്ടമാകും. സമൂഹത്തിലും അത് വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും.

"പറയുക: തീർച്ചയായും എന്റെ പ്രാർഥനയും എന്റെ ആരാധനാകർമങ്ങളും എന്റെ ജീവിതവും എന്റെ മരണവും ലോകരക്ഷിതാവായ അല്ലാഹുവിന്നുള്ളതാകുന്നു. അവന്ന് പങ്കുകാരേയില്ല. അപ്രകാരമാണ് ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നത്. (അവന്ന്) കീഴ്പെടുന്നവരിൽ ഞാൻ ഒന്നാമനാണ്" (ക്വുർആൻ 6:162,163).

അല്ലാഹുവിന്റെമതത്തിന്റെ സംരക്ഷണം അവൻതന്നെ ഏറ്റെടുത്തിരിക്കുന്നു.

"തീർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തുസൂക്ഷിക്കുന്നതുമാണ്" (ക്വുർആൻ 15:9).

മനുഷ്യന്റ ബാധ്യത എന്താണെന്ന് അല്ലാഹു വ്യക്തമാക്കുന്നു: "...നിങ്ങൾ മതത്തെ നേരാംവണ്ണം നിലനിർത്തുക, അതിൽ നിങ്ങൾ ഭിന്നിക്കാതിരിക്കുക..." (ക്വുർആൻ 42:13).

വ്യക്തികൾക്ക് നിർബന്ധമാക്കപ്പെട്ട കാര്യങ്ങൾ നിർവഹിക്കാതെ മതത്തെ നിലനിർത്തൽ സംഭവ്യമല്ല. മതത്തെ നിലനിർത്താത്തപക്ഷം നിർഭയത്വവും ഉണ്ടാകില്ല.

അല്ലാഹു സൃഷ്ടികളുടെ ആശ്രയം ആവശ്യമല്ലാത്തവനാണ്.

"വല്ലവനും അവിശ്വസിക്കുന്ന പക്ഷം അല്ലാഹു ലോകരെ ആശ്രയിക്കാത്തവനാകുന്നു" (ക്വുർആൻ 3:97).

ഇങ്ങനെയുള്ള അല്ലാഹുവാണ് മാനവരാശിയുടെ ഇഹപര വിജയത്തിനായുള്ള നിയമങ്ങൾ അവതരിപ്പിച്ചിരിക്കുന്നത്. ഇസ്‌ലാമിക ശരീഅത്ത് എല്ലാ നന്മകളും ഉൾക്കൊള്ളുന്നതാണ്. എല്ലാ തിന്മകളെയും നിരാകരിക്കുന്നതുമാണ്.

## നീതിയിൽ നിലകൊള്ളുക

ജനങ്ങൾ നീതിയിൽ നിലകൊള്ളുവാൻ വേണ്ടിയാണ് അല്ലാഹു പ്രവാചകന്മാരെ അയച്ചതും വേദഗ്രന്ഥങ്ങൾ ഇറക്കിയതും:

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിന് വേണ്ടി സാക്ഷ്യം വഹിക്കുന്നവരെന്ന നിലയിൽ കണിശമായി നീതി നിലനിർത്തുന്നവരായിരിക്കണം. അത് നിങ്ങൾക്ക് തന്നെയോ, നിങ്ങളുടെ മാതാപിതാക്കൾ, അടുത്ത ബന്ധുക്കൾ എന്നിവർക്കോ പ്രതികൂലമായിത്തീർന്നാലും ശരി. (കക്ഷി) ധനികനോ, ദരിദ്രനോ ആകട്ടെ, ആ രണ്ട് വിഭാഗത്തോടും കൂടുതൽ ബന്ധപ്പെട്ടവൻ അല്ലാഹുവാകുന്നു. അതിനാൽ നിങ്ങൾ നീതിപാലിക്കാതെ തന്നിഷ്ടങ്ങളെ പിൻപറ്റരുത്. നിങ്ങൾ വളച്ചൊടിക്കുകയോ ഒഴിഞ്ഞുമാറുകയോ ചെയ്യുന്നപക്ഷം തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റിയെല്ലാം സൂക്ഷ്മമമായി അറിയുന്നവനാകുന്നു അല്ലാഹു" (ക്വുർആൻ 4:135).

നമ്മുടെ നാട്ടിൽ കോടികൾ കട്ടവർ മന്ത്രിമാരായി പോലീസ് അകമ്പടിയിൽ സഞ്ചരിക്കുന്നു. രാജ്യത്തിന് ആയിരക്കണക്കിനു കോടികളുടെ കടംവരുത്തി വിദേശരാജ്യങ്ങളിൽ ചിലർ ചേക്കേറുന്നു. അവർക്ക് രാജ്യംവിടാനുള്ള ഒത്താശകൾ ചെയ്തുകൊടുക്കാൻ ഉന്നതങ്ങളിൽ ആളുകളുണ്ട്. എന്നാൽ വിശപ്പടക്കാൻ റൊട്ടി മോഷ്ടിച്ചവർ ജയിലഴികൾക്കുള്ളിൽ കഴിയുന്നു. ചിലർ അക്കാരണത്താൽ ക്രൂരമായി മർദിക്കപ്പെടുന്നു, പലരും കൊല്ലപ്പെടുന്നു. നീതിസമത്വം പ്രഖ്യാപനത്തിലേയുള്ളൂ; പ്രായോഗിക തലത്തിലില്ല എന്നർഥം. ഇത് സമൂഹത്തിലെ പാവപ്പെട്ടവർക്കിടയിൽ അരക്ഷിതബോധം വളർത്തുന്നു എന്ന കാര്യത്തിൽ സംശയമില്ല. സാമ്പത്തികശേഷിയില്ലാത്തവർക്ക് ഒരു രംഗത്തും സുരക്ഷിതത്വമില്ലാത്ത അവസ്ഥ!

അധികാരം കയ്യിൽ കിട്ടിയാൽ സ്വജനപക്ഷപാതിത്വം കാണിക്കുക എന്നത് ഇന്നൊരു ശീലമായി മാറിയിരിക്കുന്നു. എന്നാൽ ഇസ്‌ലാം പഠിപ്പിക്കുന്നത് കാണുക:

"...(കക്ഷി) ധനികനോ ദരിദ്രനോ ആകട്ടെ. ആ രണ്ട് വിഭാഗത്തോടും കൂടുതൽ ബന്ധപ്പെട്ടവൻ അല്ലാഹുവാകുന്നു. അതിനാൽ നിങ്ങൾ നീതിപാലിക്കാതെ തന്നിഷ്ടങ്ങളെ പിൻപറ്റരുത്. നിങ്ങൾ വളച്ചൊടിക്കുകയോ ഒഴിഞ്ഞുമാറുകയോ ചെയ്യുന്നപക്ഷം തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റിയെല്ലാം സൂക്ഷ്മമമായി അറിയുന്നവനാകുന്നു അല്ലാഹു" (ക്വുർആൻ 4:135).

മാതാപിതാക്കളോടും ഇണകളോടും മക്കളോടും മറ്റു കുടുംബാംഗങ്ങളോടും അയൽക്കാരോടും എന്നുവേണ്ട എല്ലാവരോടും നീതിപാലിക്കാൻ ഇസ്‌ലാം അനുശാസിക്കുന്നു. വ്യക്തികളെ നോക്കി നിലപാടെടുക്കുന്നത് ഇസ്‌ലാം അംഗീകരിക്കുന്നില്ല. നബിﷺയെ കഠിനമായി വിമർശിക്കുകയും മാനസികമായി പീഡിപ്പിക്കുകയും ചെയ്തിരുന്നവരായിരുന്നു ജൂതന്മാർ. അവരോട് കൈക്കൊള്ളേണ്ട നിലപാടിനെക്കുറിച്ച് അല്ലാഹു നബിﷺക്ക് നൽകുന്ന ഉത്തരവിൽ ഇപ്രകാരം കാണാം:

"...എന്നാൽ നീ തീർപ്പുകൽപിക്കുകയാണെങ്കിൽ അവർക്കിടയിൽ നീതിപൂർവം തീർപ്പുകൽപിക്കുക. നീതിപാലിക്കുന്നവരെ തീർച്ചയായും അല്ലാഹു സ്നേഹിക്കുന്നു" (ക്വുർആൻ 5:42).

വിഷയാധിഷ്ഠിതമായ തുറന്ന മനസ്സായിരിക്കണം ഓരോ പ്രശ്നത്തോടും മുസ്‌ലിംകൾക്കുണ്ടായിരിക്കേണ്ടത്. ശത്രുക്കളോടുപോലും അനീതി കാണിച്ചുകൂടാ.

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനു വേണ്ടി നിലകൊള്ളുന്നവരും നീതിക്ക് സാക്ഷ്യം വഹിക്കുന്നവരുമായിരിക്കുക. ഒരു ജനതയോടുള്ള അമർഷം നീതിപാലിക്കാതിരിക്കാൻ നിങ്ങൾക്ക് പ്രേരകമാകരുത്. നിങ്ങൾ നീതി പാലിക്കുക. അതാണ് ധർമനിഷ്ഠയോട് ഏറ്റവും അടുത്തത്. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ചെല്ലാം അല്ലാഹു സൂക്ഷ്മമമായി അറിയുന്നവനാകുന്നു" (ക്വുർആൻ 5:8). **(അവസാനിച്ചില്ല)**

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം



അധ്യായം: 55, ഭാഗം 4

# അർറ്വഹ്മാൻ (പരമകാരുണികൻ)

(മദീനയിൽ അവതരിച്ചത്)

56. അവയിൽ ദൃഷ്ടി നിയന്ത്രിക്കുന്നവരായ സ്ത്രീകളുണ്ടായിരിക്കും. അവർക്ക് മുമ്പ് മനുഷ്യനോ, ജിന്നോ അവരെ സ്പർശിച്ചിട്ടില്ല.

57. അപ്പോൾ നിങ്ങൾ ഇരുവിഭാഗത്തിന്റെയും രക്ഷിതാവിന്റെ അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്?

58. അവർ മാണിക്യവും പവിഴവും പോലെയായിരിക്കും.

59. അപ്പോൾ നിങ്ങൾ ഇരുവിഭാഗത്തിന്റെയും രക്ഷിതാവിന്റെ അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്?

60. നല്ല പ്രവൃത്തിക്കുള്ള പ്രതിഫലം നല്ലത് ചെയ്തുകൊടുക്കലല്ലാതെ മറ്റു വല്ലതുമാണോ?

61. അപ്പോൾ നിങ്ങൾ ഇരുവിഭാഗത്തിന്റെയും രക്ഷിതാവിന്റെ അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്?

62. അവ രണ്ടിനും പുറമെ വേറെയും രണ്ടു സ്വർഗത്തോപ്പുകളുണ്ട്.

63. അപ്പോൾ നിങ്ങൾ ഇരുവിഭാഗത്തിന്റെയും രക്ഷിതാവിന്റെ അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്?

64. കടും പച്ചയണിഞ്ഞ രണ്ടുസ്വർഗത്തോപ്പുകൾ.

65. അപ്പോൾ നിങ്ങൾ ഇരുവിഭാഗത്തിന്റെയും രക്ഷിതാവിന്റെ അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്?

66. അവ രണ്ടിലും കുതിച്ചൊഴുകുന്ന രണ്ടു അരുവികളുണ്ട്.

67. അപ്പോൾ നിങ്ങൾ ഇരുവിഭാഗത്തിന്റെയും രക്ഷിതാവിന്റെ അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്?

فِيهِنَّ قَٰصِرَٰتُ ٱلطَّرْفِ لَمْ يَطْمِثْهُنَّ إِنسٌ
قَبْلَهُمْ وَلَا جَآنٌّ ﴿٥٦﴾
فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿٥٧﴾
كَأَنَّهُنَّ ٱلْيَاقُوتُ وَٱلْمَرْجَانُ ﴿٥٨﴾
فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿٥٩﴾
هَلْ جَزَآءُ ٱلْإِحْسَٰنِ إِلَّا ٱلْإِحْسَٰنُ ﴿٦٠﴾
فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿٦١﴾
وَمِن دُونِهِمَا جَنَّتَانِ ﴿٦٢﴾
فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿٦٣﴾
مُدْهَآمَّتَانِ ﴿٦٤﴾
فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿٦٥﴾
فِيهِمَا عَيْنَانِ نَضَّاخَتَانِ ﴿٦٦﴾
فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿٦٧﴾

68. അവ രണ്ടിലും പഴവർഗങ്ങളുണ്ട്. ഈന്തപ്പനകളും ഉറുമാമ്പഴവുമുണ്ട്.

69. അപ്പോൾ നിങ്ങൾ ഇരുവിഭാഗത്തിന്റെയും രക്ഷിതാവിന്റെ അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്?

70. അവയിൽ സുന്ദരികളായ ഉത്തമ തരുണികളുണ്ട്.

71. അപ്പോൾ നിങ്ങൾ ഇരുവിഭാഗത്തിന്റെയും രക്ഷിതാവിന്റെ അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്?

72. കൂടാരങ്ങളിൽ ഒതുക്കിനിർത്തപ്പെട്ട വെളുത്ത തരുണികൾ!

73. അപ്പോൾ നിങ്ങൾ ഇരുവിഭാഗത്തിന്റെയും രക്ഷിതാവിന്റെ അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്?

74. അവർക്ക് മുമ്പ് മനുഷ്യനോ ജിന്നോ അവരെ സ്പർശിച്ചിട്ടില്ല.

75. അപ്പോൾ നിങ്ങൾ ഇരുവിഭാഗത്തിന്റെയും രക്ഷിതാവിന്റെ അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്?

76. പച്ചനിറമുള്ള തലയണകളിലും അഴകുള്ള പരവതാനികളിലും ചാരി കിടക്കുന്നവരായിരിക്കും അവർ.

77. അപ്പോൾ നിങ്ങൾ ഇരുവിഭാഗത്തിന്റെയും രക്ഷിതാവിന്റെ അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്?

78. മഹത്ത്വവും ഔദാര്യവും ഉള്ളവനായ നിന്റെ രക്ഷിതാവിന്റെ നാമം ഉൽകൃഷ്ടമായിരിക്കുന്നു.

فِيهِمَا عَيْنَانِ نَضَّاخَتَانِ ﴿٦٦﴾
فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿٦٧﴾
فِيهِمَا فَٰكِهَةٌ وَنَخْلٌ وَرُمَّانٌ ﴿٦٨﴾
فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿٦٩﴾
فِيهِنَّ خَيْرَٰتٌ حِسَانٌ ﴿٧٠﴾
فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿٧١﴾
حُورٌ مَّقْصُورَٰتٌ فِى ٱلْخِيَامِ ﴿٧٢﴾
فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿٧٣﴾
لَمْ يَطْمِثْهُنَّ إِنسٌ قَبْلَهُمْ وَلَا جَآنٌّ ﴿٧٤﴾
فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿٧٥﴾
مُتَّكِـِٔينَ عَلَىٰ رَفْرَفٍ خُضْرٍ وَعَبْقَرِىٍّ حِسَانٍ ﴿٧٦﴾
فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿٧٧﴾
تَبَٰرَكَ ٱسْمُ رَبِّكَ ذِى ٱلْجَلَٰلِ وَٱلْإِكْرَامِ ﴿٧٨﴾

56-59. (അവയിൽ ദൃഷ്ടി നിയന്ത്രിക്കുന്നവരായ സ്ത്രീകളുമായിരിക്കും) സൗന്ദര്യവും ഭംഗിയുമുള്ള അവർ, തങ്ങളുടെ ഭർത്താക്കന്മാരിൽ മാത്രം കണ്ണുകളെ പരിമിതപ്പെടുത്തും. അവരോടുള്ള അതീവ സ്നേഹമാണത്. അതുപോലെതന്നെ അവരുടെ ഭർത്താക്കന്മാരുടെ കണ്ണുകൾ അവരുടെ ഭംഗിയും സൗന്ദര്യവും ആസ്വാദനവും അതീവ സ്നേഹവും കാരണം അവരിലും പരിമിതമായിരിക്കും. (അവർക്ക് മുമ്പ് മനുഷ്യരോ ജിന്നോ അവരെ സ്പർശിച്ചിട്ടില്ല) അവർക്ക് മുമ്പ് മനുഷ്യരോ ജിന്നോ അവരെ പ്രാപിച്ചിട്ടില്ല. മറിച്ച് അവർ കന്യകകളും സമപ്രായക്കാരും ഭർതൃസ്നേഹമുള്ളവരുമാണ്. ഭർത്താക്കന്മാരെ അനുസരിച്ചും കൊഞ്ചിക്കുഴഞ്ഞും സൗന്ദര്യംകൊണ്ടുമെല്ലാമാണ് അവർ ഭർത്താക്കന്മാർക്ക് ഇഷ്ടപ്പെട്ടവരായത്. (അവർ മാണിക്യവും പവിഴവും പോലെയായിരിക്കും) അവരുടെ കാഴ്ചയും ഭംഗിയും തെളിമയും ശോഭയുമെല്ലാമാണ് ഇവിടെ ഉദ്ദേശ്യം.

60,61. (നല്ല പ്രവൃത്തിക്കുള്ള പ്രതിഫലം നല്ലത് ചെയ്തുകൊടുക്കലല്ലാതെ മറ്റു വല്ലതുമാണോ?) സ്രഷ്ടാവിനെ ശരിയായ രൂപത്തിൽ ആരാധിക്കുകയും മറ്റു മനുഷ്യർക്ക് ഉപകാരം ചെയ്യുകയും ചെയ്തവർക്ക് മഹത്തായ വിജയവും ഉന്നതമായ പ്രതിഫലവും സമാധാനജീവിതവുമല്ലാതെ മറ്റെന്ത് പ്രതിഫലമാണ് നന്മയായി ലഭിക്കുക?

62-69. (അവ രണ്ടിനും പുറമെ വേറെയും രണ്ടു സ്വർഗങ്ങളുണ്ട്) അതിലെ പാത്രങ്ങളും ആഭരണങ്ങളും നിർമിച്ചിട്ടുള്ളത് വെള്ളികൊണ്ടാണ്. അവ രണ്ടിലുമുള്ളതെല്ലാം വലതുപക്ഷക്കാർക്കാണ്. ആ രണ്ടു സ്വർഗവും (കടുംപച്ചയണിഞ്ഞ രണ്ടു തോപ്പുകൾ) മനോഹാരിതകൊണ്ടും കടുംപച്ചകൊണ്ടും അവ ഇരുണ്ടവയാണ്. (അവ രണ്ടിലും കുതിച്ചൊഴുകുന്ന രണ്ട് അരുവികളുണ്ട്) ശക്തിയായി

ഒഴുകുന്നവ. (അവ രണ്ടിലും പഴവർഗങ്ങളുണ്ട്) എല്ലാതരം പഴങ്ങളും; അതിൽ സവിശേഷമായത് ഈത്തപ്പനയും ഉറുമാമ്പഴവുമാണ്. അതിൽ രണ്ടിലുമുള്ള പ്രയോജനത്തെ പരിഗണിച്ചുകൊണ്ടാണിത്.

70-75. (അവയിലുണ്ട്) ആ സ്വർഗങ്ങളിലെല്ലാം. (സുന്ദരികളായ ഉത്തമത്തരുണികൾ). ഉത്തമസ്വഭാവവും സുന്ദരമുഖമുള്ളതും പ്രത്യക്ഷവും പരോക്ഷവുമായ ഭംഗിയും സൃഷ്ടിയിലും സ്വഭാവത്തിലുമുള്ള നന്മയും സമന്വയിപ്പിച്ചവർ. (കൂടാരങ്ങളിൽ ഒതുക്കിനിർത്തപ്പെട്ട വെളുത്ത തരുണികൾ) മുത്തിന്റെ കൂടാരങ്ങളിൽ തടഞ്ഞുവെക്കപ്പെട്ടവർ. അവർ ഒരുങ്ങിനിൽക്കുന്നവരും ഭർത്താക്കന്മാർക്ക് വേണ്ടി അണിഞ്ഞൊരുങ്ങിയവരുമാണ്. തോട്ടങ്ങളിലും സ്വർഗ ഉദ്യാനങ്ങളിലും ഇറങ്ങിവരുന്നതിന് തടസ്സമില്ല. രാജകൊട്ടാരത്തിലെ കുമാരിമാർ ചെയ്യുന്നത് പോലെ. (അവർക്ക് മുമ്പ് മനുഷ്യനോ ജിന്നോ അവരെ സ്പർശിച്ചിട്ടില്ല).

76,77. (പച്ചനിറമുള്ള തലയിണകളും അഴകുള്ള പരവതാനികളും) ഈ രണ്ട് സ്വർഗത്തിലെയും ആളുകൾ പച്ചത്തലയിണകളിൽ ചാരിയിരിക്കുന്നവരായിരിക്കും. ഉന്നതമായ ഇരിപ്പിടങ്ങൾക്ക് താഴെ വിരിക്കുന്ന പരവതാനി, അത് അവരുടെ ഇരിപ്പിടങ്ങളിൽ ധാരാളമുണ്ട്. അവരുടെ ഇരിപ്പിടങ്ങൾക്ക് പിന്നിൽ തലയിണകളുണ്ട്; ആ സദസ്സിന്റെ കാഴ്ചയും വർധിപ്പിക്കാനായി. (അഴകുള്ള പരവതാനികളും) പ്രൗഢമായ ഭംഗിയോടെ നെയ്തുണ്ടാക്കപ്പെട്ടതിനെല്ലാം 'അൽഅബ്ക്വരിയ്യ്' എന്നു പറയാം. തൊടുമ്പോഴുള്ള മാർദവത്വം, കാഴ്ചയിലെ ഭംഗി, നല്ല രൂപം, പൂർണഭംഗി എന്നിവകൊണ്ടെല്ലാം ആദ്യത്തെ രണ്ട് സ്വർഗങ്ങളെക്കാളും ഭംഗിയേറിയതാണ്. അല്ലാഹു തന്നെ അത് പറയുന്നു (അവ രണ്ടിന്നും പുറമെ വേറെയും രണ്ട് സ്വർഗത്തോപ്പുകളുണ്ട്) മറ്റു രണ്ടെണ്ണത്തെ കുറിച്ച് പറഞ്ഞിട്ടില്ലാത്ത പ്രത്യേകതകളാണ് ആദ്യത്തെ രണ്ട് സ്വർഗങ്ങളെ കുറിച്ച് പറഞ്ഞത്.(അവ രണ്ടിലും ഒഴുകിക്കൊണ്ടിരിക്കുന്ന രണ്ട് നദികളുണ്ട്) മറ്റു രണ്ടെണ്ണത്തെപ്പറഞ്ഞപ്പോൾ പറഞ്ഞത്. (അവരണ്ടിലും കുതിച്ചൊഴുകുന്ന നദികളുണ്ട്). ഒഴുകുന്നതും കുതിച്ചൊഴുകുന്നതും തമ്മിൽ വ്യത്യാസമുണ്ട്. അതുപോലെ ആദ്യത്തെ രണ്ട് സ്വർഗങ്ങളെക്കുറിച്ച് പറഞ്ഞപ്പോൾ (പലതരം സുഖൈശ്വര്യങ്ങളുള്ള രണ്ട് സ്വർഗത്തോപ്പുകൾ) എന്നു പറഞ്ഞു. എന്നാൽ മറ്റു രണ്ടെണ്ണത്തെപ്പറ്റി അത് പറഞ്ഞില്ല. (അവ രണ്ടിലും ഓരോ പഴവർഗത്തിൽനിന്നുള്ള രണ്ടിനങ്ങളുണ്ട്) എന്നാണ് ആദ്യ സ്വർഗങ്ങളെ കുറിച്ച് പറഞ്ഞത്. മറ്റു രണ്ടെണ്ണത്തെ കുറിച്ച് പറഞ്ഞപ്പോൾ: (അവ രണ്ടിലും പഴവർഗങ്ങളുണ്ട്. ഈത്തപ്പനകളുണ്ട്. ഉറുമാമ്പഴവുമുണ്ട്). ഇവയുടെ പ്രത്യേകതകൾ പറയുമ്പോൾ വലിയ വ്യത്യാസം ഉണ്ടെന്നർഥം. തുടർന്ന് ആദ്യ രണ്ട് സ്വർഗത്തെക്കുറിച്ച് പറഞ്ഞത് (അവർ ചില മെത്തകളിൽ ചാരിയിരിക്കുന്നവരായിരിക്കും. അവയുടെ ഉൾഭാഗങ്ങൾ കട്ടികൂടിയ പട്ടുകൊണ്ട് നിർമിക്കപ്പെട്ടതായിരിക്കും. ആ രണ്ട് തോപ്പുകളുടെയും കായ്ക്കനികൾ താഴ്ന്ന് നിൽക്കുന്നതായിരിക്കും). എന്നാൽ മറ്റു രണ്ട് സ്വർഗങ്ങളെക്കുറിച്ച് പറഞ്ഞപ്പോൾ ഇതിലും പറഞ്ഞത്: (പച്ചനിറമുള്ള തലയിണകളിലും അഴകുള്ള പരവതാനികളിലും ചാരിക്കിടക്കുന്നവരായിരിക്കും അവർ). ആദ്യ സ്വർഗ്ഗങ്ങളെക്കുറിച്ച പറഞ്ഞപ്പോൾ അവിടെയുള്ള സ്ത്രീകളുടെയും ഇണങ്ങളുടെയും പ്രത്യേകതയായിപ്പറഞ്ഞത്: (അവയിൽ ദൃഷ്ടി നിയന്ത്രിക്കുന്നവരായ സ്ത്രീകളുണ്ടായിരിക്കും. അവർക്ക് മുമ്പ് മനുഷ്യനോ ജിന്നോ അവരെ സ്പർശിച്ചിട്ടില്ല). എന്നാൽ മറ്റു രണ്ട് സ്വർഗങ്ങളെക്കുറിച്ച് പറഞ്ഞത്: (കൂടാരങ്ങളിൽ ഒതുക്കിനിർത്തപ്പെട്ട വെളുത്ത തരുണികൾ). അവയ്ക്കിടയിൽ വ്യത്യാസം ഇവിടെ വ്യക്തമാണ്. ആദ്യ രണ്ട് സ്വർഗങ്ങളെക്കുറിച്ച് പറഞ്ഞത്:(നല്ല പ്രവൃത്തിക്കുള്ള പ്രതിഫലം നല്ലത് ചെയ്തുകൊടുക്കലല്ലാതെ മറ്റുവല്ലതുമാണോ?). ഇതിൽനിന്ന് മനസ്സിലാകുന്നത് ആദ്യ രണ്ട് സ്വർഗം സുകൃതം ചെയ്തവർക്കാണ്. അതിൽ പറഞ്ഞത് മറ്റേതിനെക്കാൾ മുൻഗണന നൽകിയത് അതിന്റെ ശ്രേഷ്ഠതയെക്കുറിക്കുന്നു.

ആദ്യ രണ്ട് സ്വർഗങ്ങൾക്ക് മറ്റു രണ്ടെണ്ണത്തെക്കാളും മഹത്ത്വമുണ്ടെന്ന് ഇതിൽനിന്ന് മനസ്സിലാക്കാം. അവ രണ്ടു തയ്യാറാക്കപ്പെട്ടത് സാമീപ്യം സിദ്ധിച്ച പ്രവാചകന്മാർ, സ്വിദ്ദീക്കുകൾ അല്ലാഹുവിന്റെ സദ്വൃത്തരായ പ്രത്യേക അടിമകൾ മുതലായവർക്കാണ്. രണ്ടാമത് പറഞ്ഞ സ്വർഗങ്ങൾ സത്യവിശ്വാസികൾക്ക് പൊതുവായുള്ളതാണ്. പറയപ്പെട്ട എല്ലാ സ്വർഗങ്ങളിലുമുണ്ട് ഒരുകണ്ണും കാണാത്ത, ഒരുകാതും കേൾക്കാത്ത, ഒരു മനുഷ്യനും ഹൃദയത്തിൽ ചിന്തിക്കാത്തത്. കണ്ണുകൾക്ക് ആനന്ദം നൽകുന്നതും ഹൃദയങ്ങൾ കൊതിക്കുന്നതും അവിടെയുണ്ട്. അവിടുത്തെ താമസക്കാർ അങ്ങേയറ്റം ആശ്വാസത്തിലും സമാധാനത്തിലും സുന്ദര കാഴ്ചകളിലുമായിരിക്കും. ഓരോരുത്തരും തന്നെക്കാൾ നല്ല അവസ്ഥയുള്ളതോ സുഖാനുഗ്രഹങ്ങളിൽ ഉള്ളതോ ആയ മറ്റൊരാളെ കാണുകയില്ല

78. അല്ലാഹുവിന്റെ കാരുണ്യത്തിന്റെ വിശാലതയും നന്മയും പരാമർശിച്ചുകൊണ്ട് അല്ലാഹു പറയുന്നു: (മഹത്ത്വവും ഔദാര്യവും ഉള്ളവനായ രക്ഷിതാവിന്റെ നാമം ഉൽകൃഷ്ടമായിരിക്കുന്നു). ഉന്നത മഹത്ത്വവും സമ്പൂർണ ശ്രേഷ്ഠതയും അതിഔദാര്യവും തന്റെ ആത്മമിത്രങ്ങളോട് കാണിക്കുന്നവന്റെ നന്മ അധികരിച്ചതും മഹത്ത്വമേറിയതും ആകുന്നു. **(അവസാനിച്ചു)**

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

ചരിത്രപഥം



# മുഹമ്മദ് നബിﷺയുടെ സമുദായത്തിന്റെ സവിശേഷത

മുഹമ്മദ് നബിﷺ 19

മുഹമ്മദ് നബിﷺ ലോകർക്ക് കാരുണ്യമായിട്ടാണ് അയക്കപ്പെട്ടത് എന്നത് ക്വുർആൻ വ്യക്തമാക്കിയ കാര്യമാണ്.

"ലോകർക്ക്കാരുണ്യമായിക്കൊണ്ടല്ലാതെ നിന്നെ നാം അയച്ചിട്ടില്ല" (ക്വുർആൻ 21:107).

'ആലമീൻ' എന്നതിനാണ് 'ലോകർ' എന്ന് നാം അർഥം നൽകിയിരിക്കുന്നത്. ഇതിൽ അല്ലാഹുവിന്റെ എല്ലാ പടപ്പുകളും ഉൾപ്പെടുന്നതാണ്. മനുഷ്യരോടും മൃഗങ്ങളോടും പറവകളോടും വൃക്ഷങ്ങളോടും എല്ലാറ്റിനോടും കാരുണ്യമായിരുന്നു നബിﷺക്ക്. അതിനുള്ള പല ഉദാഹരണങ്ങളും ഇതിനകം നാം മനസ്സിലാക്കി.

നബിﷺയെ ദ്രോഹിച്ച അനവധി ആളുകളുണ്ടായിരുന്നു. അവർക്കെതിരിൽ എപ്പോഴും അല്ലാഹുവിനോട് പ്രാർഥിക്കുന്ന സ്വഭാവക്കാരനായിരുന്നില്ല മുഹമ്മദ് നബിﷺ. അവിടുന്ന് അല്ലാഹുവിനോട് തേടിയാൽ ഉത്തരം ഉറപ്പാണല്ലോ. എന്നാലും കാരുണ്യത്തിന്റെ തിരുദൂതൻ അല്ലാഹുവിനോട് അവർക്കെതിരിൽ തേടുന്നവനായിരുന്നില്ല. ചില പ്രത്യേക സാഹചര്യത്തിൽ മാത്രമാണ് നബിﷺ ശത്രുവിനെതിരിൽ പ്രാർഥിച്ചിട്ടുള്ളത്. ശത്രുവിനെതിരിൽ ശാപവർഷം നടത്തുവാനോ, അവരുടെ നാശത്തിന് വേണ്ടി അല്ലാഹുവിനോട് പ്രാർഥിക്കുന്നവനോ ആയിട്ടല്ല മുഹമ്മദ് നബിﷺ നിയോഗിക്കപ്പെട്ടത്. മറിച്ച്, എല്ലാവരോടും കാരുണ്യം കാണിക്കുന്ന, ശത്രുവിനോട് പോലും ഗുണകാംക്ഷയോടെ പെരുമാറിയ, എല്ലാവരിലും നന്മയെ അഭിലഷിക്കുന്ന, കാരുണ്യത്തിന്റെ പ്രതിബിംബമായിരുന്നു മുഹമ്മദ് നബിﷺ.

അബൂഹുറയ്റ﵁യിൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "പറയപ്പെട്ടു: അല്ലാഹുവിന്റെ ദൂതരേ, മുശ്‌രിക്കുകൾക്കെതിരിൽ അവിടുന്ന് ദുആ ചെയ്താലും." നബിﷺ പറഞ്ഞു: "തീർച്ചയായും ഞാൻ ശപിക്കുന്നവനായി അയക്കപ്പെട്ടവനല്ല, നിശ്ചയമായും കാരുണ്യമായിട്ട് മാത്രമാണ് അയക്കപ്പെട്ടത്" (മുസ്‌ലിം).

നബിﷺയിൽ വിശ്വസിച്ചവർക്കും അവിശ്വസിച്ചവർക്കും ഈ കാരുണ്യം പ്രവാചകനാൽ നൽകപ്പെട്ടുകൊണ്ടിരിക്കുകയാണ്. വിശ്വസിക്കുന്നവർക്ക് ആ കാരുണ്യം ഇരുലോകത്തും നൽകപ്പെടുന്നു. അവിശ്വസിക്കുന്നവർക്ക് എങ്ങനെയാണ് നബിﷺ മുഖേന കാരുണ്യം നൽകപ്പെടുന്നത്? മുൻകാല സമുദായങ്ങൾ അവരിലേക്ക് അയക്കപ്പെട്ട പ്രവാചകന്മാരെ നിഷേധിച്ചുതള്ളിയപ്പോൾ അവരെ പലവിധത്തിലുള്ള കെടുതികളിലൂടെയും അല്ലാഹു ഉന്മൂലനം ചെയ്തത് നാം നബിമാരുടെ ചരിത്രത്തിൽനിന്നും മനസ്സിലാക്കിയിട്ടുണ്ട്. എന്നാൽ നബിﷺയിൽ അവിശ്വസിക്കുന്ന ആളുകളെ ഉന്മൂലനം ചെയ്യുമാറുള്ള ശിക്ഷ അവരെ പിടികൂടുകയില്ല. ഇത് നബിﷺയിലൂടെ അവിശ്വാസികൾക്ക് കിട്ടുന്ന കാരുണ്യമാണ്. ഈ കാര്യം മുകളിൽ കൊടുത്തിരിക്കുന്ന ആയത്തിനെ വിശദീകരിച്ചുകൊണ്ട് ഇമാം ത്വബ്‌രി﵀ ഇപ്രകാരം പറയുന്നതായി കാണാം:

ഇബ്നു അബ്ബാസി﵁ൽനിന്ന് നിവേദനം: "അല്ലാഹുവിന്റെ ഗ്രന്ഥത്തിലെ "ലോകർക്ക് കാരുണ്യമായിക്കൊണ്ടല്ലാതെ നിന്നെ നാം അയച്ചിട്ടില്ല" എന്ന വാക്കിനെക്കുറിച്ച് അദ്ദേഹം പറയുന്നു: 'അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവന് ഇഹലോകത്തിലും പരലോകത്തിലും കാരുണ്യം രേഖപ്പെടുത്തപ്പെടും. അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കാത്തവന് (മുൻ)സമുദായങ്ങൾക്ക് ബാധിച്ചിട്ടുള്ള ആഴ്ത്തിക്കളയുന്നതിൽനിന്നും നശിപ്പിക്കുന്നതിൽനിന്നും ആശ്വാസം നൽകപ്പെട്ടിരിക്കുന്നു"(ജാമിഉൽബയാൻ).

ഈ സൂക്തത്തിലെ 'റഹ്‌മത്ത്' എന്ന പദത്തെ വിവരിച്ചുകൊണ്ട് ക്വാദീ ഇയാദ്(റഹി) പറയുന്നത് കാണുക:

"വിശ്വാസികൾക്ക് ഹിദായത്തിന് കാരണമായതിനാൽ (അവിടുന്ന്) കാരുണ്യമായവനായി, കപടവിശ്വാസിക്ക് (അവരെ) കൊന്നുകളയുന്നതിൽനിന്ന് നിർഭയത്വത്തിന് കാരണമായതിനാലും (അവിടുന്ന്) കാരുണ്യവാനായി, (പാടെ ഉന്മൂലനം ചെയ്യുന്ന) ശിക്ഷ പിന്തിപ്പിക്കുന്നതിന് കാരണമായതിനാൽ അവിശ്വാസികൾക്കും (അവിടുന്ന്) കാരുണ്യവനായി (അയക്കപ്പെട്ടിരിക്കുന്നു)" (അശ്ശിഫാ).

അബൂനുഐം അൽഅസ്ബഹാനിയ്യ്(റഹി) പറയുന്നത് കാണുക: "...തീർച്ചയായും അല്ലാഹു അവിടുത്തെ നിയോഗം ലോകർക്ക് കാരുണ്യമാക്കിയിരിക്കുന്നു. അല്ലാഹു പറയുന്നു: 'ലോകർക്ക് കാരുണ്യമായിക്കൊണ്ടല്ലാ

> **എല്ലാവരോടും കാരുണ്യം കാണിക്കുന്ന, ശത്രുവിനോട് പോലും ഗുണകാംക്ഷയോടെ പെരുമാറിയ, എല്ലാവരിലും നന്മയെ അഭിലഷിക്കുന്ന, കാരുണ്യത്തിന്റെ പ്രതിബിംബമായിരുന്നു മുഹമ്മദ് നബിﷺ. നബിﷺയിൽ വിശ്വസിച്ചവർക്കും അവിശ്വസിച്ചവർക്കും കാരുണ്യം പ്രവാചകനാൽ നൽകപ്പെട്ടുകൊണ്ടിരിക്കുകയാണ്. വിശ്വസിക്കുന്നവർക്ക് ആ കാരുണ്യം ഇരുലോകത്തും നൽകപ്പെടുന്നു. മുൻകാല സമുദായങ്ങൾ അവരിലേക്ക് അയക്കപ്പെട്ട പ്രവാചകന്മാരെ നിഷേധിച്ചുതള്ളിയപ്പോൾ അവരെ പലവിധത്തിലുള്ള കെടുതികളിലൂടെയും അല്ലാഹു ഉന്മൂലനം ചെയ്തത് നാം നബിമാരുടെ ചരിത്രത്തിൽനിന്നും മനസ്സിലാക്കിയിട്ടുണ്ട്. എന്നാൽ നബിﷺയിൽ അവിശ്വസിക്കുന്ന ആളുകളെ ഉന്മൂലനം ചെയ്യുമാറുള്ള ശിക്ഷ അവരെ പിടികൂടുകയില്ല. ഇത് നബിﷺയിലൂടെ അവിശ്വാസികൾക്ക് കിട്ടുന്ന കാരുണ്യമാണ്.**

തെ നിന്നെ നാം അയച്ചിട്ടില്ല.' അപ്പോൾ നബിﷺ ജീവിച്ചിരിക്കുന്ന കാലമത്രയും കടുത്ത ശിക്ഷയിൽനിന്ന് നബിﷺയുടെ ശത്രുക്കളെ അല്ലാഹു രക്ഷപ്പെടുത്തിയിരിക്കുന്നു. അതാണ് അല്ലാഹുവിന്റെ ആ വചനം: 'എന്നാൽ നീ അവർക്കിടയിൽ ഉണ്ടായിരിക്കെ അല്ലാഹു അവരെ ശിക്ഷിക്കുന്നതല്ല'(അൻഫാൽ 33). നബിﷺ അവർക്ക് വിവരിച്ചുകൊടുത്ത സത്യമായ (ആ ശിക്ഷക്ക്) അവർ ധൃതിയിൽ ആവശ്യപ്പെടുമ്പോഴും അല്ലാഹു അവരെ ശിക്ഷിച്ചില്ല" (ദലാഇലുന്നുബുവ്വഃ).

ചുരുക്കത്തിൽ നബിﷺ വിശ്വാസികൾക്കും അവിശ്വാസികൾക്കും കപടന്മാർക്കും എല്ലാവർക്കും അനുഗ്രഹവും കാരുണ്യവുമാണ് എന്നാണ് ഈ വചനം നമ്മെ പഠിപ്പിക്കുന്നത്.

നബിﷺയെ വെല്ലുവിളിച്ച, പരിഹസിച്ച, നിഷേധിച്ച പലരെയും അല്ലാഹു പിടികൂടിയിട്ടുണ്ടായിരുന്നു. ചില ഉദാഹരണങ്ങൾ നാം മുമ്പ് മനസ്സിലാക്കി. എന്നാൽ നബിﷺയെ കളവാക്കിയ, നിഷേധിച്ച, പരിഹസിച്ച, വെല്ലുവിളിച്ച നാട്ടുകാരെ മുഴുവനായും അല്ലാഹു പിടികൂടുക എന്ന സമ്പ്രദായം അല്ലാഹു നബിﷺയുടെ സമുദായത്തിൽനിന്ന് എടുത്തുകളഞ്ഞിട്ടുണ്ട്. മുൻകാല സമുദായത്തിന്റെ അവസ്ഥ ഇപ്രകാരമല്ല. അവരെ അല്ലാഹു ഒന്നാകെ നശിപ്പിക്കുന്ന അവസ്ഥയാണ് ഉണ്ടായിരുന്നത്.

നൂഹ്നബിعليه السلامയുടെ ജനതയെപ്പറ്റി ക്വുർആൻ പറയുന്നത് കാണുക:

"എന്നാൽ അവർ അദ്ദേഹത്തെ നിഷേധിച്ചു തള്ളിക്കളഞ്ഞു. അപ്പോൾ അദ്ദേഹത്തെയും അദ്ദേഹത്തിന്റെ കൂടെയുള്ളവരെയും നാം കപ്പലിൽ രക്ഷപ്പെടുത്തുകയും നമ്മുടെ ദൃഷ്ടാന്തങ്ങൾ നിഷേധിച്ചു തള്ളിക്കളഞ്ഞവരെ നാം മുക്കിക്കൊല്ലുകയും ചെയ്തു. തീർച്ചയായും അവർ അന്ധരായ ഒരു ജനതയായിരുന്നു" (ക്വുർആൻ 7:64).

ഹൂദ്നബിعليه السلامയുടെ ജനതയെ നശിപ്പിച്ചതിനെക്കുറിച്ച് ക്വുർആൻ പറയുന്നു:

"അങ്ങനെ അദ്ദേഹത്തെയും അദ്ദേഹത്തിന്റെ കൂടെയുള്ളവരെയും നമ്മുടെ കാരുണ്യംകൊണ്ട് നാം രക്ഷപ്പെടുത്തുകയും നമ്മുടെ ദൃഷ്ടാന്തങ്ങൾ നിഷേധിച്ചുതള്ളുകയും വിശ്വസിക്കാതിരിക്കുകയും ചെയ്തവരെ നാം മുരടോടെ മുറിച്ചുകളയുകയും ചെയ്തു" (ക്വുർആൻ 7:72).

സ്വാലിഹ്നബിعليه السلامയുടെ ജനതയെ നശിപ്പിച്ചതിനെക്കുറിച്ച് ക്വുർആൻ പറയുന്നു:

"അപ്പോൾ ഭൂകമ്പം അവരെ പിടികൂടി. അങ്ങനെ നേരം പുലർന്നപ്പോൾ അവർ തങ്ങളുടെ വീടുകളിൽ കമിഴ്ന്നുവീണ് കിടക്കുന്നവരായിരുന്നു. അനന്തരം സ്വാലിഹ് അവരിൽനിന്ന് പിന്തിരിഞ്ഞുപോയി. അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ, തീർച്ചയായും ഞാൻ നിങ്ങൾക്ക് എന്റെ രക്ഷിതാവിന്റെ സന്ദേശം എത്തിച്ചുതരികയും ആത്മാർഥമായി ഞാൻ നിങ്ങളോട് ഉപദേശിക്കുകയുമുണ്ടായി. പക്ഷേ, സദുപദേശികളെ നിങ്ങൾ ഇഷ്ടപ്പെടുന്നില്ല" (ക്വുർആൻ 7:79)

ലൂത്വ്عليه السلامന്റെ ജനതയെ നശിപ്പിച്ചതിനെ പറ്റി ക്വുർആൻ പറയുന്നത് കാണുക:

"അപ്പോൾ അദ്ദേഹത്തെയും അദ്ദേഹത്തിന്റെ ഭാര്യ ഒഴിച്ചുള്ള കുടുംബക്കാരെയും നാം രക്ഷപ്പെടുത്തി. അവൾ പിന്തിരിഞ്ഞു നിന്നവരുടെ കൂട്ടത്തിലായിരുന്നു. നാം അവരുടെമേൽ ഒരുതരം മഴ വർഷിപ്പിക്കുകയും ചെയ്തു. അപ്പോൾ ആ കുറ്റവാളികളുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന് നോക്കുക" (ക്വുർആൻ 7:84)

എല്ലാ പ്രവാചകന്മാരും അവരുടെ ജനതയെ അല്ലാഹുവിലേക്ക് ക്ഷണിച്ചപ്പോൾ അവരിൽ അധികപേരും അവിശ്വസിക്കുകയും കളവാക്കുകയും കളിയാക്കുകയുമാണ് ചെയ്തത്. അക്കാരണത്താൽ തന്നെ അതാത് ജനതയെ ഭൂമിയിൽനിന്ന് ഉന്മൂലനം ചെയ്യുകയാണ് ചെയ്തത്.

### പരലോകത്തും നേതാവ്

മുഹമ്മദ് നബിﷺ ലോകരിൽ ഉത്കൃഷ്ടനാണല്ലോ. അവിടുത്തെ മഹത്വവും ശ്രേഷ്ഠതയും മറ്റുള്ളവരേക്കാളും അധികമാണ്. മുഹമ്മദ് നബിﷺക്ക് അല്ലാഹു ഈ ലോകത്ത് നൽകിയ വിവിധങ്ങളായ പ്രത്യേകതകൾ നാം മനസ്സിലാക്കുകയുണ്ടായി. പരലോകത്ത് വരുമ്പോൾ അതിലേറെ വമ്പിച്ച സ്ഥാനവും പദവിയുമാണ് നൽകപ്പെടാനിരിക്കുന്നത്. പരലോകത്ത് വരുമ്പോൾ അവിടുന്ന് തന്നെയാണ് മനുഷ്യരുടെ നേതാവ്.

അബൂഹുറയ്റرضي الله عنهയിൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: 'അന്ത്യനാളിൽ ആദം സന്തതികളുടെ നേതാവാകുന്നു ഞാൻ. ആദ്യമായി എന്റെ ക്വബ്റായിരിക്കും പൊട്ടിപ്പിളരുന്നത്. ആദ്യമായി ശുപാർശ നടത്തുന്നവനും ആദ്യമായി ശുപാർശ സ്വീകരിക്കപ്പെടുന്നവനും (ഞാനായിരിക്കും)" (മുസ്‌ലിം).

(തുടരും)

മൂസ സ്വലാഹി, കാര
moosakara001@gmail.com

ലേഖനം



# ബദ്ർ നൽകുന്ന പാഠങ്ങൾ

റമദാൻ മാസം ആഗതമായാൽ സത്യവിശ്വാസികളുടെ മനസ്സിൽ ഓടിയെത്തുന്ന ഒരു സംഭവമാണ് ബദ്ർയുദ്ധം. ഹിജ്റ രണ്ടാം വർഷം റമദാൻ മാസത്തിൽ, ഇസ്‌ലാമിനെ തകർക്കാൻ കച്ചകെട്ടിയിറങ്ങിയവരും മുസ്‌ലിംകളും തമ്മിൽ മദീനക്കടുത്തുള്ള ബദ്റിൽവെച്ചു നടന്ന ഏറെ ചരിത്രപ്രാധാന്യമുള്ള ഒരു യുദ്ധമാണത്. ഇസ്‌ലാമിക ചരിത്രത്തിൽ അല്ലാഹുവിന്റെ നിശ്ചയപ്രകാരം ഏതാനും യുദ്ധങ്ങൾക്ക് നബിﷺയും അനുയായികളും സാക്ഷ്യംവഹിച്ചിട്ടുണ്ടെങ്കിലും അവയിൽ ഏറ്റവും പ്രധാനപ്പെട്ടതും വലുതുമാണ് ബദ്ർ യുദ്ധം. ശത്രുക്കളിൽനിന്ന് നബിﷺക്ക് നേരെയുള്ള പരിഹാസവും ആരോപണങ്ങളും അക്രമവും എതിർപ്പുകളും വർധിച്ച സാഹചര്യത്തിലാണ് ഈ യുദ്ധത്തിന് അല്ലാഹു അനുമതി നൽകിയത്.

> ഏത് അവസ്ഥയിലായിരുന്നാലും ശരി ഒരു സത്യവിശ്വാസി അല്ലാഹുവിനോട് മാത്രം ചോദിക്കേണ്ട കാര്യങ്ങൾ അവനോട് മാത്രമെ ചോദിക്കാവൂ എന്നതിനും അതിലൂടെ മാത്രമെ ആഗ്രഹസാഫല്യം സാധ്യമാവുകയുള്ളൂ എന്നതിനുമുള്ള ഏറ്റവും വലിയ തെളിവാണ് ബദ്റിൽ നടന്ന പ്രാർഥനയും സഹായതേട്ടവും സത്യത്തിന്റെ ആളുകൾക്ക് അല്ലാഹു നൽകിയ വിജയവും. പ്രമാണങ്ങളിൽനിന്നും സ്വീകാര്യമായ ചരിത്രത്തിൽനിന്നും ഈ യുദ്ധത്തെ വായിക്കുന്നവർക്ക് ജീവിതത്തിൽ വെളിച്ചമേകുന്ന ധാരാളം ഗുണപാഠങ്ങൾ ഗ്രഹിക്കാൻ കഴിയും.

## സത്യാസത്യവിവേചനത്തിന്റെ ദിവസം

മുസ്‌ലിംകൾ വിജയം പുൽകിയ ബദ്ർയുദ്ധ ദിനത്തെ 'യൗമുൽ ഫുർക്വാൻ' (സത്യാസത്യവിവേചനത്തിന്റെ ദിവസം) എന്നാണ് ക്വുർആൻ വിശേഷിപ്പിച്ചിട്ടുള്ളത്.

അല്ലാഹു പറയുന്നു: "സത്യാസത്യവിവേചനത്തിന്റെ ദിവസത്തിൽ നമ്മുടെ ദാസന്റെമേൽ നാം അവതരിപ്പിച്ചതിലും നിങ്ങൾ വിശ്വസിച്ചുകഴിഞ്ഞിട്ടുണ്ടെങ്കിൽ അല്ലാഹു ഏതൊരു കാര്യത്തിനും കഴിവുള്ളവനാകുന്നു'' (ക്വുർആൻ 8:41).

'ഏറ്റവും വലിയ പിടുത്തം നാം പിടിക്കുന്ന ദിവസം തീർച്ചയായും നാം ശിക്ഷാനടപടി സ്വീകരിക്കുന്നതാണ്' എന്ന വചനത്തിലെ (44:16) 'അൽ ബത്ശതുൽ കുബ്റാ' (ഏറ്റവും വലിയ പിടുത്തം) എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ബദ്ർ യുദ്ധമാണെന്ന് ഇബ്നു മസ്ഊദ്ؓ അഭിപ്രായപ്പെട്ടതായി കാണാം.

സത്യസന്ധമായും ആത്മാർഥതയോടെയും വിശ്വാസം നിലനിർത്തിയവർക്കാണ് എക്കാലത്തും ശത്രുക്കളിൽനിന്ന് പരീക്ഷണങ്ങൾ നേരിടേണ്ടി വന്നിട്ടുള്ളത്.

നബിﷺ പറഞ്ഞു: "ഏറ്റവും കഠിനമായ പരീക്ഷണം പ്രവാചകന്മാർക്കാണ്. പിന്നെ അവരെ പിൻപറ്റിയവർക്ക്, പിന്നെ അവരെ പിൻപറ്റിയവർക്ക്.'' (ബുഖാരി).

ബദ്റിലേക്ക് പുറപ്പെട്ട നബിﷺക്കും അനുചരന്മാർക്കും ആൾബലവും ആയുധബലവുമല്ല ശക്തി പകർന്നത്. ഇവ രണ്ടും നന്നെ കുറവായിരുന്നു. ആദർശബലമാണ് വിജയത്തിന് തുണയായത്. മുന്നൂറോളം വരുന്ന മുസ്‌ലിം സൈന്യവും ആയിരത്തിലധികം വരുന്ന ശത്രുസൈന്യവും തമ്മിലുണ്ടായ ഏറ്റുമുട്ടലിനെ ഒരു വലിയ ദൃഷ്ടാന്തമായിട്ടാണ് ക്വുർആൻ വിവരിക്കുന്നത്.

അല്ലാഹു പറയുന്നു: "(ബദ്റിൽ) ഏറ്റുമുട്ടിയ ആ രണ്ടു വിഭാഗങ്ങളിൽ തീർച്ചയായും നിങ്ങൾക്കൊരു ദൃഷ്ടാന്തമുണ്ട്. ഒരു വിഭാഗം അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യുന്നു. മറുവിഭാഗമാകട്ടെ സത്യനിഷേധികളും. (അവിശ്വാസികൾക്ക്) തങ്ങളുടെ ദൃഷ്ടിയിൽ അവർ (വിശ്വാസികൾ) തങ്ങളുടെ ഇരട്ടിയുണ്ടെന്നാണ് തോന്നിയിരുന്നത്. അല്ലാഹു താനുദ്ദേശിക്കുന്നവർക്ക് തന്റെ സഹായം കൊണ്ട് പിൻബലം നൽകുന്നു. തീർച്ചയായും കണ്ണുള്ളവർക്ക് അതിൽ ഒരു ഗുണപാഠമുണ്ട്'' (ക്വുർആൻ 3:13).

ഇസ്‌ലാമിക പ്രമാണങ്ങളിൽനിന്നും സ്വീകാര്യമായ ചരിത്രത്തിൽനിന്നും ഈ യുദ്ധത്തെ വായിക്കുന്നവർക്ക് ജീവിതത്തിൽ വെളിച്ചമേകുന്ന ധാരാളം ഗുണപാഠങ്ങൾ ഗ്രഹിക്കാൻ കഴിയും. അവയിൽ ചിലത് സൂചിപ്പിക്കാം.

## ബദ്റീങ്ങൾ പ്രാർഥിച്ചതും സഹായം തേടിയതും ആരോട്?

ഏത് അവസ്ഥയിലായിരുന്നാലും ശരി ഒരു സത്യവിശ്വാസി അല്ലാഹുവിനോട് മാത്രം ചോദിക്കേണ്ട കാര്യങ്ങൾ അവനോട് മാത്രമെ ചോദിക്കാവൂ എന്നതിനും അതിലൂടെ മാത്രമെ ആഗ്രഹസാഫല്യം സാധ്യമാവുകയുള്ളൂ എന്നതിനുമുള്ള ഏറ്റവും വലിയ തെളിവാണ് ബദ്റിൽ നടന്ന പ്രാർഥനയും സഹായതേട്ടവും സത്യത്തിന്റെ ആളുകൾക്ക് അല്ലാഹു നൽകിയ വിജയവും.

അല്ലാഹു പറയുന്നു: "നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് സഹായം തേടിയിരുന്ന സന്ദർഭം (ഓർക്കുക). തുടരെത്തുടരെയായി ആയിരം മലക്കുകളെ അയച്ചുകൊണ്ട് ഞാൻ നിങ്ങൾക്ക് സഹായം നൽകുന്നതാണ് എന്ന് അവൻ അപ്പോൾ നിങ്ങൾക്ക് മറുപടി നൽകി'' (ക്വുർആൻ 8:9).

നബിﷺ ക്വിബ്‌ലക്ക് മുന്നിട്ട് രണ്ട് കൈകളും നീട്ടി 'അല്ലാഹുവേ, എനിക്ക് നൽകിയ വാഗ്ദാനം നീ പൂർത്തിയാക്കേണമേ, അല്ലാഹുവേ ഈ ചെറുസംഘത്തെ നീ നശിപ്പിക്കരുത്' എന്നാണ് തേ

ടിയത്. എന്നാൽ ഈ മാതൃക പിൻപറ്റേണ്ടതിനു പകരം നമ്മുടെ നാട്ടിലെ മുസ്‌ലിംകളിൽ അധികവും ഇതിനുവിരുദ്ധമായി പ്രവർത്തിക്കുന്നതാണ് നാം കാണുന്നത്. ജനങ്ങളെ നേർവഴിയിൽ നയിക്കേണ്ട പണ്ഡിതന്മാർ പ്രവാചക മാതൃകക്ക് വിരുദ്ധമായ സന്ദേശമാണ് ജനങ്ങൾക്ക് നൽകുന്നത്. ബദ്‌റിൽ രക്തസാക്ഷികളായ സ്വഹാബികളുടെ പേരിൽ ഒരു മുസ്‌ലിയാർ എഴുതി വിടുന്നത് കാണുക:

"ഏതേതു പ്രശ്നങ്ങളായിരുന്നാലും ശരി, ഐഹികമാകട്ടെ പാരത്രികമാകട്ടെ, ബദ്‌രീങ്ങളെ വിളിച്ച് സഹായം തേടിയാൽ തീർച്ചയായും സഹായം ലഭിക്കപ്പെടും. ഇസ്‌ലാമിക പ്രമാണങ്ങളിൽ അതിന് മതിയായ രേഖകൾ സ്പഷ്ടമായിരിക്കെ അത് ശിർക്കാണെന്നു പറയുന്നവരുടെ തലക്കാണ് വട്ട്" (ബദ്ർ മൗലിദ് പരിഭാഷയും വിവരണവും, പേജ്: 43).

പ്രമാണങ്ങൾ പഠിപ്പിച്ചതിന് വിപരീതം പ്രവർത്തിക്കുന്നവർ യാതൊരു രേഖയും ചൂണ്ടിക്കാണിക്കാനില്ലാതെയാണ് ഈ അപകടം നിറഞ്ഞ വാദങ്ങൾ ഉന്നയിക്കുന്നതെന്ന് മനസ്സിലാക്കുക.

### ബദ്‌രീങ്ങൾ കാവൽ നൽകുന്നവരോ?

വിശ്വാസികൾ ഏതൊരു നന്മ തീരുമാനിച്ചാലും ഭരമേൽപിക്കേണ്ടത് അല്ലാഹുവിലാണ്. ബദ്‌റിലേക്ക് പുറപ്പെട്ട നബിﷺയും അനുയായികളും അല്ലാഹുവിൽ മാത്രമാണ് തവക്കുലാക്കിയത് അഥവാ ഭരമേൽപിച്ചത്. ആ ബലം തന്നെയാണ് വിജയത്തിന് ഹേതുവായതും. അല്ലാഹു പറയുന്നു: "...അല്ലാഹു സത്യവിശ്വാസികളുടെ കൂടെ തന്നെയാണ്"(ക്വുർആൻ 8:19).

ഒരു വിശ്വാസി അല്ലാഹുവിൽ ഭരമേൽപിച്ചാൽ രക്ഷിതാവായി അല്ലാഹുവിനെ അംഗീകരിക്കുക കൂടിയാണ് ചെയ്യുന്നത്. തവക്കുൽ അല്ലാഹുവിൽ മാത്രമായിരിക്കണമെന്ന ഗുണപാഠം ഉൾക്കൊള്ളേണ്ടതിനു പകരം ബദ്ർ ശുഹദാക്കളുടെമേൽ തവക്കുലാക്കാനാണ് മുസ്‌ലിയാർ പഠിപ്പിക്കുന്നതും വിശ്വസിപ്പിക്കുന്നതും.

"ഞങ്ങളുടെ നാഥാ, ബദ്ർ ശുഹദാക്കളുടെ ബർക്കത്തുകൊണ്ട് ഞങ്ങളുടെ ആശകളെ നിറവേറ്റിത്തരേണമേ.. പരീക്ഷണങ്ങളെയും ക്ലേശങ്ങളെയും തടഞ്ഞുവെക്കേണമേ..ആശീർവാദത്തോടെ ഞങ്ങളെ രക്ഷപ്പെടുത്തേണമേ" എന്ന തേട്ടവും (ബദ്ർ മൗലിദ്, പേജ്: 42) മുസ്‌ലിയാർ പഠിപ്പിക്കുന്നുണ്ട്!

ബദ്ർ ശുഹദാക്കളുടെ നാമങ്ങൾ വീടുകളിൽ എഴുതി കെട്ടിത്തൂക്കിയാൽ അതിലൂടെ കാവൽ ലഭിക്കുമെന്ന് കള്ളക്കഥകളിലൂടെ ഇവർ പ്രചരിപ്പിക്കുന്നു. ബദ്ർ മൗലിദിൽ വന്ന ഒരു കഥ ഇങ്ങനെ വായിക്കാം:

"ഒരാൾ തന്റെ വീട്ടുവാതിലിന്റെ മേലെ കട്ടിലപ്പടിയിൽ ബദ്‌രീങ്ങളുടെ നാമങ്ങൾ എഴുതിവെച്ച് പരിശുദ്ധ ഹജ്ജ് കർമത്തിനായി പുണ്യമക്കയിലേക്ക് യാത്രതിരിച്ചു. മോഷണശ്രമത്തിനിടെ ചില സംസാരവും ആയുധങ്ങളുടെ ചിലമ്പൽ ശബ്ദവും അവർ കേട്ടു. ഉടനെ മോഷ്ടാക്കൾ സ്ഥലം വിട്ടു. രണ്ടാം ദിവസവും മൂന്നാം ദിവസവും മോഷ്ടാക്കൾ പ്രസ്തുത വീട്ടിൽ മോഷണശ്രമം നടത്തിയെങ്കിലും ആദ്യ ദിവസത്തെ അനുഭവം ഉണ്ടായതിനാൽ നിരാശയോടെ മടങ്ങേണ്ടി വന്നു. ആൾതാമസമില്ലാത്ത വീട്ടിലെ ഈ അനുഭവം മോഷ്ടാക്കളെ അത്ഭുതപ്പെടുത്തി. മോഷണശ്രമം അവർ ഉപേക്ഷിച്ചു. വീട്ടുടമസ്ഥൻ പരിശുദ്ധ ഹജ്ജ് കർമം നിർവഹിച്ചു വീട്ടിൽ തിരിച്ചെത്തിയപ്പോൾ മോഷ്ടാക്കൾ അദ്ദേഹത്തെ സമീപിച്ചു ചോദിച്ചു: 'താങ്കൾ ഹജ്ജിനു പുറപ്പെട്ടപ്പോൾ വീടിന്റെ സംരക്ഷണാർഥം എന്തായിരുന്നു ചെയ്തത്? അതൊന്നു പറഞ്ഞു തരണം.' 'വലാ യഊദുഹു ഹിഫ്ദുഹുമാ വഹുവൽ അലിയ്യുൽ അദ്വീം' എന്ന സൂക്തവും ബദ്‌രീങ്ങളുടെ നാമങ്ങളും എഴുതിവെച്ചതല്ലാതെ വേറെയൊന്നും ഞാൻ ചെയ്തിട്ടില്ലെന്ന് വീട്ടുടമസ്ഥൻ മറുപടി

> **റമദാൻ മാസം ആഗതമായാൽ സത്യവിശ്വാസികളുടെ മനസ്സിൽ ഓടിയെത്തുന്ന ഒരു സംഭവമാണ് ബദ്ർയുദ്ധം. ഹിജ്റ രണ്ടാം വർഷം റമദാൻ മാസത്തിൽ, ഇസ്‌ലാമിനെ തകർക്കാൻ കച്ചകെട്ടിയിറങ്ങിയവരും മുസ്‌ലിംകളും തമ്മിൽ മദീനക്കടുത്തുള്ള ബദ്‌റിൽവെച്ചു നടന്ന യുദ്ധമാണത്. ഇസ്‌ലാമിക ചരിത്രത്തിൽ അല്ലാഹുവിന്റെ നിശ്ചയപ്രകാരം ഏതാനും യുദ്ധങ്ങൾക്ക് നബിﷺയും അനുയായികളും സാക്ഷ്യംവഹിച്ചിട്ടുണ്ടെങ്കിലും അവയിൽ ഏറ്റവും പ്രധാനപ്പെട്ടതും വലുതുമാണ് ബദ്ർ യുദ്ധം. ശത്രുക്കളിൽനിന്ന് നബിﷺക്ക് നേരെയുള്ള പരിഹാസവും ആരോപണങ്ങളും അക്രമവും എതിർപ്പുകളും വർധിച്ച സാഹചര്യത്തിലാണ് ഈ യുദ്ധത്തിന് അല്ലാഹു അനുമതി നൽകിയത്.**

പറഞ്ഞു. ഇതുകേട്ട് മോഷ്ടാവ് പറഞ്ഞു: 'മനസ്സിലായി, സംരക്ഷണ മരുന്ന് ലഭിച്ചു. അല്ലാഹുവിന് സ്തുതി" (സുന്നിഅഫ്കാർ, 2015 ജനുവരി).

ഇങ്ങനെയുള്ള നിർമിതകഥകൾ പ്രചരിപ്പിക്കുന്നതുകൊണ്ട് ജനങ്ങൾ ശിർക്കിൽ അകപ്പെടുന്നു എന്നതല്ലേ വാസ്തവം?

### അല്ലാഹുവിന്റെ സഹായം ലഭിക്കുന്നവർ

അല്ലാഹുവിന്റെ അടിമകളെ സഹായിക്കുക എന്നത് അല്ലാഹുവിന്റെ ബാധ്യതയത്രെ. അവൻ ഉദ്ദേശിക്കുന്നവർക്ക് അതവൻ നൽകും. അല്ലാഹു നൽകുന്ന സഹായത്തിന്റെ അവകാശികളാവാൻ അടിമകൾ ചെയ്യേണ്ടത് അവനെയും സഹായിക്കുക എന്നതാണ്. അതായത് മതത്തിന്റെ സംരക്ഷകരാവുക.

അല്ലാഹു പറയുന്നു: "...തന്നെ സഹായിക്കുന്നതാരോ അവനെ തീർച്ചയായും അല്ലാഹു സഹായിക്കും..." (ക്വുർആൻ 22:40).

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സഹായിക്കുന്ന പക്ഷം അവൻ നിങ്ങളെ സഹായിക്കുകയും നിങ്ങളുടെ പാദങ്ങൾ ഉറപ്പിച്ചു നിർത്തുകയും ചെയ്യുന്നതാണ്" (ക്വുർആൻ 47:7).

ബദ്‌റിൽ മുസ്‌ലിം സൈന്യം ദുർബലമായിരുന്നു. വിശ്വാസത്തിന്റെ കാഠിന്യഫലമായി വ്യത്യസ്ത രീതിയിലുള്ള സഹായങ്ങളാണ് അല്ലാഹുവിൽനിന്ന് ലഭ്യമായത്.

അല്ലാഹു പറയുന്നു: "നിങ്ങൾ ദുർബലമായിരിക്കെ ബദ്‌റിൽ വെച്ച് അല്ലാഹു നങ്ങളെ സഹായിച്ചിട്ടുണ്ട്. അതിനാൽ നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക നിങ്ങൾ നന്ദിയുള്ളവരായേക്കാം." (ക്വുർആൻ 3:123).

അല്ലാഹു നൽകിയ സഹായങ്ങളെക്കുറിച്ച് ക്വുർആൻ പറഞ്ഞുതരുന്നുണ്ട്:

ഒന്ന്). മലക്കുകളെ ഇറക്കി സഹായിച്ചു: അല്ലാഹു പറയുന്നു: "(നബിയേ) നിങ്ങളുടെ രക്ഷിതാവ് മൂവായിരം മലക്കുകളെ ഇറക്കിക്കൊണ്ട് നിങ്ങളെ സഹായിക്കുക എന്നത് നിങ്ങൾക്ക് മതിയാവുകയില്ലേ എന്ന് സത്യവിശ്വാസികളോട് നീ പറഞ്ഞിരുന്ന സന്ദർഭം (ഓർക്കുക). (പിന്നീട് അല്ലാഹു വാഗ്ദാനം ചെയ്തു:) അതെ, നിങ്ങൾ ക്ഷമിക്കുകയും സൂക്ഷ്മത പാലിക്കുകയും നിങ്ങളുടെ അടുക്കൽ ശത്രുക്കൾ ഈ നിമിഷത്തിൽതന്നെ വന്നെത്തുകയുമാണെങ്കിൽ നിങ്ങളുടെ രക്ഷിതാവ് പ്രത്യേക അടയാളമുള്ള അയ്യായിരം മലക്കുകൾ മുഖേന നിങ്ങളെ സഹായിക്കുന്നതാണ്. നിങ്ങൾക്കൊരു സന്തോഷവാർത്തയായിക്കൊണ്ടും നിങ്ങളുടെ മനസ്സുകൾ സമാധാനപ്പെടുവാൻ വേണ്ടിയും മാത്രമാണ് അല്ലാഹു ആ പിൻബലം നൽകിയത്. (സാക്ഷാൽ) സഹായം പ്രതാപിയും യുക്തിമാനുമായ അല്ലാഹുവിങ്കൽനിന്നു മാത്രമാകുന്നു" (ക്വുർആൻ 3:124-126).

രണ്ട്). മുസ്‌ലിം സൈന്യം എണ്ണത്തിൽ കുറവായിരുന്നു. ശത്രുക്കൾ നോക്കിയപ്പോൾ തങ്ങളുടെ ഇരട്ടിയുണ്ടെന്ന് തോന്നിക്കുംവിധം മുസ്‌ലിംകളിൽ വർധനയുണ്ടായി. അല്ലാഹു പറയുന്നു: "...(അവിശ്വാസികൾക്ക്) തങ്ങളുടെ ദൃഷ്ടിയിൽ അവർ (വിശ്വാസികൾ) തങ്ങളുടെ ഇരട്ടിയുണ്ടെന്നാണ് തോന്നിയിരുന്നത്..."(ക്വുർആൻ 3:13).

മൂന്ന്). മഴയിറക്കി സഹായിച്ചു. അല്ലാഹു പറയുന്നു: "അല്ലാഹു തന്റെ പക്കൽനിന്നുള്ള മനഃശാന്തിയുമായി നിങ്ങളെ നിദ്രാമയക്കംകൊണ്ട് ആവരണം ചെയ്തിരുന്ന സന്ദർഭം (ഓർക്കുക). നിങ്ങളെ ശുദ്ധീകരിക്കുന്നതിനും നിങ്ങളിൽനിന്ന് പിശാചിന്റെ ദുർബോധനം നീക്കിക്കളയുന്നതിനും നിങ്ങളുടെ മനസ്സുകൾക്ക് കെട്ടുറപ്പ് നൽകുന്നതിനും പാദങ്ങൾ ഉറപ്പിച്ച് നിർത്തുന്നതിനും വേണ്ടി അവൻ നിങ്ങളുടെ മേൽ ആകാശത്തുനിന്ന് വെള്ളം ചൊരിഞ്ഞ് തന്നിരുന്ന സന്ദർഭവും (ഓർക്കുക)" (ക്വുർആൻ 8:11).



നാല്). ശത്രുക്കൾക്ക് അല്ലാഹു ഭയം നൽകി. അല്ലാഹു പറയുന്നു: "നിന്റെ രക്ഷിതാവ് മലക്കുകൾക്ക് ബോധനം നൽകിയിരുന്ന സന്ദർഭം (ഓർക്കുക). ഞാൻ നിങ്ങളുടെ കൂടെയുണ്ട്, അതിനാൽ സത്യവിശ്വാസികളെ നിങ്ങൾ ഉറപ്പിച്ചു നിർത്തുക. സത്യനിഷേധികളുടെ മനസ്സുകളിൽ ഞാൻ ഭയം ഇട്ടുകൊടുക്കുന്നതാണ്..." (ക്വുർആൻ 8:12).

അഞ്ച്). അല്ലാഹു തന്റെ വിജയ വാഗ്ദാനം പൂർത്തിയാക്കി. അല്ലാഹു പറയുന്നു: "സത്യത്തെ സത്യമായി പുലർത്തേണ്ടതിനും അസത്യത്തെ ഫലശൂന്യമാക്കിത്തീർക്കേണ്ടതിനുമത്രെ അത്. ദുഷ്ടന്മാർക്ക് അതെത്ര അനിഷ്ടകരമായാലും ശരി" (ക്വുർആൻ 8:8).

ദൃഢവിശ്വാസമുള്ളവർക്ക് സത്യത്തിൽ ഉറച്ചു നിൽക്കാൻ തുണയാകുന്ന സഹായം അല്ലാഹുവിൽ നിന്ന് ലഭിക്കും എന്നതിനുള്ള ഏറ്റവും വലിയ ഉദാഹരണമാണിത്.

### അഹങ്കാരവും ലോകമാന്യവും ആപത്ത്

അല്ലാഹു വിലക്കിയ രണ്ട് ദുസ്സ്വഭാവങ്ങളാണ് അഹങ്കാരവും ലോകമാന്യവും. സത്യത്തെ നിരാകരിക്കലും ജനങ്ങളെ ചെറുതായി കാണലുമാണ് അഹങ്കാരം. എല്ലാ കാലത്തും പ്രവാചകന്മാർ പ്രധാനമായും നേരിട്ട പരീക്ഷണം അഹങ്കാരികളിൽ നിന്നാണ്. അഹങ്കാരികൾക്ക് എന്നും നാശം മാത്രമെ ഉണ്ടായിട്ടുള്ളൂ. കർമങ്ങളിൽ നിഷ്കളങ്കത ഇല്ലാതാവലാണ് ജനങ്ങളെ കാണിക്കാൻ വേണ്ടി പ്രവർത്തിച്ചാൽ ഉണ്ടാകുന്നത്. അത്തരം പ്രവർത്തനങ്ങൾ അല്ലാഹു ആരിൽനിന്നും സ്വീകരിക്കുകയില്ല. ശത്രുസൈന്യം യുദ്ധത്തിന് പുറപ്പെട്ടത് ഈ രണ്ട് ദുർഗുണങ്ങളും പ്രകടിപ്പിച്ചുകൊണ്ടാണ്. അത് വിശ്വാസികളിൽനിന്ന് ഉണ്ടാകാൻ പാടില്ലെന്ന് അല്ലാഹു താക്കീത് നൽകുന്നുമുണ്ട്. അല്ലാഹു പറയുന്നു:

"ഗർവ്വോട് കൂടിയും ജനങ്ങളെ കാണിക്കാൻ വേണ്ടിയും തങ്ങളുടെ വീടുകളിൽനിന്ന് ഇറങ്ങിപ്പുറപ്പെട്ടവരെപ്പോലെ നിങ്ങളാകരുത്. അല്ലാഹു അവർ പ്രവർത്തിക്കുന്നതെല്ലാം സൂക്ഷ്മമായി അറിയുന്നവനാകുന്നു" (ക്വുർആൻ 8:47).

### പിശാച് മനുഷ്യന്റെ മുഖ്യശത്രു

പിശാച് മനുഷ്യന്റെ മുഖ്യശത്രുവാണെന്ന് സംശയലേശമന്യെ അല്ലാഹു ബോധ്യപ്പെടുത്തിത്തന്ന യുദ്ധമാണ് ബദ്ർ. ചീത്ത പ്രവർത്തനങ്ങളിൽ ആകർഷിച്ച് ചതിയിൽ ചാടിക്കുക എന്നതാണ് പിശാചിന്റെ കുതന്ത്രം. ശത്രുപക്ഷത്തിന് അവരുടെ പ്രവർത്തനങ്ങളെ പൈശാചിക ഭംഗിയാക്കി തോന്നിച്ചു. അവർ ചതിയിൽ അകപ്പെട്ടു, എന്ന് മാത്രമല്ല അവസാനം അവൻ പിന്തിരിയുകയും ചെയ്തു. അല്ലാഹു പറയുന്നു:



"ഇന്ന് ജനങ്ങളിൽ നിങ്ങളെ തോൽപിക്കാൻ ആരും തന്നെയില്ല. തീർച്ചയായും ഞാൻ നിങ്ങളുടെ സംരക്ഷകനായിരിക്കും എന്ന് പറഞ്ഞുകൊണ്ട് പിശാച് അവർക്ക് അവരുടെ ചെയ്തികൾ ഭംഗിയായി തോന്നിച്ച സന്ദർഭവും (ഓർക്കുക). അങ്ങനെ ആ രണ്ടു സംഘങ്ങൾ അന്യോന്യം കണ്ടുമുട്ടിയപ്പോൾ എനിക്ക് നിങ്ങളുമായി ഒരു ബന്ധവുമില്ല. തീർച്ചയായും നിങ്ങൾ കാണാത്ത പലതും ഞാൻ കാണുന്നുണ്ട്. തീർച്ചയായും ഞാൻ അല്ലാഹുവെ ഭയപ്പെടുന്നു. അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനത്രെ എന്ന് പറഞ്ഞുകൊണ്ട് അവൻ (പിശാച്) പിന്മാറിക്കളഞ്ഞു" (ക്വുർആൻ 8;48).

മനുഷ്യന്റെമേൽ ആധിപത്യം സ്ഥാപിക്കാൻ പിശാച് കിണഞ്ഞു ശ്രമിക്കും. ആത്മാർഥതയില്ലാത്ത വിശ്വാസികളെ അവന് പെട്ടെന്ന് പിഴപ്പിക്കുവാൻ സാധിക്കും. അല്ലാഹുവിനോടേ പ്രാർഥിക്കൂ എന്ന ആദർശം മുറുകെ പിടിച്ചതിന്റെ പേരിൽ ബദ്ർ യുദ്ധത്തിൽ പങ്കെടുക്കുകയും രക്തസാക്ഷികളാവുകയും ചെയ്തവരെ വിളിച്ച് തേടുന്ന ദുരവസ്ഥയിലേക്ക് മുസ്‌ലിംകൾ എത്തിനിൽക്കുന്നുവെങ്കിൽ അത് പിശാചിന്റെ വിജയമാണ്. പൈശാചികതയെ തോൽപിക്കാൻ കഴിയുന്ന വിശ്വാസ ദാർഢ്യമാണ് നോമ്പുകൊണ്ട് നാം നേടിയെടുക്കേണ്ടത്.

സലാം സുറുമ എടത്തനാട്ടുകര
salamsuruma@gmail.com



# എന്താ ബീപ്സൗണ്ട് വരാത്തേ?

"സാറേ, എവിടെയാ ഞെക്കേണ്ടത്?"

കന്നിവോട്ടറുടെ ഈ ചോദ്യം പോളിംഗ്സ്റ്റേഷനിൽ ആകെ ചിരിപടർത്തി.

വെപ്രാളത്തോടെ കക്ഷി പോളിംഗ് ബൂത്തിൽ പ്രവേശിച്ചത് എല്ലാവരും ശ്രദ്ധിച്ചിരുന്നു. വിറയലോടെ പോളിംഗ് സ്റ്റേഷനിൽ കയറിവന്ന പതിനെട്ടുകാരനെ കണ്ടപ്പോൾ കള്ളവോട്ടാണോയെന്ന് ഉദ്യോഗസ്ഥർക്ക് സംശയം തോന്നി. രേഖകൾ പരിശോധിച്ചപ്പോൾ യഥാർഥ വോട്ടർതന്നെയെന്ന് ബോധ്യപ്പെട്ടു. വോട്ടിംഗ് മെഷീനിൽ സമ്മതിദാനം രേഖപ്പെടുത്തി വലിയ പരിചയമില്ലാത്തവർക്കായി ചട്ടയിൽ നിർമിച്ച വോട്ടിംഗ് ഡെമോ കാണിച്ച് വിശദീകരിച്ചുകൊടുക്കാൻ ഉദ്യോഗസ്ഥൻ ശ്രമിച്ചുവെങ്കിലും അതെല്ലാം എനിക്ക് അറിയാം എന്ന നാട്യത്തിൽ അദ്ദേഹം രഹസ്യക്യാബിനിൽ കയറി.

നിശ്ചിതസമയം കഴിഞ്ഞിട്ടും വോട്ടിംഗ് പൂർത്തിയായി എന്നതിനുള്ള ബീപ്പ്സൗണ്ട് വന്നില്ല. വോട്ടർ എവിടെയൊക്കെയോ അമർത്തുന്നത് പോളിംഗ് ഉദ്യോഗസ്ഥർക്കും ഏജന്റുമാർക്കും പുറമെനിന്ന് കാണാം. എതിർസ്ഥാനാർഥിയുടെ ചിഹ്നം സ്റ്റിക്കറോ ച്യൂയിംഗമോ വെച്ച് മറയ്ക്കുകയാണോ എന്ന് ചിലർക്ക് സംശയം. സമയം കടന്നുപോകുന്നു. പുറത്ത് വോട്ടർമാരുടെ തരക്കേടില്ലാത്ത ക്യൂ ഉണ്ട്.

സംഗതി പന്തിയല്ലെന്ന് കണ്ടപ്പോൾ പ്രിസൈഡിംഗ് ഓഫീസർ ഇടപെട്ടു. വോട്ടറോട് കാര്യം അന്വേഷിച്ചു. വിയർത്തുകുളിച്ചുകൊണ്ട് വോട്ടിംഗ് കമ്പാർട്ട്മെന്റിൽനിന്നും പുറത്തുവന്ന വോട്ടർ എനിക്ക് വോട്ട് ചെയ്യാൻ അറിയില്ല എന്ന് ചമ്മിയ മുഖത്തോടെ മൊഴിഞ്ഞു. സ്ഥാനാർഥിയുടെ പേരിലോ ചിഹ്നത്തിലോ അമർത്താതെ, അവരുടെപേരിനു നേരെയുള്ള നീലനിറത്തിൽ കാണുന്ന ചെറിയകുഴിയിലാണ് അമർത്തേണ്ടത് എന്ന്, ഡമ്മി വോട്ടിംഗ്ഡെമോവെച്ച്, മുമ്പ് വോട്ടിംഗ് പരിചയപ്പെടുത്താൻ ശ്രമിച്ച ഉദ്യോസ്ഥൻ ക്ലാസ്സെടുത്തുകൊടുത്തു. വോട്ടിംഗിന്റെ ഗുട്ടൻസ് പിടികിട്ടിയ കന്നിവോട്ടർ നിമിഷങ്ങൾകൊണ്ട് വിലയേറിയ വോട്ടവകാശം വിനിയോഗിച്ച് ഒരു യുദ്ധംജയിച്ച പ്രതീതിയോടെ ക്യാബിനിൽനിന്നും ഇറങ്ങിവന്നു.

'ഇതിൽ ചിഹ്നം എവിടെ' എന്നായിരുന്നു ഒരു സീനിയർ സിറ്റിസൺ വോട്ടറുടെ ഉറക്കെയുള്ള ചോദ്യം. ഈ മണ്ഡലത്തിൽ തന്റെ പാർട്ടിക്കാരൻ സ്വതന്ത്ര ചിഹ്നത്തിലാണ് മൽസരിക്കുന്നത് എന്നത് വെപ്രാളത്തിനിടയിൽ കക്ഷി മറന്നുപോയി. മറുപടി കിട്ടാതായപ്പോൾ എത്രാമത്തേതിലാണ് വോട്ട് ചെയ്യേണ്ടത് എന്ന് പോളിംഗ്ഏജന്റുമാരോട് കക്ഷി ഉച്ചത്തിൽ വിളിച്ചുചോദിച്ചതും എല്ലാവരിലും ചിരി പടർത്തി.

വയസ്സേറെച്ചെന്ന ഒരു വോട്ടറെ കമ്പാനിയൻ വോട്ട് എന്ന പേരിലുള്ള ഓപ്പൺ വോട്ട് ചെയ്യിക്കാനായി കൈപിടിച്ചുകൊണ്ട് വന്ന സഹായി ഇളിഭ്യനായതായിരുന്നു മറ്റൊരു അനുഭവം. വോട്ടർക്ക് കാഴ്ചശക്തി വളരെ കുറവാണ് എന്ന് സ്ഥാപിച്ച് വോട്ട് സ്വന്തമായി ചെയ്യാൻ ശ്രമിച്ച സഹായിയോട് 'ഞാൻ കാന്താരിമുളകിന്റെ ഇലയും മുരിങ്ങയിലയും കുറെ കഴിച്ചതാ. കാഴ്ചക്ക് ഒരു കുഴപ്പവുമില്ല. എനിക്ക് നന്നായി കണ്ണുകാണാം' എന്നിങ്ങനെ പഞ്ച് ഡയലോഗുകൾ അടിച്ച് കൂളായി വോട്ടിംഗ് ക്യാബിനിലേക്ക് കയറിയ വോട്ടറും എല്ലാവരെയു രസിപ്പിച്ചു.


ശരിയായി വോട്ട് ചെയ്തുവെങ്കിലും ഉടനെ ബീപ്പ് ശബ്ദം വരാത്തതിനാൽ മെഷീനിൽ കുത്തിപ്പിടിച്ച് ഏറെനേരം നിന്ന വോട്ടർമാർ ഉദ്യോഗസ്ഥൻമാരുടെ ചങ്കിടിപ്പ്കൂട്ടി. വോട്ടിംഗ് മെഷീൻ പണിമുടക്കിയാലുള്ള പൊല്ലാപ്പുകൾ ഉദ്യോഗസ്ഥൻമാർക്കും പോളിംഗ്ഏജന്റുമാർക്കും നന്നായി അറിയാം. വിവിപാറ്റ് മെഷീനിൽ, വോട്ട്ചെയ്ത സ്ഥാനാർഥിയുടെ പേരും ചിഹ്നവും പ്രിന്റ്ചെയ്ത പേപ്പർ ഏഴ് സെക്കന്റ് നേരം താഴേക്കുവീഴാതെ തങ്ങിനിൽക്കും. അത് വീണാലേ ബീപ്സൗണ്ട് വരൂ എന്ന കാര്യം വോട്ടിംഗിനു മുമ്പു തന്നെ വിശദീകരിച്ചുകൊടുത്താണ് വോട്ടിംഗ്മെഷീനിലെ ഞെക്കിപ്പിടുത്തം അവസാനിപ്പിച്ചത്.

## വിട പറയൂ അപശബ്ദങ്ങളോട്,
## കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?



peaceradio
Tune to reality

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio
Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840

RNI NO: KERMAL 2015/64152
Registered NO: KL/CT/225/2019-21

Nerpatham Weekly
Published on
2021 APRIL 23

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

**2021-22**
**രജിസ്ട്രേഷൻ ആരംഭിച്ചു**




- ക്ലാസുകൾ, ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും മാത്രം!!
- ജൂൺ ഒന്നിന് ആറര വയസ് കവിയാത്ത, സ്കൂളിൽ ഒന്നാം ക്ലാസിൽ ചേർന്നവർക്ക് അഡ്മിഷൻ

**രജിസ്റ്റർ ചെയ്യാനുള്ള അവസാന തിയതി: ഏപ്രിൽ 30**

അപേക്ഷകർ, **www.schoolofquran.in** എന്ന വെബ്സൈറ്റിൽ നിന്ന് ഏറ്റവുമടുത്ത സെന്റർ സെലക്ട് ചെയ്ത് ഓൺലൈൻ അപേക്ഷാ ഫോം പൂരിപ്പിക്കുക.

**SCHOOL OF Qura'n**

READ. LEARN. EVOLVE

**Office: Jamia Campus | Mini Ootty**
**Malappuram | Kerala | PIN 676519**

## CENTERS:

KASARAGODE: 8089192273 | KANHANGAD: 9544874747 | THALIPARMBA: 8606776770
KINAVAKKAL: 9495696216 | VADAKARA: 81570 42851 | KAPPAD 9846808230
PARAPPANAGADI: 9544924596 | TIRUR 9633099992 | THOTTASSERYARA: 8606600555
CHATTIPARAMBA: 9496526220 | KOLATHUR: 9447626843 | KOTTAKKAL: 9995798755
EDATHANATTUKARA: 9495467259 | MANJERI: 9846872999 | AREEKODE: 7012902827
EDAKKARA: 9052602690 | VENGIDANGU: 9048869220 | MARANJERY: 7559955255
ERANAKULAM: 9061884888 | KOLLAM 9633540205 | ALAPPUZHA: 9895629378
ATTINGAL: 949771452 | KODUVAYUR: 9656118833 | KOLLAYIL: 9747258263
COIMBATORE: 9080475224 | ERODE: 9942958888 | TIRUNELVELI: 9488063583

www.schoolofquran.in   mail@schoolofquran.in   SchoolOfQuranJamia